# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27

Vol. 17 / Issue 04
April 2026

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)

Let's Rise together to Rebuild the Community



സീറോമലബാർ സമുദായ ശാക്തീകരണ വർഷം - 2026



# ഈസ്റ്റർ മംഗളങ്ങൾ

Scanned with OKEN Scanner

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from
Bishop's House
Manathavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 17 ഏപ്രിൽ 2026 ലക്കം 4**

| | |
|---|---|
| **ഒറ്റപ്രതി 10 രൂപ** | **വാർഷിക വരിസംഖ്യ 120 രൂപ** |




Scanned with OKEN Scanner

# ഉള്ളടക്കം


| | |
|---|---|
| *പൗരോഹിത്യ ആദ്ധ്യാത്മികത- വചനവിചിന്തനങ്ങൾ* | *05* |
| *രൂപതാ കച്ചേരി വാർത്തകൾ* | *11* |
| *ഓഡിറ്റ്* | *12* |
| *വൈദിക സമിതി റിപ്പോർട്ട്* | *18* |
| *പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്* | *20* |
| *പഠനവിഷയം - കുടുംബകൂട്ടായ്മ* | *23* |
| *വൊക്കേഷൻ ക്യാമ്പ്* | *29* |
| *മതബോധനരംഗം* | *30* |
| *ചെറുപുഷ്പ മിഷൻലീഗ്* | *34* |
| *തിരുബാലസഖ്യം* | *40* |
| *Department of Youth Ministry* | *41* |
| *കെ.സി.വൈ.എം* | *43* |
| *കെ.സി.ബി.സി. മദ്യവിരുദ്ധസമിതി* | *50* |
| *കുടുംബപ്രേഷിതത്വം* | *52* |
| *വിൻസെന്റ് ഡി പോൾ സൊസൈറ്റി* | *58* |
| *സാമൂഹ്യ സേവനരംഗം (WSSS)* | *62* |
| *ജീവസ് & കെ.എൽ.എം* | *68* |
| *നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി* | *70* |
| *കത്തോലിക്കാ കോൺഗ്രസ്സ് (AKCC)* | *74* |
| *ബയോവിൻ അഗ്രോ റിസർച്ച്* | *79* |
| *റേഡിയോ മാറ്റൊലി* | *82* |
| *Mary Matha Arts & Science College* | *84* |
| *ഫെഡാർ ഫൗണ്ടേഷൻ* | *88* |
| *കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി* | *90* |
| *ബിഷപ്സ് പ്രോഗ്രാം* | *97* |





Scanned with OKEN Scanner

# പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ
## മിശിഹായുടെ നിയമം
### (തിരുവചനഭാഗം: ഗലാത്തിയാ 6,1–18)

**മല്പാൻ മാത്യു വെള്ളാനിക്കൽ**

അരൂപിയിൽ വ്യാപരിക്കുക, അരൂപിയുടെ ഫലങ്ങൾ പുറപ്പെടുവിക്കുക തുടങ്ങി, ഗലാത്തിയാക്കാർക്കുള്ള ലേഖനത്തിൽ പറഞ്ഞ ഉപദേശങ്ങൾക്കുള്ള പ്രായോഗിക നിർദ്ദേശങ്ങളും അഭിവാദനങ്ങളുമാണ് ഈ ലേഖനഭാഗത്തുള്ളത്. ഈ തിരുവചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. മിശിഹായുടെ നിയമം പൂർത്തിയാക്കുക (6,1–2)
2. സ്വന്തം ചെയ്തികൾ വിലയിരുത്തുക (6,3–5)
3. എല്ലാവർക്കും നന്മ ചെയ്യുക (6,6–10)
4. അന്തിമനിർദ്ദേശങ്ങൾ (6,11–15)
5. അഭിവാദനം (6,16–18)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

**1. മിശിഹായുടെ നിയമം പൂർത്തിയാക്കുക**

*''സഹോദരരേ, ഒരുവൻ എന്തെങ്കിലും തെറ്റിലകപ്പെട്ടാൽ ആത്മീയരായ നിങ്ങൾ സൗമ്യതയോടെ അവനെ വീണ്ടെടുക്കുവിൻ. നിങ്ങളും പ്രലോഭിതരാകാതിരിക്കാൻ ശ്രദ്ധിച്ചുകൊള്ളുവിൻ. പരസ്പരം ഭാരങ്ങൾ വഹിച്ചുകൊണ്ട് മിശിഹായുടെ നിയമം പൂർത്തിയാക്കുവിൻ'' (6,1–2).*

മിശിഹായുടെ നിയമം പൂർത്തിയാക്കുക എന്നത് സ്നേഹത്തിന്റെ നിയമത്തിന്റെ പൂർത്തീകരണമാണ്. ഈശോ നല്കിയ കല്പന, 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണ'മെന്നാണല്ലോ (യോഹ 13,34–35). പുതിയ ഉടമ്പടി ജനതയായ സഭയിലെ എല്ലാ അംഗങ്ങളും പ്രാവർത്തികമാക്കേണ്ട കല്പനയാണ് പരസ്പരസ്നേഹത്തിന്റെ ഈ കല്പന. ഇവിടെ ''പോലെ'' എന്നതിന് 'കാഥോസ്' എന്ന ഗ്രീക്കുപദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിന് 'മാതൃക' എന്നും 'ഉറവിടം' എന്നും അർത്ഥമുണ്ട്. അതായത് ഈശോയുടെ സ്നേഹം നമ്മുടെ സ്നേഹത്തിന് മാതൃകയും ഉറവിടവുമാകണം. നാം ഈശോയുടെ സ്നേഹത്തിൽ നിലനിന്നാലേ, നമുക്ക് ഈശോയെപ്പോലെ സ്നേഹിക്കാൻ സാധിക്കുകയുള്ളൂ. ഗലാത്തിയാ സമൂഹാംഗങ്ങളെല്ലാവരും അപ്രകാരം ഈശോയുടെ സ്നേഹത്തിൽ നിലനിന്നുകൊണ്ട്, പരസ്പരസ്നേഹത്തോടെ, തെറ്റു ചെയ്യുന്നവരെ രക്ഷിക്കുവാൻ ശ്രമിക്കണമെന്ന് പൗലോസ്ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു.

ക്രിസ്തീയസമൂഹത്തിൽ തെറ്റു ചെയ്യുന്നവരുണ്ടാകുവാൻ സാദ്ധ്യതയുണ്ട്. അപ്രകാരം സംഭവിക്കുമ്പോൾ, ആ വ്യക്തിയെ രക്ഷിക്കുവാനാണ് ശ്രമിക്കേണ്ടത്. അതു സമൂഹത്തിനു നേതൃത്വം കൊടുക്കുന്ന അജപാലകരുടെമാത്രം ചുമതലയല്ല. സമൂഹാംഗങ്ങളെല്ലാവരും തെറ്റു ചെയ്യുന്നവരെ തിരുത്താനും തെറ്റിലുൾപ്പെടാതിരിക്കാൻ സഹായിക്കാനും കടപ്പെട്ടിരിക്കുന്നു. അതുപോലെ തന്നെ, അപ്രകാരമുള്ള തെറ്റിൽ ഉൾപ്പെടാതിരിക്കാൻ സമൂഹാംഗങ്ങളെല്ലാം ശ്രദ്ധിക്കുകയും വേണം. മറ്റുള്ളവർ തെറ്റു ചെയ്യുവാൻ ഏതെങ്കിലും തരത്തിൽ കാരണമാകാതിരിക്കാനും സമൂഹാംഗങ്ങൾ ശ്രദ്ധിക്കണം. അപ്രകാരം ഒരു സമൂഹാത്മക ഉത്തരവാദിത്വബോധത്തോടെ ജീവിക്കുവാൻ സഭാംഗങ്ങളെല്ലാവരും ശ്രമിക്കണം. ഇക്കാര്യത്തെക്കുറിച്ച് അജപാലകർ അജഗണങ്ങളെ ബോധവൽക്കരിക്കണം.

**2. സ്വന്തം ചെയ്തികൾ വിലയിരുത്തുക**

*''ഒരുവൻ താൻ ഒന്നുമല്ലാതിരിക്കേ, എന്തോ ആണെന്നു ഭാവിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ വഞ്ചിക്കുന്നു. എന്നാൽ, ഓരോ വ്യക്തിയും സ്വന്തം ചെയ്തികൾ വിലയിരുത്തട്ടെ. അപ്പോൾ അഭിമാനിക്കാനുള്ള വക അവനിൽത്തന്നെയായിരിക്കും, മറ്റുള്ളവരിലായിരിക്കുകയില്ല. എന്തെന്നാൽ ഓരോരുത്തരും സ്വന്തം ഭാരം വഹിച്ചേ മതിയാവൂ'' (6,3-5).*

സ്വന്തം ചെയ്തികളിൽ അഹങ്കരിക്കാതിരിക്കാൻ ശ്ലീഹാ ആവശ്യപ്പെടുന്നു. നമ്മുടെ നേട്ടങ്ങളെ മറ്റുള്ളവരുടെ പ്രവർത്തനങ്ങളോടു താരതമ്യപ്പെടുത്തി അഹങ്കരിക്കുന്നവരാകരുത്. നമ്മുടെ കഴിവുകളെ പൂർണമായും ഉപയോഗപ്പെടുത്തി ചെയ്യാമായിരുന്നവയോടു തുലനം ചെയ്യുമ്പോൾ, നാം ചെയ്യുന്നതിൽ നമുക്ക് അഹങ്കരിക്കാനൊന്നുമില്ല. ഭാരം വഹിക്കുന്നതിനെക്കുറിച്ച് ഈ ലേഖനഭാഗത്ത് പൗലോസ്ശ്ലീഹാ രണ്ടു പ്രാവശ്യം പറയുന്നുണ്ട്. ഒന്ന്, രണ്ടാം വാക്യത്തിൽ: ''പരസ്പരം ഭാരങ്ങൾ വഹിച്ചുകൊണ്ട് മിശിഹായുടെ നിയമം പൂർത്തിയാക്കുവിൻ''. മറ്റൊന്ന് അഞ്ചാം വാക്യത്തിൽ: ''എന്തെന്നാൽ, ഓരോരുത്തരും സ്വന്തം ഭാരം വഹിച്ചേ മതിയാവൂ''. ചില ജീവിതസാഹചര്യങ്ങളിൽ, പുറത്തുനിന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഭാരമായിത്തീരാൻ സാദ്ധ്യതയുണ്ട്. ചില പ്രതിസന്ധികൾ ഭാരമായി ജീവിതത്തിൽ അനുഭവപ്പെടാം. എന്നാൽ മിശിഹായുടെ സ്നേഹത്തിന്റെ നിയമം പ്രായോഗികമാക്കുവാൻ ചില ഭാരങ്ങൾ നാം വഹിക്കേണ്ടി വരും. അവ മറ്റൊരാൾക്കു ചെയ്യുവാൻ സാധിക്കുകയില്ല. അവ നാം തന്നെ വഹിച്ചേ പറ്റൂ.

ഈ ഭാരം സ്വയം പരിശോധനയുടെ ഭാരമാണ്. മിശിഹായുടെ സ്നേഹത്തിന്റെ നിയമമനുസരിച്ച് ജീവിതത്തെ ക്രമീകരി

ക്കുക എന്നത് ഓരോരുത്തരും സ്വയം ചെയ്യേണ്ടതാണ്. മിശിഹാ എന്തിനുവേണ്ടി നമ്മെ വിളിച്ചുവോ, ആ ലക്ഷ്യപ്രാപ്തിക്കു വേണ്ടി ചെയ്യേണ്ട കാര്യങ്ങൾ നാം തന്നെ ചെയ്യണം. ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ പൗലോസ്ശ്ലീഹാ ഇതേപ്പറ്റി പറയുന്നു: ''ഈശോമിശിഹാ എന്നെ സ്വന്തമാക്കിയിരിക്കുന്നു. സഹോദരരേ, ഞാൻ തന്നെ ഇനിയും ഇതു സ്വന്തമാക്കിയെന്നു കരുതുന്നില്ല. എന്നാൽ ഒരു കാര്യം ഞാൻ ചെയ്യുന്നു. എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചിട്ട്, മുമ്പിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു. ഈശോമിശിഹായിലൂടെ ഉന്നതത്തിലേക്കുള്ള ദൈവത്തിന്റെ വിളിയാകുന്ന സമ്മാനത്തിനുവേണ്ടി ഞാൻ ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യുന്നു'' (ഫിലി 3,12-14). മിശിഹായുടെ സ്നേഹം പ്രവർത്തനങ്ങളുടെ പ്രേരകശക്തിയാക്കുവാൻ അജപാലകർ അജഗണങ്ങളെ പരിശീലിപ്പിക്കണം.

**3. എല്ലാവർക്കും നന്മ ചെയ്യുക**

*''വചനം പഠിക്കുന്നവൻ തനിക്കുള്ള എല്ലാ നല്ല വസ്തുക്കളുടെയും പങ്ക് തൻെറ അധ്യാപകനു നൽകണം. നിങ്ങൾക്കു വ്യാമോഹം വേണ്ടാ; ദൈവത്തെ കബളിപ്പിക്കാനാവില്ല. മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യും. എന്തെന്നാൽ, സ്വന്തം ജഡത്തിനായി വിതയ്ക്കുന്നവൻ ജഡത്തിൽനിന്ന് നാശം കൊയ്തെടുക്കും. ആത്മാവിനായി വിതയ്ക്കുന്നവനാകട്ടെ ആത്മാവിൽ നിന്നു നിത്യജീവൻ കൊയ്തെടുക്കും. നന്മ ചെയ്യുന്നതിൽ നമുക്കു മടുപ്പു തോന്നാതിരിക്കട്ടെ. എന്തെന്നാൽ, നമുക്കു മടുപ്പുതോന്നാതിരുന്നാൽ യഥാകാലം വിളവെടുക്കാം. ആകയാൽ, നമുക്ക് അവസരം ലഭിച്ചിരിക്കുന്നതുകൊണ്ട് സകല മനുഷ്യർക്കും, പ്രത്യേകിച്ച്, വിശ്വാസത്താൽ ഒരേ കുടുംബത്തിൽ അംഗങ്ങളായവർക്ക്, നന്മ ചെയ്യാം'' (6,6-10).*

ദൈവത്തിന്റെ വചനമാണ് സഭാസമൂഹത്തെ പടുത്തുയർത്തുന്നത്. ആദിമസഭ രൂപം കൊണ്ടത് പത്രോസിന്റെ നേതൃത്വത്തിലുള്ള ശ്ലീഹന്മാരുടെ വചനപ്രഘോഷണത്തിന്റെ ഫലമായിട്ടാണ്: ''അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസം തന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു'' (ശ്ലീഹ 2,41). അതുപോലെതന്നെ വചനസ്വീകരണം സഭാജീവിതത്തിന്റെ അടിസ്ഥാന സ്വഭാവങ്ങളിലൊന്നാണ്: ''അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു'' (ശ്ലീഹ 2,42). അതുകൊണ്ട് വചനം പഠിപ്പിക്കുന്നവർക്ക് സഭാസമൂഹത്തിൽ വലിയ പ്രാധാന്യമുണ്ട്. അതുകൊണ്ടുതന്നെയായിരിക്കും ''വചനം പഠിക്കുന്നവൻ തനിക്കുള്ള എല്ലാ നല്ല വസ്തുക്കളുടെയും പങ്ക് തന്റെ അദ്ധ്യാപകനു നല്കണം'' എന്ന നിർദ്ദേശം ഈ ലേഖനഭാഗത്തു

കാണുന്നത്. അതുപോലെതന്നെ അരൂപിയിൽ ജനിച്ച്, അരൂപിയാൽ നയിക്കപ്പെട്ടു ജീവിക്കുന്നവരുടെ സമൂഹവുമാണ് സഭ. അതുകൊണ്ട് ആത്മാവിനായി വിതയ്ക്കുന്നവൻ ആത്മാവിൽ നിന്ന് നിത്യജീവൻ കൊയ്തെടുക്കും എന്നും പറയുന്നു. അരൂപിയുടെ ഫലങ്ങൾ ജീവിതത്തിൽ പുറപ്പെടുവിച്ചാൽ, ഇന്നു ജീവനും അവസാനം നിത്യജീവനുമായിരിക്കും പ്രതിഫലം.

വ്യക്തിപരവും സാമൂഹികവുമായ ഫലങ്ങളുള്ള ഒരു ജീവിതശൈലിയാണ് ഗലാത്തിയാക്കാർ നടപ്പിലാക്കേണ്ടതെന്ന് പൗലോസ് ശ്ലീഹാ പറയുന്നു. അതിനാൽ ജഡപ്രകാരമുള്ള ജീവിതം നാശത്തിലേക്കു നയിക്കുമെന്ന തിരിച്ചറിവ് ഗലാത്തിയാക്കാർക്ക് ഉണ്ടാകണമെന്നതാണ് ശ്ലീഹായുടെ അഭ്യർത്ഥന. കർത്താവിൽ ഒന്നാക്കപ്പെട്ടവരുടെ കുടുംബമെന്ന നിലയിലും, വിശ്വാസികളുടെ സമൂഹമെന്ന നിലയിലും, എല്ലാവർക്കും നന്മ ചെയ്യുന്നതിൽ താല്പര്യമുള്ളവരാകുക എന്ന ലക്ഷ്യം മുന്നിട്ടു നില്ക്കണമെന്ന് പൗലോസ് ശ്ലീഹാ അവരെ ഉപദേശിക്കുന്നു. സ്വാർത്ഥതയുള്ളവർക്ക് അരൂപിയിൽ ജനിച്ച് മിശിഹായിൽ ഒന്നാക്കപ്പെട്ടവരുടെ സമൂഹത്തിൽ ഇണങ്ങിച്ചേരുവാൻ സാധിക്കുകയില്ല. എല്ലാവർക്കും നന്മ ചെയ്യുന്ന ജീവിതാഭിമുഖ്യം ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുവാൻ അജപാലകർ അജഗണങ്ങളെ ബോധവൽക്കരിക്കണം.

**4. അന്തിമ നിർദ്ദേശങ്ങൾ**

''എന്റെ സ്വന്തം കൈപ്പടയിൽ എത്ര വലിയ അക്ഷരങ്ങളിലാണ് ഞാൻ എഴുതിയിരിക്കുന്നതെന്നു നോക്കൂ! ശാരീരികമായ ബാഹ്യകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്നവരാണ് പരിച്ഛേദനകർമത്തിനു നിങ്ങളെ നിർബന്ധിക്കുന്നത്. മിശിഹായുടെ കുരിശിനെപ്രതി പീഡിപ്പിക്കപ്പെടാതിരിക്കാൻവേണ്ടി മാത്രമാണ് അവർ അങ്ങനെ ചെയ്യുന്നത്. എന്തെന്നാൽ, പരിച്ഛേദനം സ്വീകരിച്ച അവർപോലും നിയമം അനുസരിക്കുന്നില്ല. എന്നാൽ, നിങ്ങളുടെ ശരീരത്തെക്കുറിച്ച് അവർക്ക് മേന്മ ഭാവിക്കാൻ കഴിയേണ്ടതിനു നിങ്ങളും പരിച്ഛേദിതരായിക്കാണാൻ അവർ ആഗ്രഹിക്കുന്നു. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കുരിശിലല്ലാതെ മറ്റൊന്നിലും മേന്മ ഭവിക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ. അവനെപ്രതി ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു. പരിച്ഛേദനകർമം നടത്തുന്നതിലോ നടത്താതിരിക്കുന്നതിലോ കാര്യമില്ല. പുതിയ സൃഷ്ടിയാവുക എന്നതാണ് പരമപ്രധാനം'' (6,11-15).

പരിച്ഛേദനവാദികൾക്കെതിരായി നാലു കാര്യങ്ങളാണ് പൗലോസ്ശ്ലീഹാ എടുത്തുപറയുന്നത്: 1. ശാരീരികമായ ബാഹ്യകാര്യങ്ങളിൽ ശ്രദ്ധിക്കുന്നവരാണവർ. 2. പരിച്ഛേദനത്തെ അവർ അനുകൂലിക്കുന്നത് മിശിഹായുടെ കുരിശിനെപ്രതി പീഡിപ്പി

ക്കപ്പെടാതിരിക്കാൻ വേണ്ടിയാണ്. 3. അവർ നിയമം അനുസരിക്കുന്നില്ല. 4. അവർ പരിച്ഛേദനവാദികളായത് ഗലാത്തിയാക്കാരുടെ ശരീരത്തെക്കുറിച്ച് അവർക്ക് മേന്മ ഭാവിക്കുവാൻ വേണ്ടിയാണ്. അവരോടുള്ള പൗലോസ്ശ്ലീഹായുടെ സമീപനം വ്യക്തമാണ്. കർത്താവിന്റെ കുരിശിലാണ് ശ്ലീഹാ മേന്മ ഭവിക്കുന്നത്. മിശിഹായിൽ പുതിയ സൃഷ്ടിയുടെ കാലം ഉദിച്ചിരിക്കുന്നു. അതിനാൽ പഴയകാലത്തിന്റെ വിഭാഗീയതകൾക്ക് ഇനി പ്രസക്തിയില്ല. ശ്ലീഹാ ഈശോയുടെ അടയാളങ്ങൾ ധരിച്ചിരിക്കുന്നു. അതിനു വിപരീതമായി അദ്ദേഹത്തിന്റെ എതിരാളികൾ തങ്ങൾ പരിച്ഛേദിതരാണ് എന്നതിലാണ് അഭിമാനിക്കുക.

സാധാരണയായി പൗലോസ്ശ്ലീഹാ തന്റെ ലേഖനങ്ങളുടെ അവസാനം തന്റെ ഒപ്പു മാത്രമേ ഇടാറുള്ളൂ. മറ്റുള്ളവരെക്കൊണ്ട് പറഞ്ഞുകൊടുത്ത് എഴുതിക്കുകയാണ് പതിവ്. എന്നാൽ ഗലാത്തിയാക്കാർക്കുള്ള ലേഖനത്തിന്റെ അവസാനത്തെ ഖണ്ഡിക പൗലോസ് ശ്ലീഹാതന്നെ എഴുതുകയാണ്: "എന്റെ സ്വന്തം കൈപ്പടയിൽ എത്ര വലിയ അക്ഷരങ്ങളിലാണ് ഞാൻ എഴുതിയിരിക്കുന്നതെന്നു നോക്കൂ!" (6,11). ഗലാത്തിയാക്കാരോടുള്ള ശ്ലീഹായുടെ സ്നേഹവും അവരുടെ കാര്യത്തിലുള്ള ഉത്ക്കണ്ഠയുമായിരിക്കാം കാരണം. ശ്ലീഹായുടെ ജീവിതത്തിന്റെയും ദൗത്യത്തിന്റെയും സാധ്യത ശ്ലൈഹിക സഹനങ്ങളാണ് (2 കോറി. 11,23-29) എന്നതു വ്യക്തമാണ്. അത് മിശിഹായോടുള്ള പ്രതിബദ്ധതയുടെ അടയാളവുമാണ്. ഇപ്രകാരം മിശിഹായോടുള്ള പ്രതിബദ്ധതയിൽ വളരാൻ അജപാലകർ അജഗണങ്ങളെ പരിശീലിപ്പിക്കണം.

**5. അഭിവാദനം**

"ഈ നിയമം അനുസരിച്ച് വ്യാപരിക്കുന്ന എല്ലാവർക്കും, അതായത്, ദൈവത്തിന്റെ ഇസ്രായേലിന് സമാധാനവും കാരുണ്യവും ഉണ്ടാകട്ടെ. ഇനിമേൽ ആരും എന്നെ ബുദ്ധിമുട്ടിക്കരുത്. എന്തെന്നാൽ, ഞാൻ എന്റെ ശരീരത്തിൽ ഈശോയുടെ അടയാളങ്ങൾ ധരിക്കുന്നു. സഹോദരരേ, നമ്മുടെ കർത്താവായ ഈശോ മിശിഹായുടെ കൃപ നിങ്ങളുടെ ആത്മാവിനോടുകൂടെ ഉണ്ടായിരിക്കട്ടെ. ആമേൻ" (6,16-18).

പുതിയ സൃഷ്ടിയാവുക എന്നതാണ് പരമപ്രധാനം എന്നു പറഞ്ഞിട്ട്, ദൈവത്തിന്റെ ഇസ്രായേലിന് സമാധാനവും കാരുണ്യവും ഉണ്ടാകട്ടെ എന്ന് പൗലോസ് ശ്ലീഹാ എടുത്തുപറയുന്നു. മിശിഹായിൽ പുതിയ സൃഷ്ടിയുടെ കാലം ഉദിച്ചിരിക്കുന്നു. അതിനാൽ പഴയ കാലത്തിന്റെ വിഭാഗീയതകൾക്ക് ഇനിമേൽ പ്രസക്തിയില്ല. മിശിഹായുടെ അടയാളങ്ങൾ ധരിച്ചിരിക്കുന്നു എന്നതിൽ ശ്ലീഹാ അഭിമാനിക്കുമ്പോൾ, എതിരാളികൾ



Scanned with OKEN Scanner

അതിനു വിപരീതമായി, തങ്ങൾ പരിച്ഛേദിതരാണ് എന്നതിലാണ് അഭിമാനിക്കുന്നത്. മിശിഹായിലായിരിക്കുന്നവർ പുതിയ സൃഷ്ടികളായതിനാൽ പരിച്ഛേദനം അവർക്കു മേന്മ നല്കുന്നില്ല (ഗലാ 3,28; 5,6).

അവസാന അഭിവാദനം പൗലോസ് ശ്ലീഹായും ഗലാത്തിയാക്കാരും തമ്മിലുള്ള ഊഷ്മളബന്ധത്തെ പ്രകടമാക്കുന്ന സാഹോദര്യബന്ധത്തിലധിഷ്ഠിതമാണ്. ഗലാത്തിയാക്കാർ സുവിശേഷത്തിൽനിന്നു വ്യതിചലിച്ചെങ്കിലും അവർ തമ്മിലും അവർക്ക് ശ്ലീഹായുമായുള്ള ബന്ധത്തിലും കുറവു വന്നിട്ടില്ല. ആ പ്രതീക്ഷ നല്കത്തക്കവിധമാണ് പൗലോസ് അവർക്ക് അഭിവാദനം അർപ്പിക്കുന്നത്. ശ്ലീഹായുടെ മറ്റു ലേഖനങ്ങളിലും അഭിവാദന വാക്യങ്ങൾ ചേർത്തിട്ടുണ്ട് (റോമാ 16,20; 1 കോറി 16,23-24; ഫിലി 4,23; 1 തെസ 5,28). ദൈവത്തിന്റെ അനന്ത വിശാലമായ സ്നേഹം അവതീർണമാക്കുവാൻ തന്നെത്തന്നെ ബലിയർപ്പിച്ച ഈശോയുടെ കൃപയാണ് പൗലോസ്ശ്ലീഹാ ആശംസിക്കുക. അതിൽ ഗലാത്തിയാക്കാർ ഉറച്ചുനില്ക്കണമെന്നതാണ് അദ്ദേഹത്തിന്റെ താല്പര്യവും. ദൈവത്തിന്റെ അനന്തമായ സ്നേഹത്തിന്റെ അവതാരമായ മിശിഹായുടെ കൃപയിൽ വിശ്വസിക്കുവാനും അതിൽ നിലനില്ക്കുവാനും അജഗണങ്ങളെ സഹായിക്കുവാൻ അജപാലർക്ക് കടമയുണ്ട്.

**ജീവിതസൂചിക**

1. ഈശോയുടെ സ്നേഹത്തിൽ നിലനിന്നുകൊണ്ട് പരസ്പര സ്നേഹത്തോടെ, തെറ്റു ചെയ്യുന്നവരെ സ്നേഹിക്കാൻ ഞാൻ ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?
2. മിശിഹായുടെ സ്നേഹം പ്രവർത്തനങ്ങളുടെ പ്രേരകശക്തിയാക്കുവാൻ എപ്രകാരമാണ് അജഗണങ്ങളെ ഞാൻ പരിശീലിപ്പിക്കുന്നത്?
3. എല്ലാവർക്കും നന്മ ചെയ്യുന്ന ജീവിതാഭിമുഖ്യമുള്ളവരായി വർത്തിക്കുവാൻ ഞാൻ ജനങ്ങളെ ബോധവൽക്കരിക്കുന്നുണ്ടോ?
4. മിശിഹായോടുള്ള പ്രതിബദ്ധതയിൽ വളരാൻ ഞാൻ ജനങ്ങളെ ഏതു വിധത്തിൽ സഹായിക്കുന്നു?
5. ദൈവത്തിന്റെ വിശാലമായ സ്നേഹത്തിന്റെ അവതാരമായ മിശിഹായുടെ കൃപയിൽ ഞാൻ നിലനില്ക്കുന്നുണ്ടോ?



Scanned with OKEN Scanner

# രൂപതാകച്ചേരി വാർത്തകൾ

**1. സ്നേഹസ്മരണ**

ഏപ്രിൽ 5 ന് ബഹു. തോമസ് തുരുത്തേലച്ചന്റെയും ഏപ്രിൽ 8 ന് ബഹു. പോൾ മണക്കാട്ടുമറ്റം അച്ചന്റെയും, ഏപ്രിൽ 15 ന് ബഹു. ജേക്കബ് നരിക്കുഴി അച്ചന്റെയും, ഏപ്രിൽ 21 ന് ബഹു. അഗസ്റ്റിൻ കണ്ണാടിക്കരയച്ചന്റെയും, ഏപ്രിൽ 29 ന് ബഹു. ജോസഫ് വെട്ടിക്കുഴിച്ചാലിൽ അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**2. മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമ വാർഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തീയതി തിങ്കളാഴ്ചയാണ്. അന്നേ ദിവസം കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 6.45-ന് തിരുകർമ്മങ്ങൾ ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**3. കൈക്കാരന്മാർക്കുള്ള കോഴ്സ് 2026 ഏപ്രിൽ 14**

കൈക്കാരന്മാരായി തെരഞ്ഞെടുക്കപ്പെടുന്നവർ സുരക്ഷിത ചുറ്റുവട്ട സമിതി (Safe Environment Committee) സംഘടിപ്പിക്കുന്ന കോഴ്സിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ ആകണമെന്ന് നിർബന്ധമുണ്ടല്ലോ. ഇപ്രാവശ്യത്തെ കൈക്കാരൻമാർക്കുള്ള കോഴ്സ് ഏപ്രിൽ 14 ബുധനാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. ഈ കോഴ്സിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റിന്റെ ഒരു കോപ്പി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**4. വൈദികവസ്ത്ര സ്വീകരണം**

ബിരുദാനന്തര ബിരുദമോ റീജൻസിയോ കഴിഞ്ഞ് ദൈവശാസ്ത്ര പഠനത്തിനായി തയ്യാറെടുക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് മെയ് 9 ശനിയാഴ്ച്ച രൂപതാ മൈനർ സെമിനാരിയിൽ വച്ച് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് വൈദികവസ്ത്രം നൽകുന്നതായിരിക്കും.



Scanned with OKEN Scanner

## ഓഡിറ്റിംഗ്

പ്രിയമുള്ളവരേ,

നമ്മുടെ രൂപതയിലെ 2025-2026 വർഷത്തെ ഇടവകകളുടെ ഓഡിറ്റിംഗ് ഏപ്രിൽ 20 മുതൽ 29 വരെയും, സ്ഥാപനങ്ങളുടേയും പ്രസ്ഥാനങ്ങളുടേയും ഓഡിറ്റിംഗ് ഏപ്രിൽ 30 മെയ് 1 ദിവസങ്ങളിലും ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തപ്പെടുന്നു. നിലമ്പൂർ, മണിമൂളി റീജണിലെ പള്ളികളുടെ ഓഡിറ്റിംഗ് മെയ് 2 ശനിയാഴ്ച്ച മണിമൂളി റീജണൽ പാസ്റ്ററൽ സെന്ററിൽ വച്ചുമായിരിക്കും നടത്തപ്പെടുക.

ഓഡിറ്റിംഗിനായി വരുമ്പോൾ കഴിഞ്ഞ വർഷം ഓഡിറ്റേഴ്സ് നൽകിയ നിർദ്ദേശങ്ങൾ അനുസരിച്ച് വേണ്ട രേഖകൾ ഹാജരാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇടവകകളുടെ പൊതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി കൊണ്ടുവരേണ്ട തിയ്യതികൾ താഴെ ചേർത്തിട്ടുണ്ട്.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കു ശേഷം എന്നിങ്ങനെയേ സമയം ക്രമീകരിച്ചിട്ടുള്ളു. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയും ഉച്ചയ്ക്കു ശേഷം കിട്ടിയിരിക്കുന്നവർ ഉച്ചകഴിഞ്ഞ് 2 മണിയോടുകൂടിയും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം വളരെ അത്യാവശ്യമായി വന്നാൽ രൂപതാ ഓഫീസിൽ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്. **ഇടവകയുടെ പൊതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി വരുമ്പോൾ താഴെ പറയുന്ന രേഖകൾ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്:**

വികാരി ജനറാളിന്റെ വിലയിരുത്തലിന്:

1. വാർഷിക തെരട്ട്ബുക്ക്
2. വാർഷിക പൊതുയോഗ മിനിട്സിന്റെ പകർപ്പ്
3. 2026-2027 വർഷത്തിലേക്കുള്ള അംഗികരിച്ച ബഡ്ജറ്റ്
4. വാർഷികതെരട്ടിന്റെ 2 കോപ്പികൾ
5. 10 ശതമാനം രൂപതാ വിഹിതം അടച്ചതിന്റെ രസീത്
6. കൈക്കാരൻമ്മാരുടെ പ്രതിജ്ഞാപത്രം
7. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിന്റെ വാർഷിക മെയിന്റനസ് ചാർജ്ജ് അടച്ചതിന്റെ രസീത്
8. Teclesia - Fee & AMC അടച്ചതിന്റെ രസീത്

**ഓഡിറ്റേഴ്സിന്റെ പരിശോധനയ്ക്ക്:**

1. Online ആയി account ചെയ്തതിന്റെ Print out
    - Daybook (നാൾവഴി)

• Ledger

• Annual statement of Receipt and Payment - 2 കോപ്പി (1 കോപ്പി Ledger ന്റെ കൂടെ bind ചെയ്യണം, 1 കോപ്പി ഓഡിറ്റേഴ്സിന് നൽകുവാൻ)

2. പാസ്ബുക്കുകൾ/ ബാങ്ക് സ്റ്റേറ്റ്മെന്റ്
3. ചെക്കുബുക്കുകൾ
4. ബില്ലുകൾ, വൗച്ചറുകൾ, രസീത്കുറ്റികൾ
5. FD രസീതുകൾ
6. 10,000 രൂപയ്ക്ക് മുകളിൽ പണമായി നൽകിയതിന്റെ വിവരങ്ങൾ
7. TDS അടച്ചതിന്റെ രേഖകൾ
8. 2,00,000- വും അതിന് മുകളിലുമുള്ള തുക പണമായി കൈപ്പറ്റിയതിന്റെ വിവരങ്ങൾ

അതോടൊപ്പം തന്നെ ചുരുക്കം ചില ഇടവകകളിൽ പള്ളിയുടെ ഭൂനികുതിയും, വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ നികുതിയും, മറ്റ് നികുതികളും വർഷങ്ങളായി അടച്ചിട്ടില്ലെന്ന് കാണുന്നു. വികാരിയച്ചൻമാർ മുൻകൈ എടുത്ത് പ്രസ്തുത നികുതികൾ എത്രയും വേഗം അടച്ച് രസീത് പള്ളി ഫയലിൽ സൂഷിക്കേണ്ടതും ഒരു കോപ്പി ഓഡിറ്റിംഗിനു വരുമ്പോൾ രൂപതാ ഓഫിസിൽ ഏൽപ്പിക്കേണ്ടതുമാണ്.

നീലഗിരി റീജിയണിലുള്ള പള്ളികളുടെ കണക്കുകൾ ഓഡിറ്റർ ശ്രീ. ജോൺ മാത്യുവിന്റെ ഊട്ടിയിലോ, ഗൂഡല്ലൂരോ ഉള്ള ഓഫിസുകളിൽ നേരത്തെ തന്നെ ഓഡിറ്റിംഗിന് കൊടുക്കുന്നത് സൗകര്യപ്രദമായിരിക്കുമെന്ന് ഓഡിറ്റർ അറിയിച്ചിട്ടുണ്ട്. ആണ്ടുതെരട്ട് പരിശോധനയും പൊതുയോഗ തീരുമാനങ്ങളുടെ അംഗീകാരവും ഏപ്രിൽ 29 ന് സേക്രട്ട്ഹാർട്ട് റീജണൽ സെന്ററിൽ വച്ച് ആയിരിക്കും (അധികാരിവയൽ, ഗൂഡല്ലൂർ) നടക്കുന്നത്.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു**

| **മുള്ളൻകൊല്ലി ഫൊറോന** | **ഏപ്രിൽ 20 തിങ്കൾ** |
|---|---|
| 1. ആടിക്കൊല്ലി | രാവിലെ 9 മുതൽ |
| 2. അമരക്കുനി | രാവിലെ 9 മുതൽ |
| 3. ഇരുളം | രാവിലെ 9 മുതൽ |
| 4. കബനിഗിരി | രാവിലെ 9 മുതൽ |
| 5. മരകാവ് | രാവിലെ 9 മുതൽ |
| 6. മരക്കടവ് | രാവിലെ 9 മുതൽ |
| 7. പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ |
| 8. പുൽപ്പള്ളി | രാവിലെ 9 മുതൽ |
| 9 സീതാമൗണ്ട് | രാവിലെ 9 മുതൽ |
| 10 വാളാഞ്ചരി | രാവിലെ 9 മുതൽ |

| | |
|---|---|
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 20 തിങ്കൾ** |
| 1. പാറത്തോട്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. പേരിയ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. പോരൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. പുതിയിടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 21 ചൊവ്വ** |
| 1. പയ്യംപള്ളി | രാവിലെ 9 മുതൽ |
| 2. അപ്പപ്പാറ | രാവിലെ 9 മുതൽ |
| 3. ആറാട്ടുത്തറ | രാവിലെ 9 മുതൽ |
| 4. ബാവലി | രാവിലെ 9 മുതൽ |
| 5. എടയൂർക്കുന്ന് | രാവിലെ 9 മുതൽ |
| 6. കമ്മന | രാവിലെ 9 മുതൽ |
| 7. കാട്ടിക്കുളം | രാവിലെ 9 മുതൽ |
| 8. മാർട്ടിൻനഗർ | രാവിലെ 9 മുതൽ |
| 9. പടമല | രാവിലെ 9 മുതൽ |
| 10. പനവല്ലി | രാവിലെ 9 മുതൽ |
| 11. തൃശ്ശിലേരി | രാവിലെ 9 മുതൽ |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 21 ചൊവ്വ** |
| 1. തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. മാനന്തവാടി ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 22 ബുധൻ** |
| 1. നടവയൽ | രാവിലെ 9 മുതൽ |
| 2. കുറുമ്പാലക്കോട്ട | രാവിലെ 9 മുതൽ |
| 3. നെയ്ക്കുപ്പ | രാവിലെ 9 മുതൽ |
| 4. പറളിക്കുന്ന് | രാവിലെ 9 മുതൽ |
| 5. വാളവയൽ | രാവിലെ 9 മുതൽ |
| 6. അരിഞ്ചേർമല | രാവിലെ 9 മുതൽ |
| 7. ചെറുകാട്ടൂർ | രാവിലെ 9 മുതൽ |
| 8. ചുണ്ടക്കര | രാവിലെ 9 മുതൽ |
| 9. കല്ലുവയൽ | രാവിലെ 9 മുതൽ |
| 10. കണിയാമ്പറ്റ | രാവിലെ 9 മുതൽ |
| 11. കേണിച്ചിറ | രാവിലെ 9 മുതൽ |
| 12. പനമരം | രാവിലെ 9 മുതൽ |
| 13. കൂളിവയൽ | രാവിലെ 9 മുതൽ |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 22 ബുധൻ** |
| 1. വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ |



Scanned with OKEN Scanner

| | |
|---|---|
| 2. ബോയ്സ്ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. പ്രശാന്തിഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **ബത്തേരി ഫൊറോന** | **ഏപ്രിൽ 23 വ്യാഴം** |
| 1. അമ്പലവയൽ | രാവിലെ 9 മുതൽ |
| 2. ചീങ്ങവല്ലം | രാവിലെ 9 മുതൽ |
| 3. ചിത്രഗിരി | രാവിലെ 9 മുതൽ |
| 4. ചുള്ളിയോട് | രാവിലെ 9 മുതൽ |
| 5. കടൽമാട് | രാവിലെ 9 മുതൽ |
| 6. കരണി | രാവിലെ 9 മുതൽ |
| 7. മീനങ്ങാടി | രാവിലെ 9 മുതൽ |
| 8. കല്ലുമുക്ക് | രാവിലെ 9 മുതൽ |
| 9. പഴൂർ | രാവിലെ 9 മുതൽ |
| 10. സു.ബത്തേരി | രാവിലെ 9 മുതൽ |
| 11. മൂലങ്കാവ് | രാവിലെ 9 മുതൽ |
| 12. തോമാട്ടുചാൽ | രാവിലെ 9 മുതൽ |
| 13. വടക്കനാട് | രാവിലെ 9 മുതൽ |
| 14. വാകേരി | രാവിലെ 9 മുതൽ |
| **ചുങ്കക്കുന്ന് ഫൊറോന** | **ഏപ്രിൽ 24 വെള്ളി** |
| 1. അടക്കാത്തോട് | രാവിലെ 9 മുതൽ |
| 2. അമ്പായത്തോട് | രാവിലെ 9 മുതൽ |
| 3. ചുങ്കക്കുന്ന് | രാവിലെ 9 മുതൽ |
| 4. കേളകം | രാവിലെ 9 മുതൽ |
| 5. കൊട്ടിയൂർ | രാവിലെ 9 മുതൽ |
| 6. നെല്ലിയോടി | രാവിലെ 9 മുതൽ |
| 7. ഒറ്റപ്ലാവ് | രാവിലെ 9 മുതൽ |
| 8. പാൽചുരം | രാവിലെ 9 മുതൽ |
| 9. ശാന്തിഗിരി | രാവിലെ 9 മുതൽ |
| 10. വെള്ളൂന്നി | രാവിലെ 9 മുതൽ |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 24 വെള്ളി** |
| 1. ആലാറ്റിൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. ഏലപ്പീടിക | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. കരിമാനി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. കുറ്റിമൂല | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. മാനന്തവാടി കത്തീഡ്രൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **ദ്വാരക ഫൊറോന** | **ഏപ്രിൽ 25 ശനി** |
| 1. മംഗലശ്ശേരി | രാവിലെ 9 മുതൽ |
| 2. മൊതക്കര | രാവിലെ 9 മുതൽ |
| 3. തോണിച്ചാൽ | രാവിലെ 9 മുതൽ |



Scanned with OKEN Scanner

| | |
|---|---|
| 4. വെള്ളമുണ്ട | രാവിലെ 9 മുതൽ |
| 5. വിളമ്പുകണ്ടം | രാവിലെ 9 മുതൽ |
| 6. ചുള്ളിയാന | രാവിലെ 9 മുതൽ |
| 7. ദ്വാരക | രാവിലെ 9 മുതൽ |
| 8. കാരയ്ക്കാമല | രാവിലെ 9 മുതൽ |
| 9. കൊമ്മയാട് | രാവിലെ 9 മുതൽ |
| 10. കൂളിവയൽ | രാവിലെ 9 മുതൽ |
| **കല്ലോടി ഫൊറോന** | **ഏപ്രിൽ 25 ശനി** |
| 1. ദീപ്തിഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. എള്ളുമന്ദം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. ജൂഡ്സ്മൗണ്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. കല്ലോടി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. കുഞ്ഞോം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 6. മക്കിയാട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **തരിയോട് ഫൊറോന** | **ഏപ്രിൽ 28 ചൊവ്വ** |
| 1. തരിയോട് | രാവിലെ 9 മുതൽ |
| 2. ചെന്നലോട് | രാവിലെ 9 മുതൽ |
| 3. കാവുംമന്ദം | രാവിലെ 9 മുതൽ |
| 4. കോട്ടത്തറ | രാവിലെ 9 മുതൽ |
| 5. കുറുമ്പാല | രാവിലെ 9 മുതൽ |
| 6. കുറുമണി | രാവിലെ 9 മുതൽ |
| 7. മംഗളം | രാവിലെ 9 മുതൽ |
| 8. പന്തിപ്പൊയിൽ | രാവിലെ 9 മുതൽ |
| 9. മഞ്ഞൂറ | രാവിലെ 9 മുതൽ |
| 10. പുതുശ്ശേരിക്കടവ് | രാവിലെ 9 മുതൽ |
| **കല്ലോടി ഫൊറോന** | **ഏപ്രിൽ 28 ചൊവ്വ** |
| 1. പുതുശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. പുതിയിടംക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. വഞ്ഞോട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. വാളേരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. കരിമ്പിൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 6. നിരവിൽപുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **കൽപ്പറ്റ ഫൊറോന** | **ഏപ്രിൽ 29 ബുധൻ** |
| 1. കൽപ്പറ്റ | രാവിലെ 9 മുതൽ |
| 2. വാഴവറ്റ | രാവിലെ 9 മുതൽ |
| 3. തെനേരി | രാവിലെ 9 മുതൽ |
| 4. നെടുമ്പാല | രാവിലെ 9 മുതൽ |
| 5. കളത്തുവയൽ | രാവിലെ 9 മുതൽ |
| 6. റിപ്പൺ | രാവിലെ 9 മുതൽ |

7. കൊളവയൽ രാവിലെ 9 മുതൽ
8. എടപ്പെട്ടി രാവിലെ 9 മുതൽ
9. വൈത്തിരി രാവിലെ 9 മുതൽ
10. ചാരിറ്റി രാവിലെ 9 മുതൽ
11. ലക്കിടി രാവിലെ 9 മുതൽ
12. ഒലിവുമല രാവിലെ 9 മുതൽ
13. ചൂരൽമല രാവിലെ 9 മുതൽ
14. പുഴമുടി രാവിലെ 9 മുതൽ
15. തൃക്കൈപ്പറ്റ രാവിലെ 9 മുതൽ

**നിലമ്പൂർ ഫൊറോന മെയ് 2 ശനി (മണിമൂളി പാസ്റ്ററൽസെന്റർ)**

1. നിലമ്പൂർ രാവിലെ 9 മുതൽ
2. ചോക്കാട് രാവിലെ 9 മുതൽ
3. ഇടിവണ്ണ രാവിലെ 9 മുതൽ
4. മൂലേപ്പാടം രാവിലെ 9 മുതൽ
5. മുട്ടിയേൽ രാവിലെ 9 മുതൽ
6. പൂക്കോട്ടുംപ്പാടം രാവിലെ 9 മുതൽ
7. പൂളപ്പാടം രാവിലെ 9 മുതൽ
8. റൂബിനഗർ രാവിലെ 9 മുതൽ
9. റ്റി.കെ.കോളനി രാവിലെ 9 മുതൽ
10. തേൾപ്പാറ രാവിലെ 9 മുതൽ
11. വടപുറം രാവിലെ 9 മുതൽ
12. വള്ളിക്കെട്ട് രാവിലെ 9 മുതൽ

**മണിമൂളി ഫൊറോന മെയ് 2 ശനി (മണിമൂളി പാസ്റ്ററൽസെന്റർ)**

1. മണിമൂളി ഉച്ചകഴിഞ്ഞ് 2 മുതൽ
2. ഭൂദാനം ഉച്ചകഴിഞ്ഞ് 2 മുതൽ
3. നരിവാലമുണ്ട ഉച്ചകഴിഞ്ഞ് 2 മുതൽ
4. താളിപ്പാടം ഉച്ചകഴിഞ്ഞ് 2 മുതൽ
5. മുണ്ടേരി ഉച്ചകഴിഞ്ഞ് 2 മുതൽ
6. പാലാങ്കര ഉച്ചകഴിഞ്ഞ് 2 മുതൽ
7. പാലേമാട് ഉച്ചകഴിഞ്ഞ് 2 മുതൽ
8. പാതിരിപ്പാടം ഉച്ചകഴിഞ്ഞ് 2 മുതൽ
9. തലഞ്ഞി ഉച്ചകഴിഞ്ഞ് 2 മുതൽ
10. മരുത ഉച്ചകഴിഞ്ഞ് 2 മുതൽ

**പ്രത്യേക അറിയിപ്പ്**

• Online Accounting System Software Maintenance Charge 3,570/- രൂപതയിൽ അടയ്ക്കേണ്ടതാണ്.

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

# റിപ്പോർട്ട് - വൈദിക യോഗം

(12/03/2026)

മാനന്തവാടി രൂപത വൈദിക സമിതിയുടെ ഒരു യോഗം 12/03/2026 നു ബിഷപ്സ് ഹൗസിൽ വെച്ച് ചേരുകയുണ്ടായി. ബഹു. ജെയ്മോൻ കളമ്പുകാട്ട് അച്ചൻ നയിച്ച പ്രാർത്ഥന യോടെ സമ്മേളനം ആരംഭിച്ചു. രൂപതാ വികാരി ജനറാൾ മോൺ പോൾ മുണ്ടോളിക്കൽ എല്ലാവരെയും സ്വാഗതം ചെയ്തു. യോഗ ത്തിൽ പ്രധാനമായും 3 അജണ്ടകൾ ചർച്ച ചെയ്തു.

**1. വാർഷിക കണക്കും ബഡ്ജറ്റും**

രൂപതാ പ്രൊക്കുറേറ്റർ ബഹു. ജോസ് കൊച്ചറക്കൽ അച്ചൻ രൂപതയുടെ 2025-2026 വർഷത്തെ കണക്കും 2026-2027 വർഷത്തെ ബഡ്ജറ്റും അവതരിപ്പിച്ചു. രൂപതയുടെ പൊതുകടം കുറയുന്ന തായും രൂപതയിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളെപ്പറ്റിയും റിപ്പയറിംഗ് ആൻഡ് മെയിന്റനൻസ് ജോലികളെപ്പറ്റിയും അച്ചൻ വിശദീകരിച്ചു. ഭാവിയിൽ രൂപതയ്ക്ക് സാമ്പത്തിക നേട്ടമുണ്ടാക്കുന്ന പ്രൊജക്ക്ടുകളെ പറ്റിയും വിശദീ കരിച്ചു. താഴെയങ്ങാടിയിലുള്ള സ്ഥലത്തിന്റെ കൺവെർഷൻ നടക്കുകയുംതുടർന്ന് അവിടെ നടത്തുവാൻ ഉദ്ദേശിക്കുന്ന നിർ മ്മാണ പ്രവർത്തനങ്ങളെപറ്റിയും വിശദീകരിച്ചു. മാനന്തവാടി ഗവൺമെന്റ് സ്കൂളിനോട് ചേർന്നുള്ള രൂപതയുടെ സ്ഥലം ഉപയോഗപ്പെടുത്തി ചെയ്യാവുന്ന കാര്യങ്ങളുടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് ഉചിതമാണെന്ന് യോഗം അഭിപ്രായപ്പെട്ടു. പിതാക്കന്മാർ റിട്ടയർ ചെയ്യുമ്പോൾ താമസിക്കുവാനുള്ള ഒരു റിട്ടയർമെന്റ് ഹോംമിനെ പറ്റിയുള്ള ആശയങ്ങൾ യോഗത്തിൽ പങ്കുവെക്കുകയും അത് നിർമ്മിക്കുന്നതിന് യോഗം തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു.

**2. സമുദായ ശക്തീകരണ വർഷം 2026**

രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ് നമ്മൾ ഒന്നിച്ച് സമുദായം എന്ന് ചിന്തിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും സമുദായ ശക്തീകരണ വർഷത്തിൽ നമ്മൾ ചെയ്യേണ്ട പ്രവർത്തനങ്ങളെപ്പറ്റിയും വിശദീകരിച്ചു. രൂപതാ മാർഗ്ഗരേഖ തയാറായിരിക്കുന്ന സാഹചര്യത്തിൽ

തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ വൈദിക സമിതി അംഗങ്ങൾ അവരുടെ ആശയങ്ങൾ പങ്കുവച്ചു. വൈദികരുടെ മിനിസ്ട്രിയിൽ ഉണ്ടാകേണ്ട മാറ്റങ്ങളെപ്പറ്റിയും അവബോധത്തെപ്പറ്റിയും ചർച്ച ചെയ്തു. അത്മായ പങ്കാളിത്തത്തിന് പ്രാധാന്യം കൊടുക്കുന്ന ഒരു വർഷമായി ഈ വർഷത്തെ നാം മാറ്റിയെടുക്കണം എന്ന് മാർ ജോസ് പൊരുന്നേടം പിതാവ് ചർച്ചയിൽ പറഞ്ഞു.

**3. ചൂരൽമല: വീട് നിർമ്മാണ പുരോഗതി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്റ്റർ ബഹു.ജിനോജ് പാലത്തടത്തിൽ അച്ചൻ മാനന്തവാടി രൂപത ചൂരൽമല ദുരന്തത്തിൽപ്പെട്ടവർക്കായി വാഴവറ്റയിലും തോമാട്ടു ചാലിലുമായി 53 വീടുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നതായി അറിയിച്ചു. ഇതിനോടകം 2 വീടുകൾ വെഞ്ചിരിച്ചു താമസിക്കുവാനായി നൽക്കുകയും ചെയ്തു എന്നറിയിച്ചു. കുടുംബാംഗങ്ങളുടെ എണ്ണമനുസരിച്ച് 15 സെന്റ്, 10 സെന്റ്, 5 സെന്റ് എന്ന തരത്തിലാണ് സ്ഥലം വിഭജിച്ചു നൽകിയിരിക്കുന്നത്. രൂപതയിലെ നിരവധി ഇടവകകൾ, സന്യാസ ഭവനങ്ങൾ എന്നിവരുടെ സാമ്പത്തിക സഹായവും, രൂപതയ്ക്ക് പുറമെ നിന്നുള്ള വിവിധ രൂപതകളുടെ സഹായവും ലഭിച്ചിട്ടുള്ളതായി അറിയിച്ചു.

വൈദികർക്കുള്ള ഇൻഷുറൻസ് പദ്ധതികൾ പെൻഷൻ പദ്ധതിഎന്നിവയെപ്പറ്റി തുടർന്നുള്ള ചർച്ചയിൽ ആശയങ്ങൾ പങ്കുവെക്കുകയും ചെയ്തു. ചർച്ചകൾക്കും വിശകലനങ്ങൾക്കും ശേഷം അഭിവന്ദ്യ ജോസ് പിതാവ് സമുദായശക്തീകരണ വർഷത്തിൽ എല്ലാവരുടെയും സഹകരണം ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് രൂപതാ സിഞ്ചെല്ലൂസ് ഫാ. ജോസ് മുതിരക്കാലായിൽ അച്ചൻ നന്ദി പറയുകയും യോഗം അവസാനിക്കുകയും ചെയ്തു.

**ഫാ. അനൂപ് കാളിയാനിയിൽ**
ചാൻസലർ

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

(14/03/2026)

മാനന്തവാടി രൂപത പാസ്റ്ററൽ കൗൺസിലിന്റെ 2026 വർഷത്തെ ആദ്യത്തെ യോഗം 14.03.2026 ന് ആരാധനാ സന്യാസ സമൂഹത്തിന്റെ മാനന്തവാടി പ്രൊവിൻസിന്റെ സുപ്പീരിയർ റവ. സി. പൗളിൻ SABS നയിച്ച ഈശ്വര പ്രാർത്ഥനയോടെ പാസ്റ്ററൽ സെന്ററിലെ കോർപ്പറേറ്റ് ഹാളിൽ കൃത്യം 10.30–ന് ആരംഭിച്ചു. സമ്മേളനത്തിന് മാനന്തവാടി രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം സ്വാഗതം അശംസിച്ചു. മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം സമ്മേളനം ഉദ്ഘാടനം ചെയ്തു.

**1. സമുദായ ശക്തീകരണവർഷ ഉദ്ഘാടനം**

സമുദായ ശക്തീകരണവർഷാചരണത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് നിലവിളക്ക് തെളിച്ചുകൊണ്ട് നിർവഹിച്ചു. മാർ അലക്സ് താരാമംഗലം, മോൺ. പോൾ മുണ്ടോളിക്കൽ, ബഹു. ഫാ. ബെന്നി മുതിരക്കാലായിൽ, ബഹു. ഫാ. റോയി കണ്ണൻചിറ. ശ്രീ. ജോസ് മാത്യു പുഞ്ചയിൽ എന്നിവർ സന്നിഹിതരായിരുന്നു.

**2. മാർഗ്ഗരേഖ പ്രകാശനം**

വളരെ നീണ്ട ചർച്ചകൾക്കൊടുവിലാണ് സമുദായശക്തീകരണവർഷം 2026 ൻെറ പ്രവർത്തന മാർഗരേഖ തയ്യാറാക്കിയത്. 2025 ഒക്ടോബറിൽ കുടുംബക്കൂട്ടായ്മകളിൽ ‘സമുദായശക്തീകരണം’ എന്ന വിഷയത്തെ ആസ്പദമാക്കി ലഘുലേഖ നൽകി ചർച്ചകൾ നടത്തി. ഇടവകതലത്തിൽ ഏകോപിപ്പിച്ചു. ഇത് ഒക്ടോബർ, നവംബർ മാസങ്ങളിൽ നടന്ന ഫൊറോന കൗൺസിലുകളിൽ നിർദേശങ്ങളായി വന്നു. ഒക്ടോബർ മാസത്തിൽ നടന്ന പാസ്റ്ററൽ കൗൺസിലിലും സമുദായ ശക്തീകരണവുമായി ബന്ധപ്പെട്ട പ്രായോഗിക ചർച്ചകൾ നടന്നു. തുടർന്ന് പദ്ധതി നടത്തിപ്പിനായി ഒരു കോർ കമ്മിറ്റി രൂപീകരിക്കുവാൻ തിരുമാനിച്ചു. മുകളിൽ പറഞ്ഞ ചർച്ചകളുടെയും സീറോ മലബാർ സമുദായ ശക്തീകരണ വർഷാചരണത്തിന് തയ്യാറാക്കിയ കൈപ്പുസ്തകത്തിൻെറയും മാനന്തവാടി രൂപത അസംബ്ലിയുടെ റിപ്പോർട്ടി

ന്റെയും നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് കോർകമ്മിറ്റി ഒരു കരടു മാർഗരേഖ തയ്യാറാക്കി. 2026 ജനുവരി 19 -ന് ചേർന്ന സെൻട്രൽ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു. മാനന്തവാടിരൂപത സമുദായശക്തീകരണത്തിന് തയ്യാറാക്കിയ മാർഗരേഖയുടെ ഔദ്യോഗികമായ പ്രകാശനം അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ബഹു. തോമസ് മണക്കുന്നേൽ അച്ചനും ശ്രീ. ജോയി ചാച്ചിറയ്ക്കും നൽകി പ്രകാശനം ചെയ്തു.

**3 പരിശീലകരുടെ പരിശീലനവും ബോധവൽക്കരണവും**

സമുദായ ശക്തീകരണത്തെക്കുറിച്ച് സഭാ അധികാരികളിലും സംഘടന-സമുദായ നേതാക്കളിലും അവബോധം സൃഷ്ടിക്കുന്നതിനും പരിശീലകരെ പരിശീലിപ്പിക്കുന്നതിനുമായി മാറിയ സാഹചര്യത്തിലെ സഭാ ശുശ്രൂഷയും സമുദായ ഐക്യവും എന്ന വിഷയത്തിൽ കൊച്ചേട്ടൻ എന്നറിയപ്പെടുന്ന റവ. ഫാ. റോയി കണ്ണൻചിറ CMI ക്ലാസ്സ് നയിച്ചു. സമുദായശക്തീകരണത്തിൽ (a) വിശ്വാസഭദ്രത, (b) കുടുംബഭദ്രത (c) സാമ്പത്തിക ഭദ്രത (d) മാധ്യമഭദ്രത (e) രാഷ്ട്രീയ ഭദ്രത എന്നിവയുണ്ടാകണമെന്ന് ഉത്ബോധിപ്പിച്ചു. ക്ലാസിൽ 236 ചേർ പങ്കെടുത്തു. ക്ലാസിന് പാസ്റ്ററൽ കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം ശ്രീ. ക്രിസ്റ്റി കരുവള്ളിത്തറ നന്ദി പറഞ്ഞു.

**4 വാർഷിക കണക്കും ബഡ്ജറ്റും**

മാനന്തവാടി രൂപതയുടെ 2025-26 വർഷത്തെ വാർഷിക കണക്കും 2026-27 വർഷത്തേയ്ക്കുള്ള ബഡ്ജറ്റും രൂപതാ പ്രൊക്യുറേറ്റർ റവ. ഫാ ജോസ് കൊച്ചറയ്ക്കൻ അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ ശ്രീ. ക്രിസ്റ്റി കരുവള്ളിത്തറ, ശ്രീ. ജോയി ചാച്ചിറ തുടങ്ങിയവർ പങ്കെടുത്തു.

**5 ചൂരൽമല ഭവനനിർമ്മാണ പദ്ധതി**

ചൂരൽമല ഭവനനിർമ്മാണ പദ്ധതിയുടെ നിർമ്മാണ പുരോഗതിയും നാളിതുവരെയുള്ള വരവ് ചെലവ് കണക്കുകളും പ്രവർത്തനങ്ങളും W.S.S.S. ന്റെ ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അവതരിപ്പിച്ചു. നിർമ്മാണ സ്ഥലവും പ്രവർത്തനങ്ങളും വീടുകളുടെയും മറ്റു സൗകര്യങ്ങളുടെയും നിർമ്മാണ പുരോഗതിയടങ്ങിയ വീഡിയോയുടെ സഹായത്തോ

ടെയുള്ള അവതരണം ആകർഷകവും വ്യക്തവുമായിരുന്നു. തുടർന്നു നടന്ന ചർച്ചയിൽ ശ്രീ. ബെന്നി ഇലഞ്ഞിക്കൽ സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

**6 പൊതുചർച്ച**

പൊതുചർച്ചയിൽ പ്രധാനമായും ഉയർന്നുവന്നത് ഫൊറോന കൗൺസിലുകളിൽ ബഹു. വികാരിയച്ചൻമാരും സിസ്റ്റേഴ്സും കൂടുതലായി പങ്കെടുക്കണമെന്നും എല്ലാ ഇടവകകളും ഫൊറോന കൗൺസിൽ അംഗങ്ങളെ യോഗത്തിൽ പറഞ്ഞുവിടണമെന്നുമാണ്. സമുദായ ശക്തീകരണവുമായി ബന്ധപ്പെട്ട് ഒരു പൊതു കലാരൂപം തയ്യാറാക്കി എല്ലാ ഇടവകകളിലും അവതരിപ്പിക്കണമെന്നും WSSS, NDS പോലെയുള്ള വികസന ഏജൻസികൾ മാനന്തവാടി രൂപത യുടെ കീഴിൽ മലപ്പുറം, കണ്ണൂർ ജില്ലകളിലും ആരംഭിക്കണമെന്നും കൈക്കാരൻമാരുടെ പ്രായപരിധി ഉയർത്തണമെന്നും അഭിപ്രാ യമുണ്ടായി.

ചർച്ചയിൽ ശ്രീ. ജോയി ചാച്ചിറ, ശ്രീ ബെന്നി എലഞ്ഞിക്കൽ ശ്രീമതി സിജി ഇലഞ്ഞിക്കൽ, ശ്രീ. ജിജി കുടക്കച്ചിറ, ശ്രീ. റോബിൻ സൺ, ശ്രീ. ജോസ് പി. എ., ശ്രീ. ജോസ് പുന്നക്കുഴി, ശ്രീ. സെബാ സ്റ്റ്യൻ പാലംപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു. ചർച്ചയ്ക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ്, മോൺ. പോൾ മുണ്ടോ ളിക്കൽ എന്നിവർ നേതൃത്വം നൽകി. തുടർന്ന് പാസ്റ്ററൽ കൗൺ സിൽ സെക്രട്ടറി ശ്രീ. ജോസ് മാത്യു പുഞ്ചയിൽ നന്ദി പ്രകാ ശിപ്പിച്ചു.അഭിവന്ദ്യ പിതാവിന്റെ ആശീർവാദത്തോടെ ഉച്ചകഴിഞ്ഞ് 3.30 ന് യോഗം സമാപിച്ചു.

**ജോസ് മാത്യു പുഞ്ചയിൽ**

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി



Scanned with OKEN Scanner

## മാനന്തവാടി രൂപത
## 2026 ഏപ്രിൽ മാസത്തിലെ കുടുംബ കൂട്ടായ്മകളിലെ പഠനവിഷയം

# കത്തോലിക്കാസഭ സമൂഹത്തിനു നല്കിയ സംഭാവനകൾ

**ആമുഖം**

ചരിത്രം അറിയാതെ ഒരു സമുദായത്തേയോ പ്രസ്ഥാനത്തേയോ സ്നേഹിക്കാൻ ആർക്കും സാധിക്കില്ല.

''സകല ജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു'' (ലൂക്ക 2:10). ഈശോയുടെ ജനനത്തെ ഇപ്രകാരമാണ് ദൈവം തന്റെ ദൂതരിലൂടെ മനുഷ്യരെ അറിയിച്ചത്.

രോഗികൾക്കും അശരണർക്കും അടിച്ചമർത്തപ്പെട്ടവർക്കും, പാർശ്വവല്കരിക്കപ്പെട്ടവർക്കും ആശ്രയമായി, സാമൂഹ്യ നീതിയുടെ പുന:സ്ഥാപകനായി ചരിത്രം ഈശോയെ സാക്ഷ്യപ്പെടുത്തി.

ഈ ദൗത്യമാണ് സഭ ലോകത്തിൽ ഏറ്റെടുത്തിരിക്കുന്നത്. ഈശോയുടെ ദൃശ്യസാന്നിധ്യമായി സമൂഹത്തിൽ ഓരോ വിശ്വാസിയും ജീവിക്കുകയും ഇടപെടുകയും ചെയ്യുമ്പോഴാണ് ക്രൈസ്തവ സമുദായം ശക്തിപ്പെടുന്നത്.

**സഭ: ചരിത്രത്തിൽ**

പൊതുപങ്കുവെയ്ക്കലിന്റെയും സ്നേഹത്താലുള്ള ഐക്യത്തിന്റെയും അടയാളവും (Icon) സാന്നിധ്യവുമാണ് സഭ.

മനുഷ്യന്റെ ആത്മരക്ഷയും സമഗ്രവിമോചനവും വികാസവുമാണ് എല്ലാ കാലത്തും സഭയുടെ ലക്ഷ്യം.

നവോത്ഥാനമെന്ന വാക്കുപോലും ലോകത്തിന് പരിചയപ്പെടുത്തിയത് സഭയാണ്.

പതിനാലാം നൂറ്റാണ്ടിൽ ഇറ്റലിയിൽ ഉണ്ടായ സമഗ്ര സാമൂഹിക മാറ്റം യൂറോപ്പിലാകെ വ്യാപിച്ചു. മനുഷ്യന് മഹത്വം കല്പിച്ച് നല്കുന്ന വിധം ചിന്തയിലും കലയിലും വിദ്യാഭ്യാസത്തിലും ശാസ്ത്രത്തിലും സാമൂഹ്യ ജീവിതക്രമത്തിലും ക്രൈസ്തവ സമൂഹം കൊണ്ടുവന്ന മാറ്റത്തെ ലോകം നവോത്ഥാനമെന്ന് സാക്ഷ്യപ്പെടുത്തി. പിൽകാലത്ത് സഭയെ ചരിത്രം തമസ്കരിച്ചപ്പോൾ നമ്മൾ മൂകസാക്ഷികളായി നിന്നു. എന്നാലും ചരിത്രത്തിലെ സത്യം തെളിഞ്ഞു നില്ക്കുന്നു.

**ക്രൈസ്തവ സംഭാവനകൾ ലോകത്തിൽ**

എല്ലായിടത്തും എല്ലാ കാലഘട്ടത്തിലും ധാർമ്മികം, വിദ്യാഭ്യാസം, രാഷ്ട്രനിർമ്മാണം, ശാസ്ത്രം, ആരോഗ്യം, കൃഷി, കല, സാഹിത്യം, ജീവകാരുണ്യം, തൊഴിൽ, വികസനം തുടങ്ങി



Scanned with OKEN Scanner

സമസ്ത മേഖലകളിലും ക്രൈസ്തവജനത മാറ്റങ്ങൾ കൊണ്ടു വന്നതിനെയാണ് ലോകം സാമൂഹ്യ വികസനം എന്ന് വിശേഷി പ്പിച്ചത്.

തോമാശ്ലീഹായിലൂടെ രൂപംകൊണ്ട ഭാരതീയ വിശ്വാസ സമൂഹം വിദേശ മിഷണറിമാരുടെ വരവോടെ ഭാരതനവോത്ഥാ നത്തിന്റെ പാതയിലായി. മുമ്പ് സൂചിപ്പിച്ച എല്ലാ മേഖലകളിലും ഇടപെടലുകൾ ഉണ്ടായപ്പോൾ മാനവീക പ്രസ്ഥാനങ്ങൾ രൂപം കൊണ്ടു. (ഹോം റൂൾ പ്രസ്ഥാനം, ദേശീയ പ്രസ്ഥാനം, സ്വതന്ത്ര പ്രസ്ഥാനം etc.) അതിലൂടെ അനാചാരങ്ങൾക്കും അനീതിക്കും അവസാനമായി; മനുഷ്യൻ മഹത്വമുള്ളവനായി.

**കേരളത്തിലെ സമുദായ സംഭാവനകൾ**

തോമാശ്ലീഹായിലൂടെ രൂപം പ്രാപിച്ച വിശ്വാസ സമൂഹം മാർത്തോമാ നസ്രാണികൾ എന്നറിയപ്പെട്ടു. കേരളത്തിന്റെ സാമൂ ഹിക സാമ്പത്തീക, രാഷ്ട്രീയ രംഗങ്ങളിൽ പ്രബല സമുദായമായി നിലകൊണ്ടു. വസ്ത്രധാരണം, ഭക്ഷണക്രമം ആചാരാനുഷ്ഠാ നങ്ങൾ ഇവയിൽ കുലീനത പുലർത്തി. കേരള സമൂഹത്തെ ഇന്നു കാണുന്ന നവീന സമൂഹമായി മാറ്റിയതിൽ നമ്മുടെ സമു ദായം വഹിച്ച പങ്ക് വളരെ വലുതാണ്. ഏതാനും ചില മേഖല കൾ പരിശോധിക്കാം.

**1. വിദ്യാഭ്യാസ മേഖല**

വിദ്യാസമ്പന്ന സമൂഹമായി, കേരളം എങ്ങനെയാണ് മാറിയത്? ആധുനിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത് മിഷണറിമാരാണ്. 1510 ൽ കൊച്ചിയിലും കൊടുങ്ങല്ലൂരും സ്കൂളുകളും കോളേജു കളും സ്ഥാപിച്ചു. 1599 ലെ ഉദയംപേരൂർ സൂനഹദോസിലൂടെ വിദ്യാഭ്യാസം ഇടവകകളിലേക്ക് വ്യാപിച്ചു. 1848 ൽ ഒരു സംസ്കൃത കോളേജ്, 1864 ൽ മലയാളം പള്ളിക്കൂടം എന്നിവ സ്ഥാപിക്കു കയും 1865 ൽ ''പള്ളിക്ക് ഒരു പള്ളിക്കൂടം'' എന്ന കല്പനയി ലൂടെ സമ്പൂർണ്ണ വിദ്യാഭ്യാസത്തിലേക്ക് സമൂഹത്തെ കൊണ്ടു വന്നത് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനാണ്.

എല്ലാ ജാതിക്കാർക്കും ഒരുമിച്ച് പഠിക്കാനുള്ള പൊതുവിദ്യാ ലയം, പെൺ പള്ളിക്കൂടങ്ങളിലൂടെ സ്ത്രീ വിദ്യാഭ്യാസം, സ്കൂൾ യൂണിഫോം, സ്കൂളുകളിലെ ഉച്ചഭക്ഷണം (ഇതായിരുന്നു ആദ്യത്തെ പന്തിഭോജന ശാലകൾ), സൗജന്യപഠനം, പാഠപുസ്തകം, പൊതു സിലബസ്, എന്നിവക്ക് തുടക്കം കുറിച്ചതും സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ വിശുദ്ധ ചാവറ അച്ചനാണ്. പിന്നീട് ധാരാളം സന്യാസസഭകൾ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയതിലൂടെ ഇംഗ്ലീഷ് വിദ്യാഭ്യാസം വളർന്നു. ഇവയിലൂടെ കേരളം പുരോഗതിയുടെ പടവുകൾ കയറുന്നതിന്

മുഖ്യകാരണമായി. ഇന്ന് സീറോ മലബാർ സഭയ്ക്ക് മാത്രമായി 3700 ൽ പരം വിദ്യാഭ്യാസ പ്രസ്ഥാനങ്ങൾ ഉണ്ട്. ഇവയിലൂടെ എല്ലാ മതവിഭാഗങ്ങളിലുള്ളവർക്കും തൊഴിലുകൾ നേടാനും കുടുംബങ്ങളുടെ സാമ്പത്തികനില മെച്ചപ്പെടാനും ഇടയായി.

**2. അച്ചടിരംഗം**

വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും സാഹിത്യ, മാധ്യമ രംഗത്തും വികാസമുണ്ടായത് അച്ചടി വിദ്യയിലൂടെയാണ്.

അച്ചടിവിദ്യ വികസിപ്പിച്ചെടുത്തത് ജർമ്മൻകാരനായ ജൊഹാനസ് ഗുട്ടൻബർഗ് ആണ്. കേരളത്തിൽ അച്ചടിവിദ്യയുടെ പിതാവായി അറിയപ്പെടുന്നത് ബെഞ്ചമിൻ ബെയ്‌ലി എന്ന ബ്രിട്ടീഷ് മിഷനറി വൈദികനാണ്.

കത്തോലിക്കാ മിഷണറിമാരാണ് ആദ്യ പ്രിന്റിംഗ് പ്രസ്സ് കൊല്ലത്ത് സ്ഥാപിച്ചത്. 1578 ൽ *തമ്പിരാൻ വണക്കമെന്ന* കത്തോലിക്കാ വിശ്വാസസംഹിതയുടെ തമിഴ് വിവർത്തനം അച്ചടിച്ചു.

1686 ൽ ഹോളണ്ടിൽ പ്രസിദ്ധീകരിച്ച *ഹോർത്തൂസ് മലബാറിക്കൂസ്* മലയാള ലിപി ഉപയോഗിച്ച ആദ്യ പുസ്തകമാണ്. ഹെൻഡ്രിക് ആൻഡ്രിയൻ വാൻ റീഡ് എന്ന കത്തോലിക്കൻ കേരളത്തിലെ സസ്യസമ്പത്തിനെ കുറിച്ചെഴുതിയ പുസ്തകമാണിത്. പിന്നീട് *സംക്ഷേപവേദാർത്ഥം* (1772) *റമ്പാൻ ബൈബിൾ* (1811) ഇവ അച്ചടിക്കപ്പെട്ടു.

ഇന്ന് നമ്മൾ ഉപയോഗിക്കുന്ന മലയാള ഭാഷാ ലിപി തയ്യാറാക്കിയത് ബെഞ്ചമിൻ ബെയ്‌ലിയാണ്. കമ്പ്യൂട്ടറിൽ മലയാളം ഫോണ്ട് ആദ്യമായി കൊണ്ടുവന്നത് ഫാ. ജോർജ് പ്ലാശേരി എന്ന സി.എം.ഐ. വൈദികനാണ്. പാറേമാക്കൽ തോമാ കത്തനാർ ആദ്യ യാത്രാവിവരണ പുസ്തകമായ *വർത്തമാന പുസ്തകം* പ്രസിദ്ധീകരിച്ചു.

ഹെർമ്മൻ ഗുണ്ടർട്ട് ആരംഭിച്ച *രാജ്യസമാചാരമാണ്* ആദ്യ പത്രം. പിന്നീട് *പശ്ചിമോദയം* എന്ന പത്രവും അദ്ദേഹം ആരംഭിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിൽ ക്രൈസ്തവർ പത്തിലധികം പത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. 1847 ൽ ആരംഭിച്ച *നസ്രാണി ദീപിക* നിധീരിക്കൽ മാണികത്തനാരാണ് പ്രസിദ്ധീകരിച്ചത്. അച്ചടിയിലൂടെ എങ്ങനെയാണ് ക്രൈസ്തവ നേതൃത്വം പൊതുസമൂഹത്തെ വിദ്യാഭ്യാസപരമായും സാംസ്കാരികമായും മറ്റിയെടുത്തതെന്ന ചരിത്രം നമ്മൾ മറക്കരുതാത്തതാണ്.

**3. കലാ, സാഹിത്യരംഗം**

സാഹിത്യത്തിലും കലയിലും ക്രൈസ്തവസമൂഹം നല്കിയ



Scanned with OKEN Scanner

സംഭാവനകൾ അധികം ചർച്ച ചെയ്യപ്പെടാറില്ല. ഗദ്യം, പദ്യം, ചരിത്രം എന്നിവയിൽ ഫാ. പൗളിനോസ് (1777 കാലഘട്ടം) വലിയ സംഭാവനകൾ നല്കി. ആദ്യത്തെ സ്വതന്ത്ര നോവൽ *പുല്ലേലി കുഞ്ചു* എഴുതിയത് ആർച്ച് ഡീക്കൻ കോശിയാണ്. ആദ്യ യാത്രാവിവരണം മുമ്പേ സൂചിപ്പിച്ചു. അർണ്ണോസ് പാതിരി യുടെ *പുത്തൻപാന*യോളം മികച്ച വിലാപകാവ്യം മറ്റേതുണ്ട്? ഹിന്ദു പുരാണ കഥാ നിഘണ്ടുവും (പൈലോ പോൾ പുരാണ നിഘ ണ്ടുവും (വെട്ടം മാണി) ക്രൈസ്തവ സംഭാവനകളാണ്. ധാരാളം നോവലിസ്റ്റുകളും കവികളും നമ്മുടെ സമുദായത്തിന്റെ ചരി ത്രത്തിലുണ്ട്. സംസ്കൃത സാഹിത്യത്തിനു നല്കിയ സംഭാവ നകളും ഒട്ടനവധിയായിരുന്നു.

മാർഗ്ഗംകളി, റമ്പാൻപാട്ട്, ചവിട്ടുനാടകം പരിചമുട്ട് കളി തുടങ്ങിയ തനതു ക്രൈസ്തവ കലകൾക്കു പുറമേ, നാടകം, സംഗീതം കഥാപ്രസംഗം എന്നിവയുടെ വികാസത്തിൽ നമ്മുടെ സമുദായത്തിന്റെ പങ്ക് വളരെ വലുതാണ്.

ഫാ. ആബേൽ CMI ആരംഭിച്ച കൊച്ചിൻ കലാഭവൻ ആണ് സിനിമാ, മിമിക്രി രംഗത്ത് പ്രഗത്ഭരായ കലാകാരൻമാരെ വളർത്തിയത്.

മലയാളത്തിലെ ആദ്യ സിനിമാ നിർമ്മാതാവും സംവിധാ യകനും സമുദായാംഗമായിരുന്നു (ജെ.സി ഡാനിയേൽ). പ്രധാന സിനിമാ സ്റ്റുഡിയോകൾ ക്രൈസ്തവരുടേതായിരുന്നു (നവോ ദയ, ഉദയ, ചെറുപുഷ്പം etc.).

**4. സാമൂഹികരംഗം**

സാമൂഹീക രംഗത്തുണ്ടായ വലിയ മാറ്റങ്ങളെയാണ് നവോത്ഥാനമെന്ന് ഇന്ന് പലരും വിവക്ഷിക്കുന്നത്.

ഭവനരഹിതർക്കുള്ള ഭവനപദ്ധതി, (മാർ മാത്യു കാവുകാട്ട്) ഭിന്നശേഷിക്കാർക്ക് പദ്ധതി (ഫാ. പുതിയത്തിൽ തൊമ്മിച്ചൻ 1825) ഇന്ന് 5000 ൽ പരം അഗതി മന്ദിരങ്ങൾ സഭാസമൂഹം നടത്തു ന്നുണ്ട്.

നമ്മുടെ വൈദികർ ആവിഷ്കരിച്ച ലഘു സമ്പാദ്യപദ്ധ തിയും, അയൽക്കൂട്ടങ്ങളുമാണ് കേരളത്തിലെ ഇന്നത്തെ കുടുംബശ്രീ പദ്ധതിയുടെ വഴികാട്ടി. സാമൂഹ്യനീതിക്കും സമത്വത്തിനുമായി നടന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയതും മിഷണറി മാരും സമുദായ നേതാക്കളുമായിരുന്നു.

**a. ചാന്നാർ ലഹള**

മാന്യമായ വസ്ത്രധാരണത്തിനും മാറ് മറയ്ക്കാനുള്ള സ്വാത



Scanned with OKEN Scanner

ന്ത്ര്യത്തിനുമായി ക്രൈസ്തവ വിശ്വാസികളായ ചാന്നാർ സ്ത്രീകൾ നടത്തിയ 1829 ൽ തുടങ്ങിയ പോരാട്ടം 1859 ൽ വിജയം കണ്ടു. ക്രൈസ്തവ മിഷണറിമാരാണ് ഇതിന് നേതൃത്വം നല്കിയതെന്നത് നവചരിത്രകാരൻമാർ തമസ്കരിക്കുന്നു.

**b. മലയാളി മെമ്മോറിയൽ**

സർക്കാർ ജോലിക്ക് എല്ലാവിഭാഗം ജനങ്ങൾക്കും തുല്യ അവകാശത്തിനായി നിധീരിക്കൽ മാണികത്തനാർ, കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള, സിറിയക് നിധീരി, ഡോക്ടർ പൽപു എന്നിവരുടെ നേതൃത്വത്തിൽ നടന്ന മുന്നേറ്റം ഇന്നത്തെ ചരിത്രപാഠങ്ങളിൽ ഈ പേരുകൾ പലതും അപ്രത്യക്ഷമാകുമ്പോൾ നാമെങ്കിലും ഇത് ഉറക്കെ പറയണം.

**c.** വൈക്കം സത്യാഗ്രഹം, നിവർത്തന പ്രക്ഷോഭം, (ജനപ്രാധി നിത്യ സമരം) ഉത്തരവാദിത്വ ഭരണപ്രയോഗം, വിദ്യാഭ്യാസ പ്രക്ഷോഭം, പൗരസമത്വവാദ പ്രക്ഷോഭം, വിമോചനസമരം തുടങ്ങി ചരിത്രത്തിൽ ഇടം നേടിയ അവകാശ സമരങ്ങൾ സംഘടിപ്പിച്ചതും നേതൃത്വം നല്കിയതും വിജയത്തിലെത്തിച്ചതും ക്രൈസതവ നേതാക്കളും വൈദീകരുമായിരുന്നു.

**d.** അടിമവ്യാപാര നിരോധനം (1854) 'അയിത്തോച്ചാടനം, ജാതി വിവേചനം ദളിത് ക്ഷേമ പ്രവർത്തനം,' തുടങ്ങി സാമൂഹ്യ രംഗത്ത് ക്രൈസ്തവ സമുദായം നടത്തിയ ഇടപെടലുകൾ എല്ലാ മതവി ഭാഗങ്ങളിൽപ്പെടുന്നവരേയും സമഭാവനയിലേക്കും സ്വാതന്ത്ര്യ ത്തിലേക്കും നയിക്കുന്നതിന് നിർണ്ണായകമായ പങ്കുവഹിച്ചു.

നാമിന്ന് കാലഗണനക്ക് ഉപയോഗിക്കുന്ന കലണ്ടർ, മലയാള മാസങ്ങൾ (കൊല്ലവർഷം) ഇവ ചിട്ടപ്പെടുത്തിയതും മിഷണറി മാരാണ്.

സമുദായത്തിന്റെ ഉന്നമനത്തിനായി 1905 ൽ രൂപം കൊണ്ട മഹാജനസഭ 1930 ൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസ് എന്ന നാമം സ്വീകരിച്ചു. പിന്നീട് നടന്ന സാമൂഹ്യ പ്രക്ഷോഭ ങ്ങളിൽ കത്തോലിക്കാ കോൺഗ്രസ് സജീവ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

ആരോഗ്യ രംഗത്തെ പ്രധാന തൊഴിൽ മേഖല നേഴ്സിംഗ് ആണ്. രോഗീപരിചരണ പരിശീലനം കേരളത്തിൽ ആരംഭിച്ചത് കൊല്ലം ബിഷപ് 1909 ൽ സ്വിറ്റ്സർലൻഡിൽ നിന്നും ഹോളി ക്രോസ് സിസ്റ്റേഴ്സ് വഴിയാണ്. തുടർന്ന് മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് തദ്ദേശീയർക്ക് നേഴ്സിംഗ് പരിശീലനം നല്കി. കേരളത്തിലെ ആധുനിക ചികിത്സാ രംഗത്തിന്റെ വളർച്ചയ്ക്ക് നേതൃത്വം നൽകിയത് ക്രൈസ്തവ സമൂഹമാണ്. ഭൂരിപക്ഷം

സന്യാസ ഭവനങ്ങളോട് ചേർന്നും പള്ളികളോടു ചേർന്നും ആദ്യ കാലത്ത് ക്ലിനിക്കുകൾ എങ്കിലും ഉണ്ടായിരുന്നു.

**5. കാർഷിക മേഖല**

ക്രൈസ്തവരുടെ ജീവിത ചരിത്രം തന്നെ കൃഷിയുമായി ബന്ധപ്പെട്ടതാണ് കുടിയേറ്റത്തിന്റെ കാരണവും കൃഷിഭൂമിയുടെ ലഭ്യത ആയിരുന്നു. കായൽ കൃഷി കുട്ടനാട്ടിൽ ആരംഭിച്ചത് ജോസഫ് മുരിക്കനാണ്. യന്ത്രവല്കൃത കൃഷിരീതികൾ ആവിഷ്കരിച്ചതും നടപ്പാക്കിയതും ഈ സമൂഹമാണ്.

**6. ബാങ്കിങ്ങ് മേഖല**

ബാങ്കുകൾ എന്ന ധനകാര്യ സ്ഥാപനങ്ങൾ ഇല്ലാത്ത സാഹചര്യം നമുക്കിന്ന് ചിന്തിക്കാനാകുമോ? കുറി കമ്പനികളിലൂടെയായിരുന്നു തുടക്കം പിന്നീട് 1890 ൽ ടി സി പുന്നൻ ബാങ്ക് പ്രവർത്തനം ആരംഭിച്ചു.1900 ൽ എം. പൗലോസ് തിരുവല്ല ബാങ്കും 1920 ൽ കാത്തലിക് സിറിയൻ ബാങ്കും 1929 ൽ സൗത്ത് ഇന്ത്യൻ ബാങ്കും ക്രൈസ്തവരുടെ നേതൃത്വത്തിലാണ് ആരംഭിച്ചത്.

**7. തൊഴിലാളി സംഘാടന മേഖല**

ട്രേഡ് യൂണിയൻ എന്ന് കേൾക്കാത്തവർ ഉണ്ടാകില്ല. തൊഴിലാളി സംഘാടനം രാഷ്ട്രീയ കക്ഷികൾ കൊണ്ടുവന്നുവെന്നാണ് പൊതുധാരണ. 1830 ൽ ജോൺ ഡാർട്ടിൽ രൂപം കൊടുത്ത NAPL എന്ന കൂട്ടായ്മയാണ് ഇതിന്റെ ആദ്യപടി. 1924 ൽ ഫാ. ജോസഫ് കാർ ഡൈൻ ആരംഭിച്ച 'ജോസിസം' ആണ് അസംഘടിത തൊഴിലാളികളുടെ ആദ്യ പ്രസ്ഥാനം 1935 ൽ കിസ്ത്യൻ വർക്കർസ് മൂവ്മെന്റ് മധുരയിൽ പ്രവർത്തനം തുടങ്ങി. 1950 കളിൽ ഫാ. ജനേസിയൂസ് തൃശൂരിൽ തൊഴിലാളി സംഘടനയും ആരംഭിക്കുകയും 1957 ൽ CLA (കാത്തലിക് ലേബർ അസ്സോസിയേഷനും ആരംഭിച്ചു. ഇന്ന് വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ (WIF), KLM (കേരള ലേബർ മൂവ്മെന്റ്) എന്നിവയും സഭയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നു.

**സമാപനം**

ക്രൈസ്തവ സമുദായം നല്കിയ സാമൂഹ്യ സംഭാവനകളുടെ ലഘുചരിത്രമാണിവിടെ കുറിച്ചത്. പൂർവ്വീകരുടെ ത്യാഗപൂർണ്ണമായ ഇടപെടലുകളാണ് ചരിത്രമായി മാറിയത്. വരും തലമുറയ്ക്ക് പുതിയ ചരിത്രം പഠിക്കാൻ കഴിയണമെങ്കിൽ ഇന്നത്തെ സമൂഹത്തിൽ ഇടപെട്ട് പ്രവർത്തിക്കേണ്ടതുണ്ട്. അതിനാൽ ചരിത്രം പഠിക്കുന്നവരും ചരിത്രം സൃഷ്ടിക്കുന്നവരുമായി നാം മാറണം.

**തയ്യാറാക്കിയത്: സമുദായ ശക്തീകരണ വർഷ കോർകമ്മിറ്റി**
**ഫാ. ജോബി മുക്കാട്ടുകാവുങ്കൽ (വൈസ് ചെയർമാൻ)**
**ജോസ് മാത്യൂ പുഞ്ചയിൽ (ജനറൽ കൺവീനർ)**



Scanned with OKEN Scanner

## വൊക്കേഷൻ ക്യാമ്പ്

ഈ വർഷം 10, 12 ക്ലാസുകളിൽ പഠിക്കുന്ന മാനന്തവാടി രൂപതയ്ക്കുവേണ്ടി വൈദീകജീവിതത്തിലേക്ക് കടന്നുവരാൻ താല്പര്യമുള്ള ആൺകുട്ടികൾക്കു വേണ്ടിയുള്ള വൊക്കേഷൻ ക്യാമ്പ് നമ്മുടെ രൂപതാ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. വൈദീക ജീവിതത്തിലേക്ക് പ്രവേശിക്കാനാഗ്രഹിക്കുന്നവർക്ക് പ്രചോദനമേകാനും, ദൈവവിളി തിരിച്ചറിയാനും ഈ ക്യാമ്പ് സഹായകരമാകും.

2026 ഏപ്രിൽ 13 തിങ്കളാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഏപ്രിൽ 15 ബുധനാഴ്ച രാവിലെ 9 മണിക്ക് ക്യാമ്പ് അവസാനിക്കും.

ഈ ക്യാമ്പിലേക്ക് 10, 12 ക്ലാസുകളിൽ പഠിക്കുന്ന രൂപതാ വൈദികരാകാൻ താല്പര്യമുള്ള കുട്ടികളെ പറഞ്ഞയയ്ക്കാൻ വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലൊ.

**NB:** ക്യാമ്പിന് വരുന്നവർ നോട്ട്ബുക്ക്, പേന, ടോയ്ലറ്റ് ആർട്ടിക്കിൾസ്, ബെഡ്ഷീറ്റ് എന്നിവ കൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. സജി നെടുങ്കല്ലേൽ**
റെക്ടർ, മൈനർ സെമിനാരി

# മതബോധനരംഗം

ഈ അദ്ധ്യയനവർഷം പൂർത്തിയാക്കുമ്പോൾ, വിശ്വാസ പരിശീലന രംഗത്ത് ക്രിസ്തുവിന് സാക്ഷികളാകുവാൻ ദൈവം നൽകിയ എല്ലാ അവസരങ്ങൾക്കും നമുക്ക് നന്ദി പറയാം. പരിശീലന ക്ലാസുകളിലൂടെയും തങ്ങളുടെ ദൈവാനുഭവം പങ്കുവെക്കുന്നതിലൂടെയും അദ്ധ്യാപകർ മാതൃകകളായി. വിശ്വാസവഴികളിൽ തുടർന്നും താൽപര്യത്തോടെ മുന്നേറാൻ പരിശീലനം ലഭിച്ച നമ്മുടെ മക്കൾക്ക് കഴിയട്ടെ. നമ്മെ നയിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരോട് സഹകരിച്ച ഫൊറോനാ നേതൃത്വങ്ങൾക്കും, ബഹുമാനപ്പെട്ട വികാരിയച്ചൻമാർക്കും, കൊച്ചച്ചന്മാർക്കു എല്ലാ പ്രധാനാധ്യാപകർക്കും, രൂപതാ ടീം അംഗങ്ങൾക്കും, വിശ്വാസപരിശീലകർക്കും കുട്ടികൾക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. ഈ അവധിക്കാലത്തും വിശ്വാസത്തിന് സാക്ഷികളാകാം. നല്ല ഒരുക്കത്തോടെയും, ആഴമായ ബോധ്യത്തോടെയും അടുത്ത അധ്യയന വർഷത്തെ എതിരേൽക്കാൻ നമുക്ക് പരിശ്രമിക്കാം. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**HCC I & 2 Result**

2025/26 അധ്യയന വർഷത്തെ പ്ലസ് വൺ, പ്ലസ് ടു റിസൾട്ട് 05/03/2026 –ന് മതബോധനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. പരീക്ഷയിൽ വിജയിച്ചവർക്കും, HCC 2 ൽ ആദ്യ മൂന്ന് റാങ്കുകളും തുടർന്നുവരുന്ന 11 സ്ഥാനങ്ങളും കരസ്ഥമാക്കിയ കുട്ടികൾക്കും പ്രത്യേക അനുമോദനങ്ങൾ. ജീവിതത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാൻ നിങ്ങളുടെ വിജയം മുതൽക്കൂട്ടാകട്ടെ.

**HCC 2 Rank holders**

| | |
|---|---|
| I. San Mariya Santhosh | - Payyampally |
| II. Majona Benny | - Pathirippadam |
| III. 1-Liya S Shajil | - Moolankavu |
| 2-Blessy OJ | - Dharmagiri |

**HCC 2 Top Scorers**

| | |
|---|---|
| 1. Ann Mary Mathew | - Kenichira |
| 2. Annliya Biju | - Arinchermala |



Scanned with OKEN Scanner

3. Rose Jomon - Adakkathode
4. Riya Mary Biju - Nadavayal
5. Megha Ann Sonu - Thalanji
6. Alasin Saji - Ambayathode
7. Nithara Jose - Adikolly
8. Derbin Anil - Chundakkara
9. Alviya Mariya - Ambalavayal
10. Anupama Mariya Saju - Chungakkunnu
11. Annmariya KP - Paralikkunnu

**വിശ്വാസോത്സവം**

ഏപ്രിൽ 6,7,8 തീയതികളിൽ ഏതെങ്കിലും രണ്ട് ദിവസം രൂപതയിൽ നിന്നും അറിയിച്ചതുപോലെ വിശ്വാസോത്സവം ക്രമീകരിക്കുമല്ലോ. കുട്ടികൾക്ക് വിശ്വാസോത്സവം നടത്തുന്നതിന് സഹായിക്കുന്ന നോട്ട് PDF ആയി നൽകുന്നതാണ്.

**വാർഷിക പരീക്ഷകൾ**

1 മുതൽ 9 വരെ ക്ലാസിലെ കുട്ടികൾക്കുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ 2026 ഏപ്രിൽ 10-ന് വെള്ളിയാഴ്ച രാവിലെ 9 മണി മുതൽ 11 മണി വരെയും ഡിപ്ലോമ പരീക്ഷ 11 മണി മുതൽ ഉച്ചക്ക് 1 മണിവരെയും ആയിരിക്കും. 1 മുതൽ 7 വരെ ക്ലാസ്സിലെ കുട്ടികൾ രൂപതയിൽ നിന്നും നൽകുന്ന വർക്ക് ഷീറ്റിലാണ് പരീക്ഷ എഴുതേണ്ടത്. 8, 9, 10 ക്ലാസ്സിലെ കുട്ടികൾക്ക് ഉത്തരങ്ങൾ എഴുതാനുള്ള പേപ്പറുകൾ കുട്ടികൾതന്നെ കൊണ്ടുവരേണ്ടതാണ്, രൂപതയിൽനിന്ന് നൽകുന്നതല്ല.

**ഡിപ്ലോമ പരീക്ഷ**

പരീക്ഷാ നടത്തിപ്പിന്റെ ക്രമീകരണങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ചന്മാർക്കും, ഹെഡ്മാസ്റ്റേഴ്സിനും ആയിരിക്കും. ഓരോ ഇടവകയിലേക്കും സൂപ്പർവൈസർമാരെ അയക്കുവാൻ ഫൊറോനാ ഡയറക്ടർ ശ്രദ്ധിക്കുമല്ലോ. ചോദ്യപേപ്പർ പാക്കറ്റ് ബഹു. വികാരിയച്ചന്മാരുടെ സാന്നിധ്യത്തിൽ തുറക്കേണ്ടതാണ്. സൂപ്പർവിഷന് പോകുന്നവർ രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തിക്കുമല്ലോ.

**Invigilators നുള്ള നിർദ്ദേശങ്ങൾ**

1. പരീക്ഷാ സമയത്തിനു മുമ്പായി പരീക്ഷാ കേന്ദ്രത്തിൽ എത്തിയെന്ന വിവരം വികാരിയെ അറിയിക്കുക. ചോദ്യപേപ്പർ എത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.

2. രൂപതാ മതബോധനകേന്ദ്രം നിശ്ചയിച്ചിരിക്കുന്ന സമയത്തു തന്നെ പരീക്ഷ നടത്തുക. സമയമാറ്റം അനുവദനീയമല്ല.

3. 30 മിനിറ്റിലധികം താമസിച്ച് വരുന്നവരെ പരീക്ഷ എഴുതാൻ അനുവദിക്കണമെന്നില്ല.

4. രജിസ്ട്രേഷൻ നമ്പർ ഇട്ടതിൽ വല്ല പിശകുകളും ഉണ്ടെങ്കിൽ ഫാൾസ് നമ്പർ നല്കുക. അക്കാര്യം രൂപതാകേന്ദ്രത്തിൽ അറിയിക്കുക.

5. ഉത്തരകടലാസുകൾ സൂപ്പർവൈസർ ഒപ്പിട്ട് വിതരണം ചെയ്യുക. ഇടവകയുടെ മുദ്രയോ, കുട്ടികളുടെ പേരോ, മറ്റ് കാര്യങ്ങളോ പാടില്ല. രജിസ്റ്റർ നമ്പർ ഉത്തരപേപ്പറിൽ വലുപ്പത്തിൽ എഴുതുവാൻ പറയുക.

6. പാഠപുസ്തകം, നോട്ട് ബുക്ക് മുതലായവ പരീക്ഷാഹാളിൽ അനുവദിക്കരുത്.

7. കൃത്യസമയത്തുതന്നെ ചോദ്യപേപ്പർ കുട്ടികൾക്ക് നൽകുക. രജിസ്റ്റർ നമ്പർ ചോദ്യപേപ്പറിലും എഴുതിക്കുക. ബാക്കി വരുന്നവ പരീക്ഷ തീരുന്നതുവരെ മറ്റാർക്കും നൽകരുത്.

8. പരീക്ഷ തീരുന്നതിന് 5 മിനിറ്റ് മുമ്പ് ബെല്ലടിച്ച് പേപ്പർ കെട്ടാൻ പറയുകയും പരീക്ഷാസമയം തീരുമ്പോൾ ലോംഗ്ബെൽ നൽകി പേപ്പർ വാങ്ങുകയും ചെയ്യുക.

9. പരീക്ഷാ സമയത്ത് സൂപ്പർവൈസർ ഹാളിൽ മുഴുവൻ സമയവും ഉണ്ടായിരിക്കണം. ഹെഡ്മാസ്റ്റർ, വികാരിയച്ചൻ എന്നിവരൊഴികെ മറ്റാരെയും ഹാളിൽ പ്രവേശിപ്പിക്കരുത്.

10. എഴുതി നിർത്തിയിരിക്കുന്നതിനു താഴെ, ശേഷമുള്ള സ്ഥലം വെട്ടിയിടാൻ പറയുക.

11. നമ്പർ അനുസരിച്ച് പേപ്പർ അടുക്കി തന്നിട്ടുള്ള കവറിൽ ഇട്ട് കെട്ടി സീൽ ചെയ്ത് ഹെഡ്മാസ്റ്ററെ ഏല്പ്പിക്കുക.

12. പരീക്ഷാ നടത്തിപ്പു സംബന്ധിച്ച് Invigilator രൂപതയിൽ നിന്ന് റിപ്പോർട്ട് എഴുതുവാൻ തന്നിരിക്കുന്ന പേപ്പറിൽ അത് എഴുതി ഹെഡ്മാസ്റ്ററെ ഏല്പിക്കണം. വികാരി ഒപ്പിട്ട റിപ്പോർട്ട് ഉത്തരക്കടലാസിനൊപ്പം ഹെഡ്മാസ്റ്റർ രൂപതയ്ക്ക് നൽകണം.

13. സൂപ്പർവൈസർ വന്നിട്ടില്ലെങ്കിൽ 15 മിനിറ്റ് കാത്തിരിക്കുകയും ഹെഡ്മാസ്റ്റർ - വികാരിയച്ചൻ എന്നിവരുടെ മേൽനോട്ടത്തിൽ മുകളിൽ പറഞ്ഞ കാര്യങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്താവുന്നതാണ്.

**Diploma Valuation**

ഏപ്രിൽ 11 ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് ഡിപ്ലോമ



Scanned with OKEN Scanner

valualtion നടത്തുന്നതാണ്. ഓരോ ഫൊറോനയിൽ നിന്നും 5 അധ്യാപകർ വീതം valuation നു വരേണ്ടതാണ്. പരീക്ഷയിൽ പരാജയപ്പെടുന്നവർക്ക് say പരീക്ഷക്ക് അവസരം നല്കുന്നതാണ്. ഡിപ്ലോമ പരീക്ഷയിൽ ജയിച്ചവർക്കും say പരീക്ഷയിൽ ജയിച്ച വർക്കും ഡിപ്ലോമ നൽകുന്നതാണ്. പരാജയപ്പെടുന്നവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നല്കും. കോഴ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നവർക്ക് HCC യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കില്ല. അവർ 2 വർഷത്തെ കോഴ്സ് പൂർത്തിയാക്കി പരീക്ഷയെഴുതിയാൽ HCC കോഴ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. valuation സംബന്ധിച്ച വിശദ വിവരങ്ങൾ മേഖലാ ഡയറക്ടർമാരെ അറിയിക്കുന്നതാണ്.

**സ്കോളർഷിപ്**

ആദ്യ സെമെസ്റ്ററിൽ രൂപതാ ടീം മൂല്യനിർണ്ണയം ചെയ്ത് സ്കോളർഷിപ്പിന് അർഹത നേടി എന്ന് അറിയിച്ച 4, 7 ക്ലാസ്സിലെ കുട്ടികളുടെ ഉത്തരക്കടലാസുകൾ ക്ലാസ്സധ്യാപകർ മൂല്യനിർണ്ണയം ചെയ്ത് ആ മാർക്ക് അവിടെ ചേർത്തതിന് ശേഷം 2026 ഏപ്രിൽ 25-നു മുൻപായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. പിന്നീട് ലഭി ക്കുന്നവ സ്വീകരിക്കുന്നതല്ല. പത്താം ക്ലാസിൽ ആദ്യ സെമെസ്റ്ററിൽ സ്കോളർഷിപ്പിന് അർഹത നേടിയ കുട്ടികളുടെ ഉത്തരക്കട ലാസുകൾ രൂപതാകേന്ദ്രം വാല്യൂ ചെയ്യുന്നതാണ്. തുടർ സ്കോളർ ഷിപ്പിന് അർഹത നേടിയിരിക്കുന്ന കുട്ടികളുടെ മാർക്ക് രൂപതാ കേന്ദ്രത്തിലേക്ക് വാട്സ്ആപ്പിലൂടെ അറിയിക്കേണ്ടതാണ്.

**ആമുഖ സെമിനാർ, ക്ലാസ് ട്രയിനിംഗ്**

2026-27 അധ്യയന വർഷത്തിന്റെ ആരംഭത്തിൽ ആമുഖ സെമിനാർ നടത്തപ്പെടുന്നതാണ്. അധ്യാപന രംഗത്തേക്ക് നിയോ ഗിക്കപ്പെടുന്ന പുതിയ അധ്യാപകരെ നിർബന്ധമായും ആമുഖ സെമിനാറിൽ പങ്കെടുപ്പിക്കേണ്ടതാണ്. ക്ലാസ് ചാർജ് മാറുന്നവർ അവർക്കുള്ള ക്ലാസ് ട്രെയിനിങ്ങിലും പങ്കെടുക്കേണ്ടതാണ്.

**HM, Conference**

അടുത്ത അധ്യയന വർഷത്തെ ആദ്യ HM Conference മെയ് മാസ ത്തിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതായിരിക്കും. അന്ന്, ജൂബിലേറിയൻസിനെയും, മുഴുവൻ ഹാജരുള്ള കുട്ടികളെയും സ്കോളർഷിപ്പ് ലഭിക്കുന്നവരെയും ആദരിക്കുന്നതായിരിക്കും. ഒപ്പം HCC 2, DCT റാങ്ക് ജേതാക്കൾക്കുള്ള സമ്മാനദാനങ്ങളും നിർവ്വ ഹിക്കുന്നതായിരിക്കും.

**ഫാ. തോമസ് കച്ചിറയിൽ**
മതബോധന ഡയറക്ടർ



Scanned with OKEN Scanner

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹമുള്ള മിഷൻലീഗ് കൂട്ടുകാരെ,

നോമ്പ് കാലത്തിന്റെ പുണ്യവഴികളിലൂടെയുള്ള നമ്മുടെ യാത്ര ഉത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണല്ലോ. സകല മനുഷ്യർക്കും വേണ്ടി ബലിയായ് മാറിയ ക്രൂശിതനെ നെഞ്ചിലേറ്റി, പ്രത്യാശയുടെ സുവിശേഷമായ ഉത്ഥിതനിലേക്ക് കണ്ണിമ ചിമ്മാതെ നോക്കി, അവന്റെ ഹൃദയത്തിന്റെ ശാന്തതയും, എളിമയും നമ്മുടെ ജീവിതത്തിൽ അടയാളപ്പെടുത്തി, സ്നേഹ, ത്യാഗ, സേവന, സഹന വഴികളിലൂടെ ഉയർപ്പിന്റെ സന്തോഷം നമുക്ക് പ്രഘോഷിക്കാം. *നാഥാ കൂടെ വസിക്കണമേ* എന്നുള്ള എമ്മാവൂസിലെ ശിഷ്യരുടെ പ്രാർത്ഥനയ്ക്ക് ഉത്തരമായി ഈശോ സ്വയം പകുത്തുനൽകിയ ദിവ്യകാരുണ്യം സ്വീകരിച്ച അവർ തങ്ങൾ അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെക്കുറിച്ച് കൂടെയുണ്ടായിരുന്നവരോട് പ്രഘോഷിച്ചു എന്നാണല്ലോ വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നത്. ഉത്ഥാനത്തിന്റെ സന്തോഷം അനുഭവിച്ചറിയുന്ന നമ്മളും ദിവ്യകാരുണ്യ പ്രേക്ഷിതരാകുവാൻ വിളിക്കപ്പെട്ടവരാണ്. ഈ പ്രേഷിത നിയോഗമാണ് ഓരോ മിഷൻലീഗ് അംഗത്തെയും അടയാളപ്പെടുത്തുന്നത്.

പ്രിയ കൂട്ടുകാരേ, വേനലവധിയുടെ ദിനങ്ങളിലേക്ക് നിങ്ങൾ പ്രവേശിക്കുമ്പോൾ നിങ്ങളുടെ വാക്കിലും പ്രവർത്തിയിലും പ്രേഷിതനായ ഈശോ നിറഞ്ഞു നിൽക്കട്ടെ. സൗഹൃദ കൂട്ടായ്മകളിലും, കളിസ്ഥലങ്ങളിലും, എൽപ്പിക്കപ്പെടുന്ന ചെറിയ ചെറിയ ഉത്തരവാദിത്വങ്ങളിലും, മറ്റുള്ളവരോടുള്ള പെരുമാറ്റങ്ങളിലുമെല്ലാം ഈശോയുടെ മനസ്സുള്ളവരായി നമുക്ക് വ്യാപരിക്കാം. അതിലൂടെ ക്രിസ്തുവിനെ പ്രഘോഷിക്കുകയാണ് നാം ചെയ്യുന്നത്. നാം അനുഭവിച്ചറിഞ്ഞ ഉയർപ്പിന്റെ സന്തോഷം എമ്മാവൂസിലെ ശിഷ്യരെപ്പോലെ നമുക്കും മറ്റുള്ളവർക്ക് പകർന്നു നൽകാം. ഇതിനായി നമ്മെ സഹായിക്കുവാനും, ഒരുക്കുവാനുമായി ഈ അവധിക്കാലത്തു സംഘടിപ്പിക്കുന്ന ക്യാമ്പുകളിലും, സെമിനാറുകളിലും, ക്രിസ്റ്റീൻ ധ്യാനത്തിലും മറ്റ് അവധിക്കാല പ്രോഗ്രാമുകളിലുമെല്ലാം നിങ്ങൾ എല്ലാവരും സജീവമായി പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. നമ്മുടെ വ്യക്തിത്വത്തെയും, സ്വഭാവ സവിശേഷതകളെയും മികച്ച രീതിയിൽ രൂപപ്പെടുത്താൻ ഇവ നമ്മെ സഹാ

യിക്കും. അങ്ങനെ കൂടുതൽ ഊർജ്ജത്തോടെ പ്രേഷിതനെ അനുദിന ജീവിത പ്രവർത്തികളിലൂടെ ഉദ്ഘോഷിച്ച്, പ്രേഷിതരായി മുന്നേറി മിഷൻലീഗ് അംഗം എന്ന നമ്മുടെ മേൽവിലാസത്തെ നമുക്ക് കൂടുതൽ തെളിമയോടെ അടയാളപ്പെടുത്താം. എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ ഈസ്റ്റർ ദിനങ്ങളും, നന്മ നിറഞ്ഞ അവധിക്കാലവും ഹൃദയപൂർവ്വം ആശംസിക്കുന്നു.

**സന്തോഷച്ചൻ**

**നോമ്പിന്റെ 50 ദിനങ്ങൾ**

നോമ്പിന്റെ അമ്പതു ദിനങ്ങളിലൂടെ കടന്നുപോകുമ്പോൾ ഓരോ ദിനവും ധ്യാനചിന്തകൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകൾ സമൂഹ മാധ്യമങ്ങളിലൂടെ പങ്കുവെച്ച് സുവിശേഷവേലയിൽ പങ്കുചേർന്നു.

**ശാഖകൾക്ക് അഭിനന്ദനങ്ങൾ**

രൂപതാ തലത്തിൽ 2025 വർഷത്തിൽ നടത്തിയ കൈയ്യെഴുത്ത് മാസിക മൽസരത്തിൽ മണിമൂളി ശാഖ ഒന്നാം സ്ഥാനത്തിനും, വാളേരി ശാഖ രണ്ടാം സ്ഥാനത്തിനും, ചാരിറ്റി ശാഖ മൂന്നാം സ്ഥാനത്തിനും അർഹരായി. കൂടാതെ പുതിയിടംകുന്ന്, കേളകം, ബത്തേരി, ചുങ്കക്കുന്ന്, കൊട്ടിയൂർ, അമ്പായത്തോട്, തെനേരി, ഏലപ്പീടിക എന്നീ ശാഖകൾ പ്രോൽസാഹന സമ്മാനങ്ങൾക്കും അർഹരായി. വിജയികളായവർക്കും അവർക്ക് പിന്നിൽ അദ്ധ്വാനിച്ച ശാഖാ നേതൃത്വങ്ങൾക്കും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ശാഖാ സന്ദർശനങ്ങൾ**

മാർച്ച് ഒന്നാം തിയതി നടവയൽ മേഖലയിലെ എല്ലാ ശാഖകളിലും, 15-ാം തീയതി മണിമൂളി, നിലമ്പൂർ മേഖലകളിലെ എല്ലാ ശാഖകളിലും രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും, ടീം അംഗങ്ങളും ശാഖാ സന്ദർശനം നടത്തി. മാർച്ച് 8-ന് നീലഗിരി റീജിയണിലെ കൽപ്രയിൽ സന്തോഷച്ചൻ ദിവ്യബലി അർപ്പിക്കുകയും, ശാഖാ സന്ദർശനം നടത്തുകയും ചെയ്തു. രൂപതാ ടീം അംഗം അരുൺ പേഴേക്കാട്ടിൽ ശാഖ സെമിനാറിന് നേതൃത്വം നൽകി. സന്ദർശനം നടത്താൻ സഹകരിച്ച ശാഖാ നേതൃത്വത്തെ നന്ദിയോടെ ഓർക്കുന്നു.

**റീജിയണൽ സംഗമങ്ങൾ**

ബത്തേരി, മുള്ളൻകൊല്ലി, നീലഗിരി മേഖലകളുടെ റീജിയണൽ സംഗമം 8-ാം തീയതി ബത്തേരിയിൽ വച്ചും, നിലമ്പൂർ, മണിമൂളി മേഖലകളുടെ സംഗമം 15-ാം തീയതി മണിമൂളിയിൽ വച്ചും, ചുങ്കക്കുന്ന്, മാനന്തവാടി മേഖലകളുടെ സംഗമം 22-ാം തീയതി ബോയ്സ് ടൗണിൽ വച്ചും, ദ്വാരക, നടവയൽ, പയ്യമ്പള്ളി മേഖലകളുടെ

സംഗമം 22-ാം തീയതി ചെറുകാട്ടൂരിൽ വച്ചും, കല്ലോടി, തരിയോട്, കൽപ്പറ്റ മേഖലകളുടെ സംഗമം 22-ാം തീയതി കാവുമന്ദം ശാഖയിൽ വച്ചും നടത്തപ്പെട്ടു. റീജിയണൽ സംഗമത്തിൽ രൂപതാ, മേഖലാ ഭാരവാഹികൾ പങ്കെടുത്തു. മേഖലാ റീജിയണൽ ക്യാമ്പുകൾ, രൂപത വാർഷികം, മേഖലാ പ്രവർത്തനങ്ങൾ എന്നിവ ചർച്ച ചെയ്തു.

**കുരിശിന്റെ വഴിയെ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ 40-ാം വെള്ളിയാഴ്ച ശിശുമല ശാഖയിൽ വച്ചു നടന്ന കുരിശിന്റെ വഴി പ്രാർത്ഥനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു.

**ആശംസകൾ**

മാനന്തവാടി രൂപതയെ പിതൃസ്നേഹത്തോടെ നയിക്കുന്ന മാർ ജോസ് പൊരുന്നേടം പിതാവിന്റെ നാമഹേതുക തിരുനാൾ ദിനത്തിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത പിതാവിന് തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

**രൂപതാ വാർഷികം**

ചെറുപുഷ്പ മിഷൻലീഗിന്റെയും, തിരുബാലസഖ്യത്തിന്റെയും രൂപതാ വാർഷികം ഏപ്രിൽ 15-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു. രാവിലെ 9 മണിക്ക് ദ്വാരക വിശുദ്ധ അൽഫോൻസ ഫെറോനാ ദേവാലയ പരിസരത്തുനിന്നും പ്രേഷിത റാലിയോടെ വാർഷികത്തിന് തുടക്കം കുറിക്കുന്നതിനാൽ എല്ലാ അംഗങ്ങളും അവിടെ എത്തിച്ചേരേണ്ടതാണ്. വാഹനങ്ങളിൽ വരുന്നവർ അംഗങ്ങളെ അവിടെ ഇറക്കി പാസ്റ്ററൽ സെന്ററൽ പരിസരത്ത് വാഹനം പാർക്ക് ചെയ്യണം. വാർഷികത്തിൽ ഒരു ശാഖയിൽ നിന്ന് 5 മിഷൻലീഗ് അംഗങ്ങളും, 5 തിരുബാലസഖ്യ അംഗങ്ങളും ഉൾപ്പെടെ 10 പേരാണ് പങ്കെടുക്കേണ്ടത്. അന്നേ ദിവസം ഈ വർഷത്തെ വിവിധ പരിപാടികളുടെ സമ്മാനങ്ങൾ നൽകുന്നതിനാൽ അങ്ങനെയുള്ളവരെ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ. രജിട്രേഷൻ ഫീസായി ഒരു ശാഖ 750 രൂപയാണ് നൽകേണ്ടത്. രൂപതാ വാർഷികത്തിൽ എല്ലാ ശാഖകളിൽ നിന്നും അംഗങ്ങളെ കൊണ്ടുവരുവാൻ ശാഖാ നേതൃത്വം ശ്രദ്ധിക്കുമല്ലോ. ഭക്ഷണം, മറ്റ് ക്രമീകരണം എന്നിവയ്ക്കായി പങ്കെടുക്കുന്നവരുടെ എണ്ണം ഏപ്രിൽ 5-ന് മുമ്പ് ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. നിലമ്പൂർ, മണിമൂളി മേഖലകളുടെ റീജിണൽ വാർഷികം മണിമൂളിയിൽ വച്ച് നടത്തുന്നതാണ്.

**ശാഖ വാർഷിക റിപ്പോർട്ട്**

ബെസ്റ്റ് ശാഖ, മേഖലകളെ തിരഞ്ഞെടുക്കുന്നതിനായി എല്ലാ ശാഖകളും മേഖലകളും മാർച്ച് 31 വരെയുള്ള 10 മാസത്തെ

റിപ്പോർട്ട് ഏപ്രിൽ 15-ന്, വാർഷികത്തിന് വരുമ്പോൾ രൂപതാ ഓഫീസിൽ ഏൽപ്പിക്കാൻ മറക്കരുതേ.

**ക്രിസ്റ്റീൻ ധ്യാനം**

മെയ് മാസം 3,4,5,6 തീയതികളിൽ ബോയ്സ് ടൗൺ ധ്യാന കേന്ദ്രത്തിൽ വച്ച് 7-ാം ക്ലാസുമുതൽ പ്ലസ്ടു വരെ പഠിക്കുന്ന കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടക്കുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 100 കുട്ടികൾക്കാണ് അവസരമുണ്ടാവുക. പേര് രജിസ്റ്റർ ചെയ്യേണ്ട ഫോൺ നമ്പർ : 9188241017, (ഓഫീസ് നമ്പർ) 9747038302 (ജോൺ പുല്ലാപ്പിള്ളിൽ)

**റീജിയണൽ ക്യാമ്പ്**

അഞ്ച് റീജിയണുകളിലായി ഏപ്രിൽ, മെയ് മാസങ്ങളിൽ രൂപതയുടെ നേതൃത്വത്തിൽ കുട്ടികൾക്കായി ക്യാമ്പ് സംഘടിപ്പിക്കുന്നു.

**രൂപതാ ക്യാമ്പ്**

മെയ് മാസത്തിൽ കുട്ടികൾക്കായി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ ക്യാമ്പ് നടത്തപ്പെടുന്നു.

**ശാഖ ഇലക്ഷൻ (2026-2027)**

പുതിയ പ്രവർത്തന വർഷത്തിലേക്കുള്ള ശാഖാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്, മെയ് മാസം അവസാനത്തെ ഞായറാഴ്ച പൂർത്തികരിച്ച് ജൂൺ ആദ്യ ആഴ്ചയിൽ തന്നെ രൂപതയിൽ ലിസ്റ്റ് തരണമെന്ന് ഓർമ്മിപ്പിക്കുന്നു

**ചുങ്കക്കുന്ന് മേഖല**

ഫെബ്രുവരി മാസം പ്രതിമാസ മൽസരങ്ങളായി ലോക ക്യാൻസർ ദിനത്തിൽ പോസ്റ്റർ രചന, തിരുബാലസഖ്യദിനത്തിൽ കളറിംഗ് മൽസരം, വാലന്റൈൻസ് ദിനത്തിൽ എന്റെ ഈശോയ്ക്ക് ഒരു കത്ത് എന്നീ മൽസരങ്ങൾ സംഘടിപ്പിച്ചു. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ആശംസകൾ അറിയിച്ചു.

**ശാഖാ വാർത്തകൾ**

**കല്ലോടി**

സൺഡേ സ്റ്റാർ, മിഷൻ സ്റ്റാർ, ബൈബിൾ സ്റ്റാർ എന്നിവരെ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകി. ഇടവക തിരുനാളിനോടനുബന്ധിച്ച് പ്രദക്ഷിണത്തിനാവശ്യമായ ക്രമീകരണങ്ങൾ മിഷൻലീഗ് അംഗങ്ങൾ ചെയ്തു. ആർമി ഓഫ് ജീസ്സുകാർ തിരുനാൾ ദിനങ്ങളിൽ എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം നൽകി. രോഗീസന്ദർശനം നടത്തി.

**ഏലപ്പീടിക**

ഞാറാഴ്ചകളിൽ കുട്ടികൾക്ക് വി. കുർബാനയെക്കുറിച്ച് ക്ലാസ്സുകൾ നൽകി കുർബാനയ്ക്കായി ഒരുക്കുന്നു. കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു. ഭവന സന്ദർശനവും രോഗീ സന്ദർശനവും നടത്തി.

**മാർട്ടിൻനഗർ**

ഇടവക തിരുനാളായ ഫെബ്രുവരി ഒന്നിന് നേർച്ചഭക്ഷണം വിളമ്പുന്നതിനും, കഴുന്ന് എടുക്കുന്നതിനും, തിരുനാളിന് ശേഷം ദേവാലയ പരിസരം വൃത്തിയാക്കുന്നതിനും മിഷൻലീഗ് അംഗങ്ങളുടെ സജീവസാന്നിധ്യം ഉണ്ടായിരുന്നു. ബൈബിൾ സ്റ്റാർ, മിഷൻ സ്റ്റാർ, സൺഡേ സ്റ്റാർ എന്നിവരെ ഓരോ ഞായറാഴ്ചകളിലും തിരഞ്ഞെടുത്തു. തിരുബാലസഖ്യദിനം ആചരിച്ചു. രൂപതാ തിരുബാലസഖ്യമൽസരത്തിൽ കുട്ടികൾ പങ്കെടുക്കുകയും വിജയം കരസ്ഥമാക്കുകയും ചെയ്തു.

**ചുള്ളിയോട്**

തിരുബാലസഖ്യദിനത്തിൽ കുഞ്ഞുങ്ങൾ കാഴ്ചസമർപ്പണം നടത്തി. ഇടവകാ വാർഷിക ധ്യാനത്തിൽ കുട്ടികൾ സംബന്ധിച്ചു.

**ബോസ്പാറ**

കരുതലിന്റെ കരങ്ങളും, കാരുണ്യത്തിന്റെ ഹൃദയവുമുള്ള പ്രേക്ഷിതരാവുക എന്ന ലക്ഷ്യവുമായി കഴിഞ്ഞ പത്തു മാസമായി ബോസ്പാറ ശാഖയിലെ മിഷൻലീഗ് അംഗങ്ങൾ പ്രേക്ഷിത കുടുക്ക വഴി സ്വരുക്കൂട്ടിയ തുക അർഹരായ കുടുംബത്തിന് കൈമാറി. വലിയ നോമ്പിനോടനുബന്ധിച്ച് എല്ലാ ദിവസവും നോമ്പ് വിചിന്തനങ്ങൾ നൽകുന്ന പ്രോഗ്രാം ആരംഭിച്ചു. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വിളിച്ചോതുന്ന കൈയ്യെഴുത്ത് മാസിക കുരുന്നു വർണ്ണങ്ങൾ തയ്യാറാക്കി.

**പുതിയിടംകുന്ന്**

തിരുബാലസഖ്യദിനം ആഘോഷിച്ചു. തിരുബാലസഖ്യ അംഗങ്ങൾക്കായി പ്രത്യേക പ്രാർത്ഥന നടത്തുകയും മധുരം വിതരണം ചെയ്യുകയും ചെയ്തു. മിഷൻലീഗിന്റെ നേതൃത്വത്തിൽ പ്ലസ്ടു വിദ്യാർത്ഥികൾക്ക് യാത്രയയ്പ്പ് നൽകി. രൂപതാ തിരുബാലസഖ്യ മൽസരത്തിൽ അംഗങ്ങൾ പങ്കെടുത്തു. രോഗീസന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. വ്യക്തി ജീവിതത്തിൽ പാലിക്കേണ്ട നല്ല ശീലങ്ങൾ എന്ന വിഷയവുമായി ബന്ധപ്പെട്ട് സി. ആൽഫിൻ എസ് എച്ച് കുട്ടികൾക്ക് ക്ലാസ് എടുത്തു. പെൺകുട്ടികൾക്കായി ദൈവവിളി സെമിനാർ നടത്തി. ലഹരി വിരുദ്ധവുമായി ബന്ധപ്പെട്ട ഫ്ളാഷ് മോബ് അവതരിപ്പിച്ചു.

**മൂലങ്കാവ്**

തിരുബാലസഖ്യദിനം ആചരിച്ചു. വിശുദ്ധ കുർബാനയ്ക്ക് കുട്ടികൾ കാഴ്ചസമർപ്പണം നടത്തി. വിവിധ തരം മൽസരങ്ങൾ

പല ദിവസങ്ങളിലായി നടത്തി. കളറിംഗ്, ഈശോയുടെ ചിത്രം വരയ്ക്കൽ, പ്രച്ഛന്നവേഷം, ആംഗ്യപ്പാട്ട് കൂടാതെ കായികമൽസരവും നടത്തി. വിജയികളായ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും പങ്കെടുത്ത എല്ലാ കുട്ടികൾക്കും പ്രോൽസാഹന സമ്മാനങ്ങൾ നൽകുകയും ചെയ്തു. അങ്ങനെ തിരുബാലസഖ്യദിനം മനോഹരമായി ആഘോഷിച്ചു.

**തെനേരി**

പുത്തരി തിരുനാൾ ദിനത്തിൽ ഫലധാന്യ വസ്തുക്കൾ കൊണ്ട് മാതാവിന്റെ രൂപം മനോഹരമായി അലങ്കരിച്ചു. ചൊവ്വാഴ്ചകളിൽ മിഷൻലീഗ് അംഗങ്ങൾ പടവിലൂടെ കുരിശിന്റെ വഴി നടത്തി. വനിതാ ദിനത്തിൽ മാതാവിന്റെ പിന്നാലെ എന്ന് ഓർമ്മിപ്പിച്ച് മാതാവിന്റെ ചിത്രത്തിന് ഫിഗർ വച്ച് കളർ നൽകി. മദ്യവിരുദ്ധ ദിനത്തോടനുബന്ധിച്ച് മദ്യവിരുദ്ധ പ്രതിജ്ഞ ചൊല്ലി. തുടർന്ന് നടന്ന റാലിയിൽ മുദ്രാവാക്യങ്ങളിലൂടെ ബോധവൽക്കരണം നൽകി. മുതിർന്ന മിഷൻ ലീഗ് അംഗങ്ങൾ കൽപ്പറ്റ താലൂക്ക് ആശുപത്രിയിൽ രക്തദാനം നടത്തി. പഴൂർ മത്തായിസ് വൃദ്ധസദനവും, മാനന്തവാടി സമരിറ്റൻ ഭവനവും സന്ദർശിച്ചു.

**കോട്ടത്തറ**

തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് കുഞ്ഞുങ്ങളെ ആദരിക്കുകയും പൂക്കളും മിഠായികളും നൽകി അവർക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു. ജന്മദിനം ആഘോഷിക്കുന്ന കുഞ്ഞുങ്ങൾക്ക് ആശംസകൾ നേർന്നു. മിഷൻലീഗ് അംഗങ്ങളെ എല്ലാ കാര്യങ്ങളിലും സഹായിച്ചുകൊണ്ടിരുന്ന ബ്രദർ ഡോണൽ എം.സി.ബി.എസിന് സെന്റ് ഓഫ് നൽകി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് ദൈവവിളി സെമിനാർ നടത്തി. വാഴ്ത്തപ്പെട്ട റാണിമരിയയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധരെ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി ജോയൽ മൂത്തേടത്ത് ചരിത്രം അവതരിപ്പിച്ചു.

**തൃശ്ശിലേരി**

തിരുബാലസഖ്യദിനം ആഘോഷിച്ചു. അംഗത്വസ്വീകരണവും നവീകരണവും നടത്തി. കുട്ടികൾക്കായി വിവിധ ഗെയിംസ് സംഘടിപ്പിച്ചു. വിജയികൾക്ക് സമ്മാനങ്ങൾ നൽകി. പരീക്ഷകൾക്ക് ഒരുക്കമായി വിദ്യാർത്ഥികൾക്കുവേണ്ടി പ്രാർത്ഥന നടത്തി.

**ഇരുളം**

തിരുബാലസഖ്യദിനം ആഘോഷിച്ചു. കുട്ടികൾ കാഴ്ചസമർപ്പണം നടത്തി. അന്നേ ദിനം കുഞ്ഞുങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. പരീക്ഷ എഴുതുന്ന കുട്ടികൾക്കായ് പരീക്ഷ ഒരുക്ക ആരാധന നടത്തി. കൗൺസിലിംഗ് സംഘടിപ്പിച്ചു.

**ജോൺ പുല്ലാപ്പിള്ളിൽ**
സെക്രട്ടറി



Scanned with OKEN Scanner

# തിരുബാലസഖ്യം

ഈശോയിൽ സ്നേഹം നിറഞ്ഞവരെ, നോമ്പുകാലം ഉപവാസത്തിലൂടെയും, പ്രാർത്ഥനയിലൂടെയും, ദാനധർമ്മത്തിലൂടെയും ആത്മീയ നവീകരണത്തിന് ദൈവത്തോട് അടുക്കുവാനുള്ള കാലമാണ്. പിന്നിട്ട വഴികളിലെ തെറ്റുകൾ തിരുത്തി ഹൃദയ നവീകരണം നടത്തി ദൈവകാരുണ്യത്തിന്റെ പാതയിൽ സഞ്ചരിച്ച് മരണത്തെ ജയിച്ച ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പ് നമ്മുടെ ജീവിതത്തിലും പുതുജീവനും പ്രത്യാശയും പകരട്ടെ എന്ന് ആശംസിച്ചുകൊണ്ട് എല്ലാ കുഞ്ഞുമക്കൾക്കും ഈസ്റ്റർ മംഗളങ്ങൾ നേരുന്നു. വചനാധിഷ്ഠിതമായ ജീവിതം നയിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് ഇടവകതലത്തിൽ നടത്തിയ *തിരുവചനം പറയൽ* മൽസരത്തിൽ ധാരാളം കുഞ്ഞുമക്കൾ പങ്കുചേരുകയും, വീഡിയോകൾ ഗ്രൂപ്പിൽ പങ്കുവെയ്ക്കുകയും ചെയ്തു. തിരുബാലസഖ്യത്തിന്റെ രൂപതാ വാർഷികം ഏപ്രിൽ 15-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. അന്നേദിനം വിവിധ മൽസരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകുന്നതാണ്. സമ്മാനാർഹരായവരെയും പ്രത്യേകം ക്ഷണിക്കുന്നു. നോമ്പുകാലത്തോടനുബന്ധിച്ച് 50 ദിവസം നീണ്ടുനിൽക്കുന്ന 'കുഞ്ഞുവിചാരങ്ങൾ' (നോമ്പുകാല ചിന്തകൾ) വീഡിയോ അവതരണം നടത്തുകയും ഗ്രൂപ്പുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തു.

**കൈയ്യെഴുത്ത് മാസിക മൽസരം**

ഒന്നാം സ്ഥാനം - ബത്തേരി ശാഖ
രണ്ടാം സ്ഥാനം - ബോസ്പാറ ശാഖ
മൂന്നാം സ്ഥാനം - ചെറുകാട്ടൂർ ശാഖ

**ജോണി കൊന്നയിൽ**
സെക്രട്ടറി

# Department of Youth Ministry

**ലൈഫ് ട്രെയിനിങ്**

2026 ജനുവരി രണ്ടാം തീയതി രാവിലെ മുതൽ 9:30 മുതൽ മൂന്നാം തീയതി വൈകുന്നേരം നാലുമണി വരെ ലൈഫ് 2025 ബാച്ചിലെ കുട്ടികൾക്കായി ദ്വാരക യൂത്ത് മിനിസ്റ്റർ ഓഫീസിൽ വച്ച് ക്യാമ്പ് നടത്തപ്പെട്ടു. 15 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്. 2026 ഫെബ്രുവരി 28 ശനിയാഴ്ച രാവിലെ 9:30 മുതൽ വൈകുന്നേരം 4 മണി വരെ ലൈഫ് ട്രെയിനിങ് 2025 ബാച്ചിലെ കുട്ടികൾക്കായി യൂത്ത് മിനിസ്ട്രി ഓഫീസിൽ വച്ച് ക്യാമ്പ് നടത്തപ്പെട്ടു. അന്നേ ദിനം തന്നെ 2021 ബാച്ചിലെ കുട്ടികൾക്കായി പരീക്ഷ ഒരുക്ക പ്രാർത്ഥനയും നടത്തി. 2026 മാർച്ച് ഏഴാം തീയതി ശനിയാഴ്ച രാവിലെ 9:30 മുതൽ വൈകുന്നേരം 3.30 വരെ 2023, 2024, 2025 ബാച്ചിലെ കുട്ടികൾക്കായി പരീക്ഷ ഒരുക്ക ക്ലാസും കുമ്പസാരവും പ്രാർത്ഥനയും നടത്തി. ഫാ. ലാൽ പൈനുങ്കൽ, ഫാ. തോമസ് ഞള്ളമ്പുഴ, സി. ഷിജി മരിയ സി. എം. സി. എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**ലൈഫ് ട്രെയിനിങ് എൻട്രൻസ് എക്സാം**

സമുദായ വർഷമായി ആചരിക്കുന്ന ഈ വർഷം സമുദായ ശക്തീകരണം സഭ മക്കളിലൂടെ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാൻ ലൈഫ് ട്രെയിനിങ്ങിലൂടെ വിദ്യാർഥികൾക്ക് അവസരം ഒരുങ്ങുന്നു. മാനന്തവാടി രൂപതയിലെ സ്കൂളിൽ അഞ്ച് /ആറ് ക്ലാസിൽ പഠിക്കുന്ന പരമാവധി വിദ്യാർത്ഥികൾക്ക് ലൈഫ് ട്രെയിനിങ് പ്രയോജനം ലഭിക്കുന്നതിനുവേണ്ടി ഈ വർഷം പ്രവേശന പരിപാടികൾ ലളിതമാക്കിയിരിക്കുന്നു. പരീക്ഷയുടെ രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കിയിരിക്കുന്നു. ഒരു ഇടവകയിൽ നിന്ന് അഞ്ചുപേർ രജിസ്റ്റർ ചെയ്താൽ ആ ഇടവകയിൽ പരീക്ഷ എഴുതാൻ അവസരം നൽകുന്നതാണ്. ഏപ്രിൽ 10 – ന് വേദപാഠ പരീക്ഷയ്ക്ക് ശേഷം മതാധ്യാപകരുടെ നിരീക്ഷണത്തിൽ പരീക്ഷ എഴുതാവുന്നതാണ്. സ്കൂളിൽ അഞ്ചിലും ആറിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യത്യസ്തമായിട്ടാണ് പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്. ഏതെങ്കിലും കാരണത്തിൽ



Scanned with OKEN Scanner

ഇടവകയിൽ പരീക്ഷ എഴുതാൻ സാധിക്കാത്തവർക്ക് യൂത്ത് മിനിസ്ട്രി ഓഫീസിൽ വച്ച് ഏപ്രിൽ പതിനൊന്നാം തീയതി 10 മണിക്ക് പരീക്ഷ എഴുതാൻ അവസരം ഉണ്ടായിരിക്കും.

2015-ൽ ആരംഭിച്ച ലൈഫ് ട്രെയിനിങ് ഇന്ന് 11 ബാച്ചുകളിലായി 135 വിദ്യാർഥികൾ പരിശീലനം നേടുന്നു. പന്ത്രണ്ടാമത്തെ ബാച്ചിലേക്കുള്ള എൻട്രൻസ് എക്സാം ആണ് ഇപ്പോൾ നടക്കുന്നത്. ലൈഫ് ട്രെയിനിങ് പരിശീലനത്തിലൂടെ കടന്നുപോയ വിദ്യാർത്ഥികൾ നിലവിൽ സിവിൽ സർവീസ്, മെഡിസിൻ, എൻജിനീയറിങ്, മറ്റ് ഇതര പ്രൊഫഷണൽ കോഴ്സുകൾക്ക് വേണ്ടി സെൻട്രൽ, സ്റ്റേറ്റ് ഗവൺമെന്റിന്റെ വിവിധ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്നു. അവധിക്കാലങ്ങളിലും രണ്ടാം ശനിയാഴ്ചയും ആണ് ലൈഫ് ട്രെയിനിങ് നടക്കുന്നത്. പരിശീലനത്തിനു വേണ്ടി ചെറിയൊരു തുക വിദ്യാർത്ഥികൾ നൽകേണ്ടതാണ്.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
ഡയറക്ടർ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി



Scanned with OKEN Scanner

**കർമ്മോദയ 2026**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ 2026 പ്രവർത്തന വർഷത്തോടനുബന്ധിച്ചുള്ള ഭാരവാഹികളുടെ മേഖല സന്ദർശനം മാനന്തവാടി, തരിയോട്, നടവയൽ മേഖലകളിൽ പൂർത്തീകരിച്ചു. രൂപതാ പ്രസിഡന്റ് നിഖിൽ ചൂടിയാങ്കൽ യോഗങ്ങളിൽ അധ്യക്ഷത വഹിച്ചു. മേഖലയിലെ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികളെയും നേതൃത്വനിരയിലേക്ക് കടന്നുവരേണ്ടതിന്റെ ആവശ്യകതയും കുറിച്ച് വിശദമായ ചർച്ചകൾ നടത്തി. രൂപതാ സമിതി നേതൃത്വം നൽകി

**My Christ**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ സ്വർഗീയ മധ്യസ്ഥനായ വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ സ്വന്തം കൈപ്പടയിൽ പകർത്തിയെഴുതി വചന സാക്ഷികളാകാൻ രൂപതയിലെ എല്ലാ യുവജനങ്ങളെയും മൈ ക്രൈസ്റ്റ് വചന യജ്ഞത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ജൂൺ 29 വി.പൗലോസ് ശ്ലീഹായുടെ തിരുനാൾ ദിനത്തിലാണ് എഴുതിയവ സമർപ്പിക്കേണ്ടത്.

**ഡിജിറ്റൽ സ്പാർക്ക്**

വാർത്തകളും ദൃശ്യങ്ങളും ലോകത്തെ മാറ്റിമറിക്കുന്ന കാലത്ത്, മാധ്യമ രംഗത്തെ പുതിയ സാങ്കേതിക വിദ്യകൾ സ്വന്തമാക്കാൻ, സോഷ്യൽ മീഡിയ കൈകാര്യം ചെയ്യാൻ, വാർത്തനിർമ്മാണത്തിലും, ഡിജിറ്റൽ കണ്ടന്റ് ക്രിയേഷനിലും പ്രാവീണ്യം നേടാനും കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മാനന്തവാടി രൂപത മീഡിയ കമ്മീഷന്റെ സഹകരണത്തോടെ യുവജനങ്ങൾക്കായി മീഡിയ പരിശീലനം സംഘടിപ്പിച്ചു.

**തിരക്കഥ മത്സരം**

സമുദായത്തിന്റെ പൈതൃകവും വിശ്വാസവും ചോർന്നുപോകാതെ കാത്തുസൂക്ഷിക്കാൻ കെ സി വൈ എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സമുദായ ശക്തീകരണ വർഷത്തിന്റെ ഭാഗമായി ഷോർട്ട് ഫിലിം 'കനൽക്കാക്കുന്ന യുവത്വം' സ്ക്രിപ്റ്റ് മത്സരം സംഘടിപ്പിക്കുന്നു. രചനകൾ സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ 30.

**Blessed Life**

മാറുന്ന കാലഘട്ടത്തിൽ, വിവാഹത്തെയും കുടുംബ ജീവിതത്തെയും കുറിച്ചുള്ള പുതുതലമുറയുടെ കാഴ്ചപ്പാടുകൾ ഏറെ മാറികൊണ്ടിരിക്കുന്നു. വിവാഹമെന്ന വാക്കിനെ ഭയത്തോടെ കേൾക്കുന്ന ഒരു കാലമായി മാറുന്ന സാഹചര്യം. ഉത്തരവാദിത്തങ്ങളുടെയും മാറുന്ന ജീവിത സാഹചര്യങ്ങളുടെയും പേരിൽ കുടുംബജീവിതം ഒരു ഭാരമായി മാറുമെന്ന് ഇന്ന് പലരും ചിന്തിക്കുന്നു. എന്നാൽ ഈ ചിന്താഗതി തിരുത്താനും ജീവന്റെ മനോഹാരിത ലോകത്തോട് വിളിച്ചുപറയാനും ഈ സമുദായ ശക്തീകരണ വർഷത്തിൽ കെ.സി.വൈ.എം. മാനന്തവാടി രൂപത Blessed Life പ്രോഗ്രാം സംഘടിപ്പിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി കൂടുതൽ മക്കളുള്ള മാതൃകാ കുടുംബങ്ങളെ ആദരിക്കുന്നു. ആ കുടുംബങ്ങളിലെ മക്കൾക്ക് യുവത്വത്തിന്റെ മദ്ധ്യസ്ഥനായ വി. കാർലോ അക്കുത്തിസിന്റെ രൂപവും പുസ്തകവും സമ്മാനമായി നൽകി വരുന്നു.

**അംഗത്വ മാസാചരണം**

ക്രൈസ്തവ ആദർശങ്ങളിലധിഷ്ഠിതമായി കത്തോലിക്കാ യുവജനങ്ങളുടെ സമഗ്ര വികസനവും സമൂഹത്തിന്റെ സമ്പൂർണ വിമോചനവും ലക്ഷ്യം വച്ച് യുവജന പ്രസ്ഥാനം 2026 പ്രവർത്തന വർഷത്തിലേക്ക് കടന്നിരിക്കുമ്പോൾ മാർച്ച് ഒന്ന് മുതൽ ഏപ്രിൽ മുപ്പതു വരെ കെ.സി.വൈ.എം മാനന്തവാടി രൂപത അംഗത്വ മാസാചരണം നടത്തപ്പെടുന്നു. അംഗത്വ സ്വീകരണം Rs .15/- അംഗത്വ നവീകരണം Rs. 10/-

**വനിതാ ദിനാചരണം**

യൂണിറ്റ്, മേഖല തലങ്ങളിൽ വിപുലമായ പരിപാടികളോടെ ലോക വനിതാദിനം ആചരിച്ചു.സംസ്ഥാനത്തെ ഏറ്റവും മികച്ച വാണിജ്യ ക്ഷീരകർഷകക്കുള്ള പുരസ്കാരം കരസ്ഥമാക്കിയ തവിഞ്ഞാൽ യൂണിറ്റിലെ ലില്ലിസ് ഫാം പ്രോഡക്ട്സ് ഉടമ ശ്രീമതി ലില്ലി മാത്യു അയ്യാനിക്കാട്ടിനെ കെ.സി.വൈ.എം. രൂപതയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് പൊന്നാടയണിയിച്ച് ആദരിച്ചു. രൂപതാ സിൻഡിക്കേറ്റ് അംഗങ്ങളും തരിയോട്, മാനന്തവാടി മേഖലാ ഭാരവാഹികളും, തവിഞ്ഞാൽ യുണിറ്റിലെ യുവജനങ്ങളും പങ്കെടുത്തു. വനിതാ ദിനത്തോടനുബന്ധിച്ച് രൂപത വൈസ് പ്രസിഡന്റ് വിന്ധ്യ പടിഞ്ഞാറേൽ വീഡിയോ സന്ദേശം നൽകി.

**പത്രപ്രസ്താവനകൾ**

മദ്യശാലകളുടെ പ്രവർത്തന സമയം വർദ്ധിപ്പിക്കാനുള്ള സർക്കാർ നീക്കത്തിനെതിരെയും, പശ്ചിമേഷ്യയിൽ യുദ്ധം നട

ക്കുന്ന സാഹചര്യത്തിൽ യുദ്ധവിരുദ്ധ നിലപാട് അറിയിച്ചും, സംസ്ഥാനത്തെ നഴ്സിംഗ് മേഖല നേരിടുന്ന തൊഴിൽ പ്രതിസന്ധികളിലും തുടരുന്ന സമരമുറകളിലും ആശങ്ക രേഖപ്പെടുത്തികൊണ്ടും പത്രപ്രസ്താവനകൾ നടത്തി.

**ദിനാചരണങ്ങൾ**

ലൂർദ്ദ്മാതാവിന്റെ തിരുനാൾ ദിനം, ലോക റേഡിയോദിനം, പുൽവാമ അനുസ്മരണം, വാലന്റൈൻസ് ഡേ, മാതൃഭാഷാദിനം, വാ. സിസ്റ്റർ റാണി മരിയയുടെ തിരുനാൾ, അന്താരാഷ്ട്ര വനിതാ ദിനം എന്നീ ദിനാചരണങ്ങൾ നടത്തി.

**നാഥനോടൊപ്പം**

സിറോമലബാർ സഭയുടെ പ്രാർത്ഥന ദിനത്തിൽ നാഥനോടൊപ്പം എന്ന പേരിൽ കെ.സി.വൈ.എം മാനന്തവാടി രൂപതയിലെ യുവജനങ്ങൾ ഉപവസിച്ച് പ്രാർത്ഥനാദിനമായി ആചരിച്ചു.

**നാമഹേതുകതിരുനാൾ**

വിശുദ്ധ യൗസേപ്പിതാവിനെപ്പോലെ കരുതലോടെയും വിശ്വസ്തതയോടെയും രൂപതയെ നയിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന് സ്നേഹപൂർവ്വമായ നാമഹേതുക തിരുനാൾ ആശംസകൾ.

**ആശംസകൾ**

കേരള കത്തോലിക്ക യുവജന പ്രസ്ഥാനത്തിന്റെ നിയുക്ത സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷിബിൻ ഷാജിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന സമിതിക്ക് കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**ജന്മദിനാശംസകൾ**

മാനന്തവാടി രൂപതയുടെ ഇടയൻ മാർ ജോസ് പോരുന്നേടം പിതാവിനും, രൂപത സെക്രട്ടറി ദിവ്യ പാട്ടശ്ശേരിയിൽ, രൂപത സിൻഡിക്കേറ്റ് അംഗം ആഷ്ന വിൽസൺ, രൂപത സിൻഡിക്കേറ്റ് അംഗം ജോസ്‌ലിൻ കദളിമറ്റം, മുൻ രൂപതാ പ്രസിഡന്റ് ബിബിൻ പിലാപ്പള്ളിൽ, തരിയോട് മേഖലാ ഡയറക്ടർ റവ. ഫാ. തോമസ് പ്ലാശ്ശനാൽ എന്നിവർക്കും ജന്മദിനാശംസകൾ നേർന്നു.

**ആദരാഞ്ജലികൾ**

കെ. സി. വൈ. എം. കൽപ്ര യൂണിറ്റ് അംഗം മഞ്ജു പന്തക്കലിന് ആദരാഞ്ജലികൾ നേർന്നു.

**നന്ദിയോടെ**

കെ. സി. വൈ. എം. പയ്യമ്പള്ളി മേഖലാ ഡയറക്ടറായി സേവനം ചെയ്ത ഫാ. ജിജോ പല്ലാട്ടുകുന്നേലിനും, മേഖലാ ആനിമേറ്റേഴ്സായി സേവനം ചെയ്ത സി. സിസിലി എസ്.എച്ച് (കല്പറ്റ മേഖല), സി.

സൂര്യ എസ്. കെ. ഡി. (തരിയോട് മേഖല) എന്നിവർക്കും കെ. സി. വൈ.എം രൂപതാ കുടുംബത്തിന്റെ നന്ദി.

**സ്വാഗതം**

പുതിയതായി നിയുക്തരായിരിക്കുന്ന കെ. സി. വൈ. എം. പയ്യമ്പള്ളി മേഖലാ ഡയറക്ടർ ഫാ. മനു അറയ്ക്കപറമ്പിലിനും, കല്പറ്റ മേഖലാ ആനിമേറ്റർ സി. റ്റെയ്സി എസ്. എച്ച്, തരിയോട് മേഖലാ ആനിമേറ്റർ സി. ലിറ്റിൽന എഫ്. സി. സി. എന്നിവർക്കും കെ. സി. വൈ. എം. രൂപതാ കുടുംബത്തിലേക്ക് സ്വാഗതം.

**മേഖലാ വാർത്തകൾ**

**തരിയോട്**

സമുദായ ശക്തീകരണ വർഷത്തിൽ യുവാക്കളുടെ പങ്കിനെക്കുറിച്ച് ബോധവത്കരണം നൽകുന്നതിനായി നയരൂപീകരണ യോഗം നടത്തി. പുൽവാമ അനുസ്മരണം രാജ്യത്തിന് വേണ്ടി ജീവൻ സമർപ്പിച്ച ധീര ജവാന്മാരെ അനുസ്മരിക്കുന്ന പോസ്റ്ററുകൾ സമൂഹ മാധ്യമങ്ങളിൽ പങ്കുവച്ചു. സെപ്റ്റംബർ 15 – ന് മേഖല പ്രവർത്തന വർഷം SEGEN പ്രസിഡന്റ് അബിനന്ദ് കൊച്ചുമലയുടെ അധ്യക്ഷതയിൽ ഡയറക്ടർ ഫാ. തോമസ് പ്ലാശനാൽ ഉദ്ഘാടനം ചെയ്തു. മേഖലാ ആനിമേറ്റർമാരുടെ സംഗമം നടത്തി. എസ്. എസ്. എൽ. സി, പ്ലസ് ടു കുട്ടികൾക്കായി മിസ് ഫിദ, മിസ് ജിൻഷ എന്നിവർ പരീക്ഷ ബോധവത്കരണ ക്ലാസ്സ് നടത്തി. സിയോൻ ഡയറക്ടർ ഫാ. ജിന്റോ തട്ടുപറമ്പിൽ പരീക്ഷ ഒരുക്ക ആരാധനയും നടത്തി. മേഖലാ ഡയറക്ടർ ഫാ. തോമസ് പ്ലാശനാൽ ഷോർട്ട് ഫിലിം പ്രകാശനം ചെയ്തു. കെ സി വൈ എം മാനന്തവാടി രൂപതയുടെ ഡിജിറ്റൽ സ്പാർക്ക് മീഡിയ പരിശീലനത്തിൽ മേഖലയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് അബിനന്ദ് കൊച്ചുമലയിൽ, റിൻസൺ കാരക്കൽ എന്നിവർ സംബന്ധിച്ചു. കെ സി വൈ എം മാനന്തവാടി രൂപതാ ഭാരവാഹികൾ മേഖലാ സന്ദർശനം നടത്തി. രണ്ട് വർഷത്തോളം മേഖല ഡയറക്ടറായി സേവനം അനുഷ്ഠിച്ച ഫാ. ജോജോ കുടക്കച്ചിറക്കും ആനിമേറ്റർ സി. സൂര്യ എസ്. കെ. ഡി. ക്കും നന്ദി. മേഖലാ ഡയറക്ടറായി ചാർജെടുത്ത ഫാ. തോമസ് പ്ലാശനാലിനും, ആനിമേറ്റർ സി. ലിറ്റിൽന എഫ് സി.സി.ക്കും സ്വാഗതം

**മുള്ളൻക്കൊല്ലി**

മേഖലയുടെ നേതൃത്വത്തിൽ Spiritual Spark 2K26 എന്ന പേരിൽ പരീക്ഷ ഒരുക്ക ക്ലാസ്സും ആരാധനയും പുൽപള്ളി തിരുഹൃദയ പള്ളിയിൽ സംഘടിപ്പിച്ചു. യുവജനങ്ങൾക്ക് പരീക്ഷയെ ആത്മവിശ്വാസത്തോടെയും ദൈവവിശ്വാസത്തോടെയും നേരിടാൻ സഹായകരമായ ക്ലാസ്സുകൾ മേഖലകളുടെ നേതൃത്വത്തിൽ ഒരുക്കി. മേഖലയുടെ നേതൃത്വത്തിൽ EMBLAZE 2K26 എന്ന പേരിൽ

2026 മാർച്ച് 14-ന് പുൽപള്ളി കൃപാലയ സ്കൂൾ ഓഡിറ്റോറിയത്തിൽ പ്രവർത്തനവർഷ ഉദ്ഘാടനവും Youth Animation Programe സംഘടിപ്പിച്ചു. മേഖലാ പ്രസിഡന്റ് ജയിസ് കല്ലറയ്ക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേഖല ഡയറക്ടർ ഫാ. ജോജോ ഔസേപ്പറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ ആനിമേറ്റർ സി. അർപ്പിത എസ്.എ.ബി.എസ് മാർഗ്ഗരേഖ പ്രകാശനം ചെയ്തു, യുവജനങ്ങൾക്ക് പ്രചോദനമേകുന്ന ക്ലാസുകൾക്ക് നേതൃത്വം നൽകി.

**പയ്യമ്പള്ളി**

മേഖലയുടെ പ്രവർത്തനവർഷം പയ്യമ്പള്ളി ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ തിരികൊളുത്തി ഉദ്ഘാടനം ചെയ്തു. മേഖലയുടെ വരുംകാല പ്രവർത്തനങ്ങൾ, ഫണ്ട് രൂപീകരണം, യുവജനങ്ങളുടെ ആത്മീയ വളർച്ച, യുവജനങ്ങളെ കെ.സി.വൈ.എം. പ്രസ്ഥാനത്തിലേക്ക് അടുപ്പിക്കാനുള്ള കർമ്മ പദ്ധതികൾ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തു. മേഖലാ പ്രസിഡന്റ് ഡാനിയേൽ പൂവൻ, വൈസ് പ്രസിഡന്റ് ആൻ മരിയ താന്നിക്കൽ, സെക്രട്ടറി അജിന, ജോ. സെക്രട്ടറി അജൽ പെരുമ്പിൽ, ആനിമേറ്റർ സി. ക്രിസ്റ്റി എസ്.എ.ബി.എസ്, കോർഡിനേറ്റർ അൽഫോൻസ് താനിക്കുന്നേൽ, ട്രഷറർ അബിൻ തൂപ്പുംകര, എന്നിവർ നേതൃത്വം നൽകി. വിവിധ യൂണിറ്റുകളിൽ നിന്നായി ഭാരവാഹികൾ പങ്കെടുത്തു. മേഖലയുടെ പുതിയ ഡയറക്ടർ കമ്മന ഇടവക വികാരി ബഹു. മനു അറക്കപറമ്പിൽ അച്ചന് സ്വാഗതം. പയ്യമ്പള്ളി മേഖലയുടെ കീഴിൽ ഉള്ള യൂണിറ്റിലെ യുവജനങ്ങൾ ഫോർട്ടി ഫോർവേഡ എന്ന പേരിലുള്ള നോമ്പ് കാല ചിന്തകളുടെ വീഡിയോ സോഷ്യൽ മീഡിയയിൽ പങ്കുവക്കുന്നു.

**കൽപറ്റ**

മേഖല പ്രവർത്തനവർഷ ഉദ്ഘാടനം മാർച്ച് ഒന്നാം തിയ്യതി തെനേരി ശാഖയിൽ വച്ച് നടത്തപ്പെട്ടു. മേഖലാ ഡയറക്ടർ റവ. ഫാ. വിനോയ് കളപ്പുരക്കൽ ആമുഖ പ്രഭാഷണം നടത്തി. രൂപതാ ഡയറക്ടർ റവ. ഫാ. സാന്റോ അമ്പലത്തറ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. പോൾ എടയക്കൊണ്ടാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി. എസ്.എസ്. എൽ. സി. പ്ലസ് വൺ, പ്ലസ്ടു വിദ്യാർത്ഥികൾക്കായി സി. റെയ്സിയുടെ നേതൃത്വത്തിൽ പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. കൽപറ്റ മേഖലയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ കൈനാട്ടി ഗവ. ഹോസ്പിറ്റലിൽ രക്തദാനം നൽകി. വനിതാദിനത്തോട് അനുബന്ധിച്ച് എല്ലാ വനിതകൾക്കും ആശംസകൾ നേർന്നു. താമരശേരി ചുരത്തിൽ നടന്ന കുരിശിന്റെ വഴിയിൽ കൽപറ്റ മേഖലയിലെ വിവിധ യൂണിറ്റുകളിൽ നിന്ന് പങ്കെടുത്തു.



Scanned with OKEN Scanner

## യൂണിറ്റ് വാർത്തകൾ
### ചുങ്കക്കുന്ന്

കെ.സി.വൈ.എം. രൂപത നേതൃത്വം സംഘടിപ്പിച്ച സഹയാത്ര 2026 എന്ന ഓൺലൈൻ മീറ്റിംഗിൽ ഭാരവാഹികൾ പങ്കെടുത്തു. ചുങ്കക്കുന്ന് ഇടവകയിലേക്ക് അസിസ്റ്റന്റ് വികാരിയായി ചാർജെടുത്ത ബഹുമാനപ്പെട്ട ഫാ. ക്രിസ്റ്റി പൂതക്കുഴിയി സ്വാഗതം ചെയ്തു. ഫണ്ട് സമാഹരിക്കുന്നതിന്റെ ഭാഗമായി ഐസ് ക്രീം സ്റ്റാൾ നടത്തി. തിരുനാൾ ആഘോഷങ്ങൾക്ക് ശേഷം പള്ളിപരിസരം വൃത്തിയാക്കി. യുവജനങ്ങൾക്കുവേണ്ടിയുള്ള വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം നൽകുകയും കാഴ്ചവെപ്പ് നടത്തുകയും ചെയ്തു. ഇടവക വികാരി ഫാ. പോൾ കൂട്ടാല യൂണിറ്റിന്റെ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം ന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഫാ. സച്ചിൻ കപ്പുച്ചിൻ ക്ലാസ് എടുത്തു. സമർപ്പിത ദിനാചരണത്തോടനുബന്ധിച്ച് സച്ചിൻ അച്ചനെയും, എസ് എച്ച് കോൺവെന്റിലെയും സെന്റ് കമ്മില്ലസ് ഹോസ്പിറ്റലിലെ സിസ്റ്റേഴ്സിനെയും ആദരിച്ചു. തുടർച്ചയായി മൂന്നാം വർഷവും രൂപതയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ചുങ്കക്കുന്ന് ഇടവകയിലെ ജ്വാല ക്ലബ്ബിന് ആശംസകൾ അർപ്പിച്ചു. കഴിഞ്ഞ ഒരു വർഷക്കാലം ഇടവകയിൽ സൺഡേ മിനിസ്ട്രിക്കായി വന്ന ബ്രദർ അഭിജിത്തിന് യാത്രാമംഗളങ്ങൾ നേർന്നു. സോഷ്യൽ മീഡിയ, വാർത്താ നിർമ്മാണം, ഡിജിറ്റൽ കണ്ടന്റ് ക്രിയേഷൻ എന്നിവയിൽ പ്രാവീണ്യം നേടാനായി രൂപതയിൽ നിന്ന് സംഘടിപ്പിച്ച യുവജനങ്ങൾക്കായുള്ള ഡിജിറ്റൽ സ്പാർക്ക് മീഡിയ വർക്ക്ഷോപ്പ് പ്രസിഡന്റ് കിഷോർ പങ്കെടുത്തു. 2026 പ്രവർത്തന വർഷത്തിലെ യൂണിറ്റിൽ നിന്നുള്ള അംഗത്വ സ്വീകരണവും നവീകരണവും പൂർത്തീകരിച്ചു.

### കൽപ്ര

കെ. സി. വൈ. എം. നീലഗിരി മേഖലയിലെ കയ്യൂന്നി, കുന്നലാടി, അരുൾനിലയം, മൺവയൽ, ബെക്കി യൂണിറ്റുകളിലെ ഇടവക തിരുനാളിൽ കൽപ്ര യൂണിറ്റിലെ യുവജനങ്ങൾ പങ്കെടുത്ത് പ്രാർത്ഥിച്ചു. സമുദായശക്തീകരണ വർഷത്തിൽ മേഖലയിലുള്ള യൂണിറ്റുകളിലെ യുവജനങ്ങൾ തമ്മിൽ നല്ല സൗഹൃദങ്ങൾ സ്ഥാപിക്കാനും, സഭയോടും സമൂഹത്തോടും ചേർന്ന് നല്ല പ്രവർത്തനങ്ങൾ കാഴ്ചവെക്കാനും യുവജനങ്ങൾ ഒത്തുചേർന്നു. കെ.സി. വൈ.എം. മാനന്തവാടി രൂപതയുടെയും, നീലഗിരി മേഖലയുടെയും, കൽപ്ര യൂണിറ്റിന്റെയും 2026 പ്രവർത്തനവർഷ ഉദ്ഘാടനം കൽപ്ര യൂണിറ്റിൽ വെച്ച് നടത്തപ്പെട്ടു. കൽപ്ര ഇടവകയിലെ സമുദായിക ശക്തീകരണ വർഷ ഉത്ഘാടന ചടങ്ങിൽ കെ.സി.വൈ.എം.



Scanned with OKEN Scanner

കൽപ്ര യൂണിറ്റിനെ പ്രതിനിധീകരിച്ച് യൂണിറ്റ് പ്രസിഡന്റ് ശ്രീ. ബ്രിന്റോ ജോസഫ് കോഴിക്കാടൻ തിരിതെളിച്ചു. കേരളത്തിലെ നസ്രാണികൾക്കിടയിൽ തനതു പരമ്പരാഗത ഭക്താനുഷ്ഠനമായ ദനഹാതിരുനാൾ കെ. സി. വൈ. എം. കൽപ്ര യൂണിറ്റും, നീലഗിരി മേഖലയും, ഒന്ന് ചേർന്ന് ആഘോഷിച്ചു.

**കൊട്ടിയൂർ**

കെ.സി.വൈ.എം 2025-26 വർഷത്തെ പ്രവർത്തകരെ എല്ലാവരെയും ഉൾപ്പെടുത്തി വിനോദയാത്ര സംഘടിപ്പിച്ചു. ഇടവകയിൽ അസി. വികാരിയായും, യൂണിറ്റ് ഡയറക്ടറായും ചാർജെടുത്ത ഫാ. ഷിന്റോ കുളങ്ങരയെ സ്വാഗതം ചെയ്തു. കെ.സി. വൈ.എം പ്രവർത്തന വർഷത്തിന്റെ പേര് കണ്ടുപിടിക്കുന്നതിനായി യുവജനങ്ങൾക്കിടയിൽ കോമ്പറ്റീഷൻ സംഘടിപ്പിച്ചു. യൂണിറ്റിൽ 2026 പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. സൺഡേ സ്കൂൾ വിദ്യാർത്ഥികളുടെയും, യുവജനങ്ങളുടെയും സാനിദ്ധ്യത്തിൽ കെ. സി.വൈ.എം ടൈറ്റിൽ 'ARK' റിവീൽ ചെയ്തു. 2026 വർഷത്തെ പ്രവർത്തനങ്ങളുടെ മാർഗരേഖ പ്രകാശനം നടത്തി. ഇടവകയിലെ എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർത്ഥികൾക്കായി പരീക്ഷ ഒരുക്ക പ്രാർത്ഥനയും കുമ്പസാരവും ആരാധനയും യുവജനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർത്ഥികൾക്കിടയിലുള്ള പരീക്ഷാഭയം അകറ്റുന്നതിനായി യുവജനങ്ങളുടെ നേതൃത്വത്തിൽ കൗൺസിലിങ് ഹെല്പ് ഡെസ്ക് സംഘടിപ്പിച്ചു. എസ്. എച്ച് സിസ്റ്റേഴ്സ് നടത്തുന്ന പോരൂർ അഗതി മന്ദിരത്തിൽ യുവജനങ്ങൾ സന്ദർശിച്ച് സഹായം നൽകി. പള്ളിക്ക് സമീപമുള്ള വയോജന വിശ്രമകേന്ദ്രം, ഗവ. ഹോമിയോ ആശുപത്രി പരിസരം എന്നിവ വൃത്തിയാക്കി. തെലുങ്കാന മിഷൻ പ്രദേശങ്ങളിലെ ഇടവകകളിലേക്ക് കുർബാനക്ക് ആവശ്യമായ കാസ, പീലാസ തുടങ്ങിയവ ഇടവകകളിൽ നിന്ന് ശേഖരിക്കുകയും മിഷൻ പ്രദേശങ്ങളിലേക്ക് യുണിറ്റിന്റെ നേതൃത്വത്തിൽ അയച്ചു കൊടുക്കുകയും ചെയ്തു.

**തെനേരി**

ഇടവകതിരുനാളിനു നേതൃത്വം നൽകി. ദേവാലയവും പരിസരവും വൃത്തിയാക്കി. ഭവനസന്ദർശനവും, രോഗീസന്ദർശനവും നടത്തി. ചൊവ്വാഴ്ച്ചതോറുമുള്ള കുരിശിന്റെ വഴിക്ക് നേതൃത്വം നൽകുന്നു. യൂണിറ്റിൽ മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനത്തിനു വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

**റോബിൻ ബിജു വടക്കേക്കര**
ജനറൽ സെക്രട്ടറി



Scanned with OKEN Scanner

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

കെ.സി.ബി.സി. മദ്യലഹരി വിരുദ്ധ ഞായർ രൂപതയിലെ വിവിധ ഇടവകകളിൽ സമുചിതമായി ആചരിച്ചു. സമിതിയുടെ നേതൃത്വത്തിലും ജ്വാല ലഹരി വിരുദ്ധ ക്ലബ്ബിന്റെ ആഭിമുഖ്യത്തിലും ഇടവകയിലെ ദൈവജനത്തെ ലഹരിക്കെതിരെയും മദ്യത്തിനെതിരെയും ബോധവൽക്കരിക്കുകയും സജ്ജരാക്കുകയും ചെയ്ത എല്ലാ വികാരിയച്ചന്മാർക്കും ലഹരിവിരുദ്ധ പ്രവർത്തകർക്കും അഭിനന്ദനങ്ങളും കൃതജ്ഞതയും.

**മദ്യ ലഹരിവിരുദ്ധ ഞായറാഴ്ച ആഘോഷം വിവിധ ഇടവകകളിൽ**

**1. നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഇടവക**

ഇടവകയിൽ ലഹരി വിരുദ്ധ ഞായർ ആഘോഷം ബഹുമാനപ്പെട്ട ഫോറോന വികാരി സെബാസ്റ്റ്യൻ പുത്തേൻ ഉദ്ഘാടനം ചെയ്തു. സഹവികാരി ഫാ. അനൂപ് കോച്ചേരി സന്ദേശം നൽകി. സൺഡേ സ്കൂൾ പ്രധാന അധ്യാപകൻ ശ്രീ. മാത്യു സാറിന്റെ നേതൃത്വത്തിൽ റാലിയും സത്യപ്രതിജ്ഞയും നടത്തി. ലഹരിവിരുദ്ധ സമിതി അംഗങ്ങൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**2. ചുങ്കക്കുന്ന്**

ചുങ്കക്കുന്ന് ഫാത്തിമമാതാ ഫൊറോന ദേവാലയത്തിൽ 'മദ്യ ലഹരി വിരുദ്ധ ഞായർ' ആചരിച്ചു. ചുങ്കക്കുന്ന് ജ്വാല ക്ലബ്ബ് നേതൃത്വം കൊടുത്ത പരിപാടിയിൽ ഫൊറോന വികാരി ബഹുമാനപ്പെട്ട പോൾ കൂട്ടാല അച്ചൻ ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ സുനിൽ സാർ അധ്യക്ഷത വഹിച്ച ചടങ്ങിന് ഫാദർ ക്രിസ്റ്റി ആശംസകൾ അറിയിച്ചു. ഫാദർ സച്ചിൻ കപൂച്ചിൻ ബോധവൽക്കരണ ക്ലാസ് നടത്തി. ശ്രേയ മങ്കുത്തെൽ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മാസ്റ്റർ അഗസ്റ്റിൻ തടത്തിൽ ലഹരിക്കെതിരെ സംസാരിച്ചു. തുടർന്ന് ദേവാലയത്തിൽ എത്തിയ എല്ലാവരും മുദ്രാവാക്യങ്ങളും പ്ലക്കാടുകളും ഏന്തികൊണ്ട് ടൗണിലേക്ക് റാലി നടത്തി. സൺഡേ സ്കൂൾ അങ്കണത്തിൽ തയ്യാറാക്കിയ ബോർഡിൽ എല്ലാവരും ലഹരിക്കെതിരെ കയ്യൊപ്പ് രേഖപ്പെടുത്തി വചന മതിൽ സന്ദർശിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിലുള്ള ഇടയലേഖനം ദേവാലയത്തിൽ ഫാ. അരുൺ കുർബാന മധ്യേ വായിച്ചു.

**3. ചോക്കാട്**

ചോക്കാട് തിരുക്കുടുംബ ദേവാലയത്തിൽ മദ്യ ലഹരിവിരുദ്ധ ഞായർ ആചരിച്ചു. ജ്വാല ക്ലബ് ചോക്കാട് നേതൃത്വം കൊടുത്ത പരിപാടിയിൽ വികാരി ബഹുമാനപ്പെട്ട ഫാ. സജി പുതുക്കുളങ്ങര ഉദ്ഘാടനം ചെയ്തു. ഹെഡ് മാസ്റ്റർ ജോളി അരുമായിൽ അധ്യക്ഷത

വഹിച്ച ചടങ്ങിൽ ഫാ. സജി, പയസ് അരുമായിൽ എന്നിവർ ലഹരി വിരുദ്ധ ബോധവൽക്കരണവും, കുട്ടികൾക്ക് ആശംസകളും അറിയിച്ചു. അനിമേറ്റർ ബിൻസി ചാത്തംകോട്ട് ലഹരി വിരുദ്ധ പ്രതിജ്ഞചൊല്ലി കൊടുത്തു. ജ്വാല ക്ലബ് പ്രസിഡന്റ് എയ്ഞ്ചൽ പേക്കൽ ലഹരിക്കെതിരെ സംസാരിച്ചു. മാതാപിതാക്കളും കുട്ടികളും പരിപാടിയിൽ സജീവമായി പങ്കെടുത്തു.

**4. നടവയൽ**

നടവയൽ ഹോളിക്രോസ് മേജർ ആർക്കി എപിസ്കോപ്പൽ ദേവാലയത്തിൽ ആർച്ച് പ്രിസ്റ്റ് ബഹുമാനപ്പെട്ട ഗർവാസീസ് മറ്റം ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. മദ്യ ലഹരിവിരുദ്ധ സമിതി പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു. ജ്വാല ലഹരി വിരുദ്ധ ക്ലബ്ബിന്റെയും സൺഡേസ്കൂൾ കുട്ടികളു ടെയും അധ്യാപകരുടെയും നേതൃത്വത്തിൽ ലഹരി വിരുദ്ധ റാലി നടത്തി. എല്ലാവരും ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി ലഹരിക്കെ തിരെ പ്രവർത്തിക്കാൻ തീരുമാനമെടുത്തു.

**5. ആറാട്ടുതറ**

ആറാട്ടുതറ ഇടവകയിൽ മദ്യലഹരിവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ഞായർ സമുചിതമായി ആചരിച്ചു ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും ഇടയലേഖനം കുർബാന മദ്ധ്യേ വായിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട വികാരി ഫാ. ഫ്രാൻ സിസ് നെല്ലിക്കുന്നേൽ സന്ദേശം നൽകി, പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു.

**6. നെടുംമ്പാല**

നെടുമ്പാല സെന്റ് മേരീസ് പള്ളിയിൽ ജ്വാല ലഹരി വിരുദ്ധ ക്ലബ്ബിന്റെയും മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ സന്ദേശയാത്ര നടത്തി. ലഹരിവിരുദ്ധ പോസ്റ്റർ പ്രദർശനം, ലഹരിവിരുദ്ധ പ്രതിജ്ഞ, പ്രഭാഷണം എന്നിവ സംഘടിപ്പിച്ചു. സൺഡേ സ്കൂൾ അധ്യാപകരും ലഹരി വിരുദ്ധ പ്രവർത്തകരും നേതൃത്വം നൽകി.

**7. തൃക്കൈപ്പറ്റ**

തൃക്കൈപ്പറ്റ ഇടവകയിൽ ലഹരിവിരുദ്ധ ഞായർ വികാരി ബഹുമാനപ്പെട്ട വിനോയ് കളപ്പുരക്കൽ ഉദ്ഘാടനം നിർവഹിച്ചു. സർക്കുലർ വായിച്ച് ബോധവൽക്കരണം നടത്തി. ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലി. സൺഡേ സ്കൂൾ അധ്യാപകരും കുട്ടികളും പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു.

**രാജു വലിയാറയിൽ**
രൂപതാ പ്രസിഡന്റ്

# കുടുംബ പ്രേഷിതത്വം

## വിവാഹ ഒരുക്ക കോഴ്സ്

മാർച്ച് മാസം 13 മുതൽ 15 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 106 പേർ പങ്കെടുത്തു. ബോയ്സ് ടൗൺ സീയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് ഏപ്രിൽ മാസം 10,11,12 തീയതികളിലും ബോയ്സ് ടൗൺ സിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് മെയ് മാസം 10,11,12 തീയതികളിലും വിവാഹ ഒരുക്ക കോഴ്സ് നടത്തപ്പെടുന്നു.

## രൂപതാ വാർത്തകൾ

## മാതൃവേദി

സീറോ മലബാർ മാതൃവേദി മേഖല ഭാരവാഹികളുടെ സംഗമവും സെമിനാറും ഫെബ്രുവരി 21-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. എ. കെ. സി. സി. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ഉദ്ഘാടനം ചെയ്തു. മാതൃവേദി രൂപതാ പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരികാട്ട് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മാതൃവേദി മാനന്തവാടി രൂപതാ ഡയറക്ടർ ഫാ. ബിനു വടക്കേൽ സ്വാഗതപ്രഭാഷണം നടത്തി. ശ്രീമതി ഗ്രേസി ചിറ്റിനപ്പള്ളി 'നേതൃത്വവും മാതൃത്വവും' എന്ന വിഷയത്തിൽ സെമിനാർ നയിച്ചു. മാതൃവേദി രൂപതാ ആനിമേറ്റർ സി. ഷോളി ജോസഫ് എസ്. കെ. ഡി, സി. അനിത എഫ്. സി. സി, ട്രഷറർ എൽസമ്മ കാഞ്ഞിരം തൊട്ടിയിൽ, ഗ്ലോബൽ മാതൃവേദി ട്രഷറർ ബ്രില്ലി, സിൽവി എന്നിവർ സംസാരിച്ചു. മേഖലാ ആനിമേറ്റേഴ്സിനെ ആദരിച്ചു. വിവിധ മേഖലകളിൽ മാതൃവേദിക്ക് നേതൃത്വം നൽകുന്ന നൂറോളം മാതൃവേദി ഭാരവാഹികൾ സംഗമത്തിലും സെമിനാറിലും പങ്കെടുത്തു. മണിമൂളി മേഖലയിലും നിലമ്പൂർ മേഖലയിലും മേഖലാ വാർഷികവും നേതൃസംഗമവും ഫെബ്രുവരി 14-ന് നടത്തപ്പെട്ടു. മാതൃവേദി രൂപതാ ഡയറക്ടർ ഫാ. ബിനു വടക്കേൽ, പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരികാട്ട്, വൈസ് പ്രസിഡണ്ട് ശ്രീമതി ഷേർളി വലിയവീട്ടിൽ, സെക്രട്ടറി മോളി പുഞ്ചയിൽ എന്നിവർ വാർഷികത്തിലും നേതൃസംഗമത്തിലും പങ്കെടുത്തു. ഡയറക്ടർ ബിനു വടക്കേൽ അച്ചനും പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരികാട്ടും സെമിനാറിന് നേതൃത്വം നൽകി.

ഫെബ്രുവരി 17-ന് എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്ന് ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.



Scanned with OKEN Scanner

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 15 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഏപ്രിൽ 21.

**മേഖലാ വാർത്തകൾ**

**മുള്ളൻകൊല്ലി**

സമർപ്പിത ദിനത്തിൽ എല്ലാ സമർപ്പിതർക്കും ആശംസകൾ നേർന്നു. വാഴ്ത്തപ്പെട്ട റാണിമരിയ ദിനത്തിൽ മിഷൻ പ്രവർത്തന രംഗത്തുള്ളവരെ സമർപ്പിച്ചു പ്രാർത്ഥിച്ചു. ദൈവവിളികൾ കൂടുതലുണ്ടാകുവാനായി ചെയിൻ റോസറി ചൊല്ലി പ്രാർത്ഥിച്ചു. പ്രേക്ഷിതരംഗത്ത് ഉള്ളവർക്കായി ദിവ്യകാരുണ്യ ആരാധന നടത്തി. വിവാഹം നടക്കാത്ത യുവജനങ്ങൾക്കായി എല്ലാ വെള്ളിയാഴ്ചകളിലും ഉപവാസ പ്രാർത്ഥന നടത്തി. പള്ളിക്കുന്ന് ലൂർദ്ദ്മാതാ ദേവാലയത്തിലേക്ക് മരിയൻ തീർത്ഥാടനം നടത്തി. വലിയ നോമ്പിലെ വെള്ളിയാഴ്ചകളിൽ ശിശുമല കുരിശുമലയിലേക്കുള്ള കുരിശിന്റെ വഴിയിൽ വിവിധ യൂണിറ്റുകളിലെ മാതൃവേദി അംഗങ്ങൾ പങ്കെടുത്തു. കൊയിനോനിയ 2026-ൽ മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**നിലമ്പൂർ**

നിലമ്പൂർ മേഖലയുടെ വാർഷികം നടത്തി രൂപതയിൽ നിന്നും ഡയറക്ടറുടെ നേതൃത്വത്തിൽ അംഗങ്ങൾ പങ്കെടുത്തു. എല്ലാ ശാഖയിൽ നിന്നും അമ്മമാർ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ബഹു. വികാരി സെബാസ്റ്റ്യൻ പുത്തേൻ ഉദ്ഘാടനം ചെയ്തു. വിവിധ മത്സരങ്ങളിൽ വിജയിച്ചവർക്ക് മാതൃവേദി രൂപതാ ഡയറക്ടർ സമ്മാനങ്ങൾ നൽകി. രൂപതാ പ്രസിഡണ്ട് അമ്മമാർക്കായി ക്ലാസ് എടുത്തു.

**തരിയോട്**

സമർപ്പിത ദിനത്തിൽ എല്ലാ യൂണിറ്റുകളിലും സിസ്റ്റേഴ്സിനെ ആദരിക്കാൻ നിർദ്ദേശം നൽകി. ചെന്നലോട് യൂണിറ്റിൽ വെച്ച് നസ്രാണി ഫുഡ് ഫെസ്റ്റ് സംഘടിപ്പിച്ചു. രൂപത നടത്തിയ മേഖലാ ഭാരവാഹികളുടെ സംഗമത്തിൽ പങ്കെടുത്തു. വാ. റാണി മരിയയെ പരിചയപ്പെടുത്തി കുറുമ്പാല യൂണിറ്റും പുതുശ്ശേരിക്കടവ് യൂണിറ്റും വീഡിയോ നിർമ്മിച്ച് ഗ്രൂപ്പിൽ ഇട്ടു.

**നടവയൽ**

മേഖലയുടെ 2026 ലെ മാർഗരേഖ തയ്യാറാക്കി. രൂപത നടത്തിയ മേഖലാ ഭാരവാഹികളുടെ സംഗമത്തിൽ പങ്കെടുത്തു. നോമ്പ് ചിന്തകൾ സന്ദേശം യൂണിറ്റുകൾ മേഖലയ്ക്ക് നൽകുന്നു.



Scanned with OKEN Scanner

വിശുദ്ധരെ പരിചയപ്പെടുത്തുന്ന വീഡിയോ ഓരോ യൂണിറ്റും നൽകുകയും അത് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുകയും ചെയ്തു.

**മണിമൂളി**

മേഖലാ എക്സിക്യൂട്ടിവ് കൂടി. മേഖലാ വാർഷികം നടത്തി. മേഖലയിൽ നടത്തിയ നേതൃത്വ പരിശീലന സെമിനാർ മാതൃവേദി രൂപതാ ടീം നയിച്ചു. രജതജൂബിലിയുടെ നിറവിലായിരിക്കുന്ന നരിവാലമുണ്ട യൂണിറ്റ് മാതൃവേദി ആനിമേറ്റർ സി. സിലിയായെ മേഖലാ ടീം ആദരിച്ച് ഉപഹാരം നൽകി. സിസ്റ്റേഴ്സിന്റെ മാതാപിതാക്കളെ ആദരിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തി.

**ദ്വാരക**

മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾ കുട്ടികൾക്കായി പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. മേഖല ഭാരവാഹികളുടെ സംഗമത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങളും ഡയറക്ടറും പങ്കെടുത്തു. സമർപ്പിത ദിനത്തിൽ മേഖലയിലെ എല്ലാ ഇടവകകളിലും സമർപ്പിതരെയും അവരുടെ മാതാപിതാക്കളെയും ആദരിച്ചു.

**ശാഖാ വാർത്തകൾ**

**ഒഴുക്കൻമൂല**

സമർപ്പിത ദിനത്തിൽ ഇടവകയിലെ സമർപ്പിതരെ ആദരിച്ചു. സെമിത്തേരിയിൽ പോയി പ്രാർത്ഥിച്ചു. അന്തോനീസ് പുണ്യാളനെ പരിചയപ്പെടുത്തി. മാതൃവേദിയുടെ ഫണ്ടിൽ നിന്ന് മാതൃവേദിയുടെ ഫയൽ, രജിസ്റ്റർ എന്നിവ വയ്ക്കുന്നതിനു വേണ്ടി മാതൃവേദി ഓഫീസിൽ ഒരു മേശ വാങ്ങിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. മാസക്കുറി നടത്തി 1000/- രൂപ മാതൃവേദിക്ക് സംഭാവന നൽകി.

**കല്ലുവയൽ**

അമ്മമാരുടെ നേതൃത്വത്തിൽ ക്യാൻസർ രോഗികളെയും കിടപ്പു രോഗികളെയും സന്ദർശിച്ചു. സിഗ്‌വി കറിമസാല വിപണനം നടത്തി. മരണവീട് സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടിവ് യോഗം കൂടി.

**കബനിഗിരി**

സമർപ്പിത ദിനത്തിൽ എല്ലാ സമർപ്പിതർക്കും വേണ്ടി പ്രാർത്ഥിച്ച്, ആശംസകൾ അറിയിച്ചു. രോഗി ദിനത്തിൽ എല്ലാ രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പള്ളിക്കുന്ന് തീർത്ഥാടനം നടത്തി. വനിതാ സംഗമവും ജനറൽ ബോഡിയും നടത്തി. 'സ്ത്രീയും ആരോഗ്യവും 'എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നൽകി. രോഗീ സന്ദർശനം നടത്തി. ചികിത്സാ സഹായം നൽകി.

**മൺവയൽ**

വാ. റാണിമരിയ ദിനത്തിൽ എല്ലാ സന്യസ്തരെയും സമർപ്പിച്ചു പ്രാർത്ഥിച്ചു. രോഗീസന്ദർശനം, ഏലിശ്വാസന്ദർശനം എന്നിവ നടത്തി. പഴയനിയമം 30 അമ്മമാർ ചേർന്ന് എഴുതി പൂർത്തിയാക്കി. ഒരമ്മ തനിച്ച് പഴയനിയമം പൂർത്തിയാക്കി. ആക്സിഡന്റ് പറ്റി കിടപ്പിലായ ഒരു രോഗിക്ക് 1000 രൂപയുടെ നിത്യോപയോഗ സാധനങ്ങൾ നല്കി.

**പനവല്ലി**

ലൂർദ്ദ്മാതാവിന്റെ തിരുനാൾ മാസമായ ഫെബ്രുവരി മാസത്തിൽ അമ്മമാർ മാതാവിന്റെ മാദ്ധ്യസ്ഥത യാചിച്ച് പ്രാർത്ഥിച്ചു. എക്സ്ക്യൂട്ടീവ് മീറ്റിംഗ്, ജനറൽ ബോഡി എന്നിവ നടത്തി.

**തലഞ്ഞി**

സമർപ്പിത ദിനത്തോടനുബന്ധിച്ച് സമർപ്പിതരുടെ ഭവനങ്ങൾ സന്ദർശിച്ച് ആശംസകളും പ്രാർത്ഥനകളും നടത്തി. രോഗീസന്ദർശനം നടത്തി സഹായം നൽകി. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷ എഴുതുന്ന കുട്ടികൾക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി.

**താളിപ്പാടം**

മേഖലാ, യൂണിറ്റ് ഭാരവാഹികളുടെ സംഗമത്തിൽ ഇടവകയിൽ നിന്ന് അമ്മമാർ പങ്കെടുത്തു. വാ. റാണി മരിയയെ പരിചയപ്പെടുത്തി. ഇടവകയിലെ സമർപ്പിതരുടെ ഭവനം സന്ദർശിച്ചു. മാതാപിതാക്കൾക്ക് സ്നേഹോപഹാരം നല്കി ആദരിച്ചു. രോഗീ സന്ദർശനം നടത്തി.

**പാതിരിപ്പാടം**

മാതൃവേദി അമ്മമാർ കപ്പബിരിയാണി ചലഞ്ച് നടത്തി. പള്ളിയും, പരിസരവും, സെമിത്തേരിയും വൃത്തിയാക്കി. സിഗ്വി കറിമസാലകൾ വിതരണം നടത്തി. തിരുനാൾ ദിനങ്ങളിൽ അമ്മമാർ സ്റ്റാൾ നടത്തി.

**ബത്തേരി അസംപ്ഷൻ**

സമർപ്പിതരെ ആദരിച്ചു. ക്യാൻസർ ദിനത്തോടനുബന്ധിച്ച് ക്യാൻസർ രോഗികളെ സന്ദർശിച്ചു. 30 ദിവസത്തെ ബൈബിൾ വായനയോടനുബന്ധിച്ച് പുതിയ നിയമ വായന ആരംഭിച്ചു. 2026 ലോഗോസ് പരീക്ഷയുടെ പരിശീലനത്തിന്റെ ഭാഗമായി വെള്ളിയാഴ്ച തോറും ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും തയ്യാറാക്കുന്നതിനും യൂണിറ്റ് അടിസ്ഥാനത്തിൽ അമ്മമാർ നേതൃത്വം നൽകുന്നു. സംഘടന ശാക്തീകരണത്തിന്റെ ഭാഗമായി റീജിയൻ ലെവൽ എക്സിക്യൂ

ട്ടീവ് മീറ്റിംഗ് 21-ന് ചേർന്നു. അഗതി മന്ദിരങ്ങളിൽ പൊതിച്ചോറ് വിതരണം നടത്തി.

**വടപുറം**

സമർപ്പിതരെ ആദരിച്ചു. സമർപ്പിതരുടെ മാതാപിതാക്കളെ വീട്ടിൽ പോയി ആദരിച്ചു. ക്യാൻസർ രോഗികളെ സന്ദർശിച്ചു. അഗതിമന്ദിരം സന്ദർശിച്ച് അവർക്ക് ഭക്ഷണവും സഹായവും നൽകി. എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി ആരാധനയും വിശുദ്ധ കുർബാനയും അർപ്പിച്ചു.

**പൂക്കോട്ടുംപാടം**

മേഖലാ വാർഷികത്തിൽ പങ്കെടുത്തു. ക്യാൻസർ രോഗിയെ സന്ദർശിച്ചു. രോഗീസന്ദർശനം നടത്തി. ഇടവകയിലെ ഒരു കുടുംബത്തിന് ഭവന നിർമ്മാണത്തോടനുബന്ധിച്ചു വാതിൽ വെക്കുവാനുള്ള സാമ്പത്തിക സഹായം നൽകി. മറ്റൊരു കുടുംബത്തിന് വെഞ്ചരിപ്പിനോടനുബന്ധിച്ചു ഫാൻ വാങ്ങി നൽകി.

**പുൽപ്പള്ളി**

സമർപ്പിത ദിനത്തിൽ സമർപ്പിതരെ ആശംസകൾ അറിയിച്ചു. വാഴ്ത്തപ്പെട്ട റാണി മരിയ ദിനത്തിൽ പ്രേക്ഷിത പ്രവർത്തനരംഗത്തുള്ള എല്ലാവരെയും സമർപ്പിച്ചും കൂടുതൽ ദൈവവിളികൾ ഉണ്ടാകുവാനും പ്രാർത്ഥിച്ചു. ശിശുമല കുരിശുമലയിലേക്കുള്ള കുരിശിന്റെ വഴിയിൽ പങ്കെടുത്തു. രോഗീസന്ദർശനം നടത്തി. രോഗീ സഹായം നൽകി.

**പുതുശ്ശേരിക്കടവ്**

സമർപ്പിത ദിനത്തിൽ ഇടവകയിലെ സന്യസ്ഥരുടെ മാതാപിതാക്കളെ സന്ദർശിച്ച് അവരെ ആദരിച്ചു. ക്യാൻസർ ദിനത്തിൽ ക്യാൻസർ രോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. വാ. റാണി മരിയയെ പരിചയപ്പെടുത്തി വീഡിയോ തയ്യാറാക്കി.

**പന്തിപ്പൊയിൽ**

ക്യാൻസർ ബാധിച്ച ഒരു കുടുംബത്തെ സന്ദർശിച്ചു. മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ കാഴ്ചവെപ്പിന് ലഭിച്ച തുകയിൽ നിന്നും രോഗീ സഹായമായി 500/- രൂപ നൽകി. 5 അമ്മമാർ തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ സ്ഥാപക പിതാവ് ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ കബറിടം സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**പ്രശാന്തഗിരി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ക്യാൻസർ ദിനത്തിൽ ക്യാൻസർ രോഗികളെ സന്ദർശിച്ചു. സമുദായിക ശക്തീകരണത്തിന്റെ

പ്രവർത്തനങ്ങൾക്കായി 9 ഭാരവാഹികളെ തിരഞ്ഞെടുത്തു. വി. പോളി കാർപ്പിനെ കുറിച്ച് വീഡിയോ തയ്യാറാക്കി ഗ്രൂപ്പിൽ ഇട്ടു. സമർപ്പിത ദിനം ആചരിച്ചു. നോമ്പാരംഭം മുതൽ എല്ലാ ഞായ റാഴ്ചകളിലും വൈകുന്നേരം കുരിശിന്റെ വഴി വാളാട്, ചുള്ളി എന്നീ രണ്ട് ഗ്രോട്ടോകളിലും അമ്മമാരുടെ നേതൃത്വത്തിൽ നടത്തുന്നു.

**പനംഞ്ചിറ**

രോഗീസന്ദർശനം നടത്തി. കരുണകൊന്ത ചൊല്ലി പ്രാർ ത്ഥിച്ചു. ലോകസമാധാനത്തിനു വേണ്ടി മാർപ്പാപ്പ നൽകിയ പ്രത്യേക പ്രാർത്ഥന എല്ലാ കുടുംബങ്ങളിലും ചൊല്ലുന്നു.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടിവ് മീറ്റിംഗ് കൂടി. സമർപ്പിത ദിനത്തിൽ ഇടവ കയിലെ സിസ്റ്റേഴ്സിന് ആശംസകൾ അറിയിച്ചു. മരിയൻ തിരു നാൾ ദിനത്തിൽ മരിയൻ തീർത്ഥാടന ദേവാലയങ്ങളിൽ സന്ദർശിച്ച് പ്രാർത്ഥിച്ചു. ഗ്ലോബൽ തലത്തിൽ നടത്തിയ വി. ചാവറ ക്വിസിൽ 5 പേർ പങ്കെടുത്തു. പള്ളിപറമ്പിലെ കാപ്പിക്കുരു എക്സിക്യൂട്ടീവ് അംഗങ്ങൾ പറിക്കുകയും മുളക് പാറ്റിക്കൊടുക്കുകയും ചെയ്തു. രോഗീസന്ദർശനം നടത്തി. കൊയ്നോനിയ രൂപതാ നേതൃത്വ പരിശീലനത്തിൽ പങ്കെടുത്തു.

**പോരൂർ**

പള്ളിയും പരിസരവും അമ്മമാർ വൃത്തിയാക്കി. മരണവീട് സന്ദർശിച്ചു പ്രാർത്ഥിച്ചു. ഇടവകയിലെ ക്യാൻസർ രോഗികളെ എക്സിക്യൂട്ടീവ് അംഗങ്ങൾ സന്ദർശിച്ചു അവർക്കുവേണ്ടി പ്രാർ ത്ഥിച്ചു. എക്സിക്യൂട്ടീവ് കൂടി.

**ടൗൺ ചർച്ച്, മാനന്തവാടി**

ഇടവക തിരുനാളിനൊരുക്കമായി ക്ലീനിങ്ങ് നടത്തി. തിരു നാൾ പ്രദക്ഷിണത്തിൽ അമ്മമാർ യൂണീഫോമിൽ മുത്തുകുട കളെടുത്ത് പ്രദക്ഷിണം മനോഹരമാക്കി. ഗുഡ്നെസ്സ് ടി.വിയുടെ കുരിശിന്റെ വഴി ഷൂട്ടിങ്ങിൽ 15 മാതൃവേദി അമ്മമാർ പങ്കെടുത്തു. മാർഗ്ഗരേഖാ പ്രകാശനത്തിൽ യൂണിറ്റ് പ്രതിനിധി പങ്കെടുത്തു.

**കൊമ്മയാട്**

സമർപ്പിത ദിനത്തോടനുബന്ധിച്ച് സമർപ്പിതരെ ആദരിച്ചു. ലോക ക്യാൻസർ ദിനത്തിൽ ഇടവകയിലെ ക്യാൻസർ രോഗിയെ സന്ദർശിച്ച് പ്രാർത്ഥിച്ചു. ലൂർദ്ദ്മാതാവിന്റെ തിരുനാൾദിനം രോഗി യായ ഒരു അംഗത്തെ സന്ദർശിച്ചു. ശനിയാഴ്ചകളിൽ സെമിത്തേരി യിൽ കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിക്കുന്നു.

**ഫാ. ജോസഫ് പരുവുമ്മേൽ &**
**ഫാ. ബിനു വടക്കേൽ**



Scanned with OKEN Scanner

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

സ്നേഹവും സേവനവും ആധാരമാക്കി പ്രവർത്തിക്കുന്ന സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ദരിദ്രരെയും പിന്നാക്കക്കാരെയും കൈപിടിച്ചു നിർത്തുന്നതിനായി ലോകമെമ്പാടും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാരുണ്യ സംഘടനയാണ്. ക്രിസ്തീയ മൂല്യങ്ങളെ അടിസ്ഥാനമാക്കി മനുഷ്യ സ്നേഹവും സഹാനുഭൂതിയും പങ്കുവെക്കുകയാണ് ഈ സംഘടനയുടെ പ്രധാന ലക്ഷ്യം. സഹായം ആവശ്യമുള്ളവർക്ക് ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായം എന്നിവ നൽകുന്നതിനോടൊപ്പം ആത്മീയ പിന്തുണയും സംഘടന നൽകുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ സമൂഹത്തിൽ സൗഹൃദവും ഐക്യവും വളർത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്നു.

**നാമഹേതുക തിരുനാൾ**

വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളായ മാർച്ച് 19-ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന മാനന്തവാടി രൂപതയുടെ ഇടയൻ അഭിവന്ദ്യ ജോസ് പിതാവിനും സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി സെൻട്രൽ കൗൺസിൽ ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോജോ കുടക്കച്ചിറക്കും നാമഹേതുക തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

**വനിതാ സംഗമം**

സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ, 28/02/2026 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ പനമരം വിശുദ്ധ പാദ്രേപിയോ ആശ്രമത്തിൽ വച്ച് വനിതാ സംഗമം നടത്തി. സിസ്റ്റർ റോസമ്മ പ്ലാക്കിയിൽ പ്രാരംഭ പ്രാർത്ഥനയും സിസ്റ്റർ ടെസ്സി കറുത്തേടത്ത് ജ്ഞാനവായനയും നടത്തി. സി സി വനിതാ പ്രതിനിധി സിസ്റ്റർ ഹണിമരിയ ഷാജി എല്ലാവരെയും സ്വാഗതം ചെയ്തു. സിസി പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ അധ്യക്ഷത വഹിച്ച യോഗം വിശുദ്ധ പദ്രേ പിയോ ആശ്രമം അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. സന്തോഷ് കരിങ്ങട ഉദ്ഘാടനം ചെയ്തു. വിൻസെൻഷ്യൻ പ്രവർത്തനവും സമുദായ ശക്തീകരണവും എന്ന വിഷയത്തിൽ നാഷണൽ കൗൺസിൽ വനിതാ പ്രതിനിധി സിസ്റ്റർ ജോളി സെബാസ്റ്റ്യൻ ക്ലാസ് എടുത്തു.



Scanned with OKEN Scanner

ആക്ടിവിറ്റി ഓറിയന്റഡ് ആയിരുന്ന ക്ലാസിലൂടെ കൂടുതൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കാനുള്ള പ്രചോദനം എല്ലാവർക്കും ലഭിച്ചു. വനിതകൾ തങ്ങളുടെ ശക്തി തിരിച്ചറിഞ്ഞ് പ്രവർത്തിക്കണമെന്ന് അധ്യക്ഷ പ്രസംഗത്തിൽ ബ്രദർ ഷൈജൻ വനിതകളെ ഉദ്ബോധിപ്പിച്ചു. സി സി ജനറൽ സെക്രട്ടറി ബ്രദർ രാജു വലിയാറ വനിതാ സംഗമത്തിന് ആശംസകൾ നേർന്നു. വനിതകൾ കലാപരിപാടികൾ അവതരിപ്പിച്ചു. സിസ്റ്റർ പ്രിയ തടങ്ങഴിയിൽ എല്ലാവർക്കും നന്ദി പറഞ്ഞു. സിസ്റ്റർ ഷൈനി പാടിച്ചിറ സമാപന പ്രാർത്ഥനക്ക് നേതൃത്വം നൽകി. വനിതകൾക്ക് പ്രോത്സാഹനവുമായി എ സി പ്രസിഡണ്ടുമാരും സംഗമത്തിൽ പങ്കെടുത്തു. സ്നേഹവിരുന്നോടെയാണ് വനിതാ സംഗമം സമാപിച്ചത്.

**തരിയോട് AC**

തരിയോട് AC യിൽ എല്ലാ കോൺഫറൻസുകളിലും വിൻസെൻഷ്യൻ പ്രവർത്തകർ ഭവന സന്ദർശനം നടത്തുകയും രോഗികൾക്കായ് പ്രത്യേക സഹായം നൽകുകയും ചെയ്തു. രോഗാവസ്ഥ മൂലവും പ്രായാധിക്യം കാരണവും പള്ളിയിൽ വരാൻ പറ്റാത്തവരെയും വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ദിനത്തിൽ വിശുദ്ധ കുർബാനയിൽ പങ്കെടുപ്പിക്കുവാൻ നേതൃത്വം നൽകുകയും അവർക്കായി സ്നേഹവിരുന്നു നൽകുകയും ചെയ്തു. കാവുംമന്ദത്തെ old age home, വിയാനിഭവൻ തുടങ്ങിയവ സന്ദർശിച്ച് മധുരപലഹാരങ്ങൾ വിതരണം ചെയ്തു. ഓസാനാം ഭവനിലേക്കും തരിയോട് AC യിലെ കോൺഫറൻസുകൾ പ്രത്യേകമായ സംഭാവനകൾ നൽകുന്നുണ്ട്. ഡിസംബർ മാസത്തിൽ പ്രായമായവരുടെ വീടുകൾ പ്രത്യേകമായി സന്ദർശിച്ച് ക്രിസ്തുമസ് കേക്കുകൾ നൽകി, ക്രിസ്തുമസ് പുതുവർഷ ആശംസകൾ നൽകി. ഓസാനാം ഭവനിൽ പുതുവസ്ത്ര സംഭാവനയായി 5000 രൂപ നൽകി. കൂടാതെ സൺഡേ സ്കൂൾ പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർഥികൾക്ക് മൊമെന്റോയും ക്യാഷ് അവാർഡും നൽകി ആദരിച്ചു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനോപകരണം നൽകി. വിൻസെൻഷ്യൻ പ്രവർത്തകർ രോഗികളായവർക്കും ഒറ്റപ്പെടുന്നവർക്കും സാന്ത്വനം നൽകുന്നതിനായി ഉണർന്നു പ്രവർത്തിക്കുന്നു. ഓസാനാം ഭവൻ സിൽവർ ജൂബിലി ആഘോഷത്തിൽ തരിയോട് AC യിലെ എല്ലാ കോൺഫറൻസിൽ നിന്നും സജീവമായ പങ്കാളിത്തം ഉണ്ടായിരുന്നു.

**കുറുമ്പാല AC**

പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടു പോകുന്നു. ഡിസംബർ ജനുവരി മാസങ്ങളിൽ ഭവന സന്ദർശനം നടത്തി. രോഗികളായിട്ടുള്ളവരെ സന്ദർശിക്കുകയും 15500 രൂപ ചികിൽസാ സഹായമായി (ആറു കുടുംബങ്ങൾക്ക്) നൽകുകയും ചെയ്തു. വിദ്യാഭ്യാസ സഹായമായി 9000 രൂപ മൂന്നു കുടുംബത്തിലെ കുട്ടികൾക്ക് കൊടുത്തു ഓസാനാം ഭവനിൽ പുതുവസ്ത്രത്തിന് 3000 രൂപ കൊടുത്തു.

ഓസാനാംഭവൻ സിൽവർജൂബിലി സമാപന ആഘോഷ സമ്മേളനത്തിൽ എല്ലാ കോൺഫറൻസ്കളിൽ നിന്നും സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. 4/01/26 –ന് AC ഭാരവാഹി ജോസ് തൊട്ടിയിൽ അവർകളുടെ ചാച്ചന്റെ നിര്യാണത്തിൽ (പത്രോസ് (99) തൊട്ടിയിൽ) അനുശോചനം അറിയിക്കുകയും റീത്ത് വെയ്ക്കുകയും ചെയ്തു.

**AC യുടെ നേതൃത്വത്തിൽ തീർത്ഥാടനവും വിനോദയാത്രയും സംഘടിപ്പിച്ചു.**

47 അംഗങ്ങൾ പങ്കെടുത്ത വേളാങ്കണ്ണി തീർത്ഥാടനം ഏറ്റവും അനുഗ്രഹപ്രദമായിരുന്നു. അതോടൊപ്പം നടത്തിയ വിനോദയാത്ര (രാമേശ്വരം, ധനുഷ്കോടി, കലാം ഹൗസ്, പാമ്പൻ ബ്രിഡ്ജ്) ഉല്ലാസപ്രദവും ആസ്വാദ്യകരവുമായിരുന്നു.

**പാടിച്ചിറ ഏരിയ കൗൺസിൽ**

11/1/26, 8/3/26 എന്നീ ദിവസങ്ങളിൽ ഏരിയ കൗൺസിൽ യോഗം ചേർന്നു. ഒരു ദിവസം ദേവാലയത്തിൽ കോൺഫറൻസുകൾ എല്ലാം ഒരുമിച്ച് ചേർന്ന് പ്രാർത്ഥന നടത്തി. കൂടാതെ ലോകം മുഴുവനും ഉള്ള വിൻസെൻഷ്യൻ പ്രവർത്തകർ, ആദ്ധ്യാത്മിക ഗുരുഭൂതർ, സഹായ അംഗങ്ങൾ, എല്ലാവരുടെയും കുടുംബാംഗങ്ങൾ, ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കൾ എന്നിവർക്ക് വേണ്ടി 15 ദിവസം തുടർച്ചയായി എല്ലാവരും ചേർന്ന് പ്രാർത്ഥിച്ചു. പാടിച്ചിറ ലിറ്റിൽഫ്ളവർ കോൺഫ്രൻസ് മൂന്നു പ്രാവശ്യവും പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻ, ശിശുമല ഇൻഫന്റ് ജീസസ് കോൺഫ്രൻസുകൾ ഒരു പ്രാവശ്യവും ഓസാനം ഭവൻ സന്ദർശിച്ചു. വസ്ത്രങ്ങൾ, ചെരുപ്പുകൾ, 10 കിലോഗ്രാം അലക്ക് സോപ്പ്, പച്ചക്കറികൾ, വർക്കിംഗ് ഫണ്ട് എന്നിവയും മരിച്ചുപോയ പ്രിയപ്പെട്ടവരുടെ സ്മരണാർത്ഥം നാലു ദിവസത്തെ ഉച്ചഭക്ഷണവും നൽകി. അന്തേവാസികൾക്ക് പുതുവസ്ത്രം വാങ്ങാനുള്ള സഹായം നൽകി. 13 കുടുംബങ്ങൾക്ക് ഭക്ഷണകിറ്റും 11 പേർക്ക് ചികിത്സാസഹായവും അഞ്ചുപേർക്ക് വിദ്യാഭ്യാസ സഹായവും

ആറു പേർക്ക് വസ്ത്രങ്ങളും നൽകി സഹായിച്ചു. കിടപ്പ് രോഗികളെ കുളിപ്പിക്കുകയും നല്ല വസ്ത്രങ്ങൾ ധരിപ്പിക്കുകയും ഇഷ്ട ഭക്ഷണം ഉണ്ടാക്കി നൽകുകയും ചെയ്തു. കൂടാതെ വീടും പരിസരവും വൃത്തിയാക്കി. കബനിഗിരി, പാടിച്ചിറ കോൺഫറൻസുകൾ ഇടവഴിക്ക് വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ രൂപം വാങ്ങി നൽകി. ഓസാനാംഭവൻ രജതജൂബിലി സമാപനാഘോഷത്തിൽ പാടിച്ചിറ ഏരിയ കൗൺസിലിൽ നിന്നും 40 പേർ പങ്കെടുത്തു.

**കൊട്ടിയൂർ ഏരിയ കൗൺസിൽ**

ചുങ്കക്കുന്ന് കോൺഫ്രൻസ് അംഗങ്ങൾ ആദ്യ വെള്ളിയാഴ്ച കിടപ്പ് രോഗികൾക്ക് വിശുദ്ധ കുർബാനയുമായി വീടുകളിലേക്ക് പോകുന്ന വൈദികനെ അനുഗമിച്ചു. കോൺഫ്രൻസ് അംഗങ്ങൾ 14 പള്ളികളിൽ തീർത്ഥാടനം നടത്തി. ദിവ്യകാരുണ്യ അത്ഭുതം നടന്ന വിളക്കന്നൂർ പള്ളിയിൽ ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിച്ചു. ഭവനസന്ദർശനം, രോഗീസന്ദർശനം, ചികിത്സാസഹായം, ദത്ത് കുടുംബസന്ദർശനം എന്നീ ഉപവി പ്രവർത്തനങ്ങൾ എല്ലാ കോൺഫറൻസ് അംഗങ്ങളും കൃത്യമായി ചെയ്യുന്നുണ്ട്. ഇടവക തിരുനാളുകളിലും മറ്റു പ്രവർത്തനങ്ങളിലും സജീവമായി തന്നെ കോൺഫറൻസ് അംഗങ്ങൾ പങ്കെടുക്കുന്നുണ്ട്.

**ഓസാനാം ഭവൻ**

സെന്റ് വിൻസെന്റ് ഡീ പോൾ സൊസൈറ്റിയുടെ കാരുണ്യത്തിന്റെ മുഖമായ ഓസാനാംഭവൻ രജതജൂബിലി സമാപന ആഘോഷങ്ങളുടെ നിറവിലാണ്. എല്ലാ ബുധനാഴ്ചയും അപ്പച്ചൻമാർക്ക് യോഗ ക്ലാസുകൾ നടത്തപ്പെടുന്നുണ്ട്. മനോഹരമായ പൂന്തോട്ടംഅപ്പച്ചൻമാർ ഉണ്ടാക്കിയിട്ടുണ്ട്. വിവിധ കോൺഫ്രൻസ് അംഗങ്ങളും വൈദികരും സിസ്റ്റേഴ്സും അല്മായരും ഓസാനാംഭവൻ സന്ദർശിക്കാൻ എത്തുന്നതിൽ ഏറെ സന്തോഷമുണ്ട്. പെരിക്കെല്ലൂരിലെ ചെറുകിട കർഷകനായ വിളയാനിക്കൽ ബിനോയ് താൻ കൃഷി ചെയ്തുണ്ടാക്കിയ ഏഴു കിന്റൽ നെല്ല് മുഴുവൻ ഓസാനാംഭവന് സംഭാവന നൽകി. പുൽപ്പള്ളി മരക്കടവ് കോൺഫ്രൻസ് അംഗമായ വല്ലത്ത് മനോജും ഭാര്യ വിനീതയും ചേർന്ന് ഈ നെല്ലു മുഴുവൻ പുഴുങ്ങി ഉണങ്ങി കുത്തിച്ച് അരിയാക്കി ഓസാനംഭവന് നൽകി. ഇവരുടെ ത്യാഗത്തിന് ദൈവം പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാ സുമനസ്സുകളുടെയും ത്യാഗനിർഭരമായ സഹായങ്ങളെ നന്ദിയോടെ ഓർമിക്കുന്നു. ഓസാനാം ഭവനിലേക്ക് എല്ലാവരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ബ്രദർ ഷൈജൻ തടങ്ങഴിയിൽ**
സി.സി പ്രസിഡന്റ്

ഉന്നതി ജൽ സുരക്ഷ പദ്ധതിയുടെ ഭാഗമായി ഭൂഗർഭജലത്തെ സംബന്ധിച്ച പഠനം നടത്തി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തിരുനെല്ലി, നൂൽപ്പുഴ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്ന ഉന്നതിജൽ സുരക്ഷ പദ്ധതിയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി തിരുനെല്ലി, നൂൽപ്പുഴ ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഉന്നതികളിൽ ഭൂഗർഭജലത്തെ സംബന്ധിച്ച പഠനം നടത്തി. 03 വർഷം നീണ്ടുനിൽക്കുന്ന ഉന്നതിജൽ സുരക്ഷ പദ്ധതിയിലൂടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ കുനിക്കോട്, നാഗമന, ദംപട്ട, മധ്യപാടി, അഞ്ചുപൊതി, കുന്നിയൂർ, എടയൂർകുന്ന് എന്നീ ഉന്നതികളിലും, നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ മായിക്കര, മാട കുന്ന്, അബേദ്കർ മണലിമൂല, മാടപ്പുര, ഓടാൻകൊല്ലി, കോളൂർ എന്നീ ഉന്നതികളിലുമാണ് കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ പ്രദേശത്തെ ഭൂഗർഭ ജലത്തിന്റെ അവസ്ഥയും, നീരൊഴുക്ക് സംബന്ധിച്ചും മനസ്സിലാക്കിയാൽ മാത്രമെ തുടർ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്യുവാൻ സാധിക്കുകയുള്ളു. സംസ്ഥാനത്ത് അറിയപ്പെടുന്ന ഭൗമശാസ്ത്ര ജ്ഞനും നിലമ്പൂർ ഗവൺമെൻറ് കോളേജ് അദ്ധ്യാപകനുമായ പ്രൊഫസർ ഗോവിന്ദൻകുട്ടിയും ടീമുമാണ് ശാസ്ത്രീയ പഠനത്തിന് നേതൃത്വം നൽകിയത്. കാരിത്താസ് ഇന്ത്യയുടെ നാഷണൽ പ്രോഗ്രാം കോ ഓർഡിനേറ്ററും കാലാവസ്ഥ വിഭാഗം മേധാവിയുമായ ഡോ. വി. ആർ. ഹരിദാസ് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, തിരുനെല്ലി, നൂൽപ്പുഴ ഗ്രാമപഞ്ചായത്തുകളിലെ ഭരണസമിതി അംഗങ്ങൾ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ടീം ലീഡർ ദീപു ജോസഫ്, പ്രോഗ്രാം കോഡിനേറ്റർ റോബിൻ ജോസഫ്, സീനിയർ എഞ്ചിനീയർ സെബാസ്റ്റ്യൻ മാത്യു നൂൽപ്പുഴ പ്രൊജക്റ്റ് ഹെഡ് ബിജു കെ.സി, ജൂനിയർ എൻജിനീയർ


Scanned with OKEN Scanner

നീരജ സുരേന്ദ്രൻ, കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർമാരായ അഷ്ജാൻ സണ്ണി, ജയന ഒ. പി, നിമിഷ മോൻസി, ലിജ കുര്യാക്കോസ് എന്നിവർ പഠനപ്രക്രിയയിൽ പങ്കെടുത്തു.

**സാമൂഹ്യ സുരക്ഷാ പദ്ധതി കാമ്പയിനിൽ സജീവമായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി**

പ്രധാനമന്ത്രി പ്രഖ്യാപിച്ച സാമൂഹ്യ സുരക്ഷാ പദ്ധതികളായ പ്രധാനമന്ത്രി സുരക്ഷാ ബീമായോജന, പ്രധാനമന്ത്രി ജീവൻ ജ്യോതിബീമാ യോജന എന്നീ പദ്ധതികളിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ അംഗങ്ങളായ മുഴുവൻ അർഹരായ വ്യക്തികളെയും അംഗങ്ങൾ ആക്കുന്നതിനുള്ള കാമ്പയിൻ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി കഴിഞ്ഞ വർഷം തുടക്കം കുറിച്ചിരുന്നു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പുതിയ അംഗത്വം സ്വീകരിച്ചവരെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള കാമ്പയിൻ തുടക്കമായി. ലീഡ് ബാങ്ക് ആയ കാനറ ബാങ്കുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വർഷം 20 രൂപ പ്രീമിയം അടച്ച് അപകടമരണം സംഭവിച്ചാൽ രണ്ട് ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന സാമൂഹ്യ സുരക്ഷ പദ്ധതിയാണ് പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന. വർഷം 436 രൂപ പ്രീമിയം അടച്ച് സാധാരണ മരണം സംഭവിച്ചാൽ രണ്ട് ലക്ഷം രൂപവരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന സാമൂഹ്യ സുരക്ഷ പദ്ധതിയാണ്, പ്രധാന മന്ത്രി ജീവൻ ജ്യോതി ബീമാ യോജന പദ്ധതി. കാമ്പയിന്റെ ഉത്ഘാടനം വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ നിർവ്വഹിച്ചു. പ്രോഗ്രാം ഓഫീസർ ജോസ്. പി. എ അദ്ധ്യക്ഷത വഹിച്ചു. കാനറ ബാങ്ക് മാനന്തവാടി ചീഫ് മാനേജർ അനന്ദ നായക, ലോൺ ഓഫീസർ അന്നിക, ഫിനാൻഷ്യൽ ലിറ്ററസി കൗൺസിലർ സിന്ധു ചന്ദ്രശേഖരൻ എന്നിവർ പദ്ധതി വിശദീകരണം നടത്തി. റീജിയണൽ കോ ഓർഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗീസ്, ജിനി ഷിനു, വിവിധ കോളേജുകളിൽ നിന്നുള്ള എം.എസ്.ഡബ്ല്യൂ, ബി.എസ്.ഡബ്ല്യൂ വിദ്യാർത്ഥികൾ എന്നിവർ നേതൃത്വം നൽകി.

**വീലീഡ് പദ്ധതിയുടെ ഭാഗമായി കറിപൗഡർ നിർമ്മാണത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വീ ലീഡ് പദ്ധതിയുടെ ഭാഗമായി കറി പൗഡർ നിർമ്മാണത്തിൽ പരിശീലന പരിപാടി

സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന പരിശീലന പരിപാടി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ പി.എ ജോസിന്റെ അധ്യക്ഷതയിൽ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. വയനാട് വീ ലീഡ് ഫീൽഡ് കോ ഓർഡിനേറ്റർ അനഘ ജോസ് പദ്ധതി വിശദീകരണം നടത്തി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഫീൽഡ് കോഡിനേറ്റർമാരായ ബിൻസി വർഗീസ്, ആലിസ് സിസിൽ എന്നിവർ സംസാരിച്ചു. സ്വന്തമായി ആവശ്യമായ വിവിധ ഇനം കറി പൗഡറുകൾ ഉല്പാദിപ്പിക്കുക, വ്യക്തിപരമായും, സ്വാശ്രയ സംഘ തലത്തിലും കറി പൗഡറുകൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുക, വരുമാന വർദ്ധക പദ്ധതികൾ ആരംഭിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കൂടാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ സൗകര്യവും സാങ്കേതിക സഹായവും നൽകും. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി റീജിയണൽ കോ ഓർഡിനേറ്റർമാരായ ലിജ കുര്യാക്കോസ്, ജിനി ഷിനു എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

**ഉന്നതി ജലസുരക്ഷാ പദ്ധതിയുടെ ഭാഗമായി ക്ലസ്റ്റർ രൂപീകരണവും ബോധവൽക്കരണ ക്ലാസും നടത്തി**

തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ എടയൂർക്കുന്ന് ഉന്നതിയിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നേതൃത്വം നൽകുന്ന ഉന്നതിജൽ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ക്ലസ്റ്റർ രൂപീകരണവും ബോധവൽക്കരണ ക്ലാസും നടത്തി. വാർഡ് മെമ്പർ കാർത്തിക എം അധ്യക്ഷത വഹിച്ച യോഗത്തിൽ തിരുനെല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുമാരി അഞ്ജു ബാലൻ ഉദ്ഘാടനം നിർവഹിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സീനിയർ എൻജിനീയർ സെബാസ്റ്റ്യൻ മാത്യു പദ്ധതി വിശദീകരണം ബോധവൽക്കരണവും നടത്തി. ഗ്രേവാട്ടർ മാനേജ്മെൻറ് അടുക്കളത്തോട്ടം പരിപോഷിപ്പിക്കൽ തുടങ്ങി ഉന്നതി ജൽ സുരക്ഷ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ കുറിച്ച് വിശദീകരിച്ചു.



Scanned with OKEN Scanner

മുള്ളൻകൊല്ലി നീർത്തട പദ്ധതി സെക്രട്ടറി പി.ആർ സുനിൽ കുമാർ ആമുഖ പ്രഭാഷണം നടത്തി. പദ്ധതി വിശദീകരണത്തിന് ശേഷം ഗുണഭോക്താക്കൾ ചർച്ചകളിൽ ഏർപ്പെടുകയും ആശങ്ക പങ്കുവെക്കുകയും ചെയ്തു. 5 അംഗങ്ങൾ അടങ്ങുന്ന ഗുണഭോക്തൃ കമ്മറ്റി രൂപീകരിച്ചു. കമ്മ്യൂണിറ്റി ഫസിലിറ്റേറ്റർ ജയന ഒ.പി, അഷ്ജാൻ സണ്ണി എന്നിവർ സംസാരിച്ചു. എം.എസ്.ഡബ്ലിയു. വിദ്യാർത്ഥികളായ നവ്യ, ഐശ്വര്യ എന്നിവർ ചേർന്ന് ആരോഗ്യവും ശുചിത്വവും എന്ന വിഷയത്തിൽ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.

**മാനസികാരോഗ്യം വീണ്ടെടുക്കാൻ ഉണർവ് മക്കിമല സ്കൂളിൽ ഏകദിന പരിപാടി സംഘടിപ്പിച്ചു**

മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിലൂടെ പ്രതിസന്ധികളെ ആത്മവിശ്വാസത്തോടെ നേരിടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ 'ഉണർവ്' ഏകദിന പരിപാടി സംഘടിപ്പിച്ചു. കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ മാനന്തവാടി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി (WSSS) നടപ്പിലാക്കുന്ന സേഫ് വിത്തിൻ പദ്ധതിയുടെ ഭാഗമായിട്ടാണ് മക്കിമല സർക്കാർ എൽ.പി. സ്കൂളിൽ പരിപാടി നടന്നത്. കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗാത്മക കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും, അവരിൽ മാനസിക പ്രതിരോധ ശേഷി വളർത്തുകയും ചെയ്യുക എന്നതാണ് സ്കൂൾ തലത്തിൽ നടത്തുന്ന ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം. 2018-ലെ ഉരുൾ പൊട്ടൽ ബാധിച്ച പ്രദേശത്തിനോടടുത്ത് സ്ഥിതിചെയ്യുന്ന സ്കൂൾ എന്ന നിലയിൽ, കുട്ടികളുടെ മാനസിക ഉല്ലാസത്തിന് നൽകിയ പ്രാധാന്യമാണ് ഈ പദ്ധതി നൽകുന്നത്. സേഫ് വിത്തിൻ പദ്ധതി കൗൺസിലർ സിസ്റ്റർ ലില്ലിയും സ്കൂൾ പ്രതിനിധി അമല്യ ഡേവിഡും ചേർന്ന് പരിപാടി ഉദ്ഘാടനം ചെയ്തു. മൂല്യങ്ങളുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കാൻ അധ്യാപകരും രക്ഷിതാക്കളും ഒത്തൊരുമിച്ച് നിൽക്കണമെന്ന് ചടങ്ങിൽ സംസാരിച്ചവർ ഓർമ്മിപ്പിച്ചു. റീജിയണൽ കോ ഓർഡിനേറ്റർ ബിൻസി വർഗീസ്, സ്കൂൾ അധ്യാപിക അനിതാമോൾ എം.കെ എന്നിവർ സംസാരിച്ചു. സേഫ് വിത്തിൻ പദ്ധതി കോർഡിനേറ്റർ ഡെൽന മേരി ജയ്സൻ, കമ്മ്യൂണിറ്റി



Scanned with OKEN Scanner

മൊബിലൈസർ സിസ്റ്റർ ദിവ്യ മുക്കൽ എസ്.ഡി, സേഫ് വിത്തിൻ പദ്ധതി കൗൺസിലർമാരായ സിസ്റ്റർ ലില്ലി മാത്യു എസ്.എച്ച്, സിസ്റ്റർ ഷൈനി എസ്.എച്ച് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. തുടർന്ന് കുട്ടികൾക്കായി പ്രത്യേക കൗൺസിലിംഗ് സെഷനുകളും നടന്നു. സ്കൂൾ പ്രധാനാധ്യാപകൻ ശ്രീ. സഞ്ജയ്കുമാർ ടി.യുടെ നേതൃത്വത്തിൽ സ്കൂളിലെ മറ്റ് അധ്യാപകരും പരിപാടിയുടെ വിജയത്തിനായി സജീവമായി പ്രവർത്തിച്ചു.

**ക്രെഡിറ്റ് ലിങ്കേജ് സമ്പന്ധിച്ച പരിശീലന പരിപാടി നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പിന്നോക്ക വികസന കോർപ്പറേഷൻ, വിവിധ ബാങ്കുകൾ എന്നിവയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന ക്രെഡിറ്റ് ലിങ്കേജ് പദ്ധതികളെ കുറിച്ച് പരിശീലന പരിപാടി നടത്തി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന പരിശീലന പരിപാടി പ്രോഗ്രാം ഓഫീസർ ജോസ് പി.എ ഉത്ഘാടനം ചെയ്തു. സ്വാശ്രയ സംഘങ്ങൾക്ക് വിവിധ തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുവാൻ ബാങ്കുകളിൽനിന്ന് ഒരു സ്വാശ്രയ സംഘത്തിന് ഇരുപത് ലക്ഷം രൂപ വരെയും പിന്നോക്ക വികസന കോർപ്പറേഷനിൽനിന്ന് 10 ലക്ഷം രൂപയും വായ്പ നൽകുന്നു. കൂടാതെ തുല്യബാധിത സംഘങ്ങൾക്ക് ഒരു സംഘത്തിന് 03 ലക്ഷം രൂപയും വായ്പ നൽകി വരുന്നു. പിന്നോക്ക വികസന കോർപറേഷനിൽനിന്നും ഇതിനോടകം 35 സ്വാശ്രയ സംഘങ്ങൾക്ക് മൂന്നര കോടി രൂപ വായ്പ നൽകി കഴിഞ്ഞു. കൂടാതെ 05 സ്വാശ്രയ സംഘങ്ങൾക്ക് 50 ലക്ഷം രൂപ വായ്പ ഈ മാസം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. കൂടാതെ 472 സ്വാശ്രയ സംഘങ്ങൾക്ക് 61 കോടി രൂപയും 165 തുല്യ ബാധിത സംഘങ്ങൾക്ക് നാല് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപയും ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ഈമാസം പുതുതായി വായ്പ എടുക്കുന്ന സംഘങ്ങളിലെ പ്രവർത്തകർ ആണ് പരിശീലന പരിപാടിയിൽ പങ്കെടുത്തത്. റീജിയണൽ കോ ഓർഡിനേറ്റർ ആലീസ് സിസിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പ്രൊജക്റ്റ് കോഓർഡിനേറ്റർ ജാൻസി ജിജോ, റീജിയണൽ കോ ഓർഡിനേറ്റർമാരായ ബിൻസി വർഗീസ്, ലിജ കുര്യാക്കോസ്, ജിനി ഷിനു എന്നിവർ സംസാരിച്ചു.

**SWS മീറ്റിംഗ്**

മംഗലശ്ശേരി, ചുങ്കക്കുന്ന്, കോട്ടത്തറ, കാരക്കാമല, മൊതക്കര, ചുള്ളിയാന, പ്രശാന്തിഗിരി, തലപ്പുഴ, പുതുശ്ശേരിക്കടവ്, പോരൂർ, ജുഡ്സ്മൗണ്ട്, അരിഞ്ചേർമല, വാളേരി, സീതാമൗണ്ട് കൊട്ടിയൂർ, കണിയാരം, പടമല, കമ്മന, ആറാട്ടുതറ, തൃശ്ശിലേരി, പയ്യമ്പള്ളി, ചെറുകാട്ടൂർ, ദ്വാരക, ഒണ്ടയങ്ങാടി, നടവയൽ, ശിശുമല, കബനിഗിരി, കല്ലോടി, നിരവിൽപ്പുഴ, പാറത്തോട്ടം, ആലാറ്റിൽ, പുതിയിടംകുന്ന്, തവിഞ്ഞാൽ, യവനാർകുളം എന്നിവിടങ്ങളിൽ നടത്തിയ സോഷ്യൽ വെൽഫെയർ സൊസൈറ്റി മീറ്റിംഗുകൾക്ക് WSSS പ്രോഗ്രാം ഓഫീസർ പി. എ ജോസ്, SWS കോഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**ഗ്രൂപ്പ് രൂപീകരണം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധങ്ങളായ പ്രോജക്ടുകളും പ്രവർത്തനങ്ങളും കൂടുതൽ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വ്യക്തികളിലേക്കും വ്യാപിപ്പിക്കുക, വരുമാന വർദ്ധക പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ തോണിച്ചാൽ, തലപ്പുഴ, കൊറ്റിയാട്ട്കുന്ന്, തൃശ്ശിലേരി, നെല്ലേരിമന്നം, കോളൂർ എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പുല്പ്ന്ന നിർമ്മാണ പരിശീലനം നടത്തി**

തോണിച്ചാൽ, മണലിമൂല, തീനൂർ, അരപ്പറ്റ എന്നീ സ്ഥലങ്ങളിൽ സോപ്പുല്പന്ന നിർമ്മാണ പരിശീലനം നടത്തി.

**ആട് വിതരണം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധ പ്രവർത്തനങ്ങൾ കൂടുതൽ വ്യക്തികളിലേക്കും കുടുംബങ്ങളിലേക്കും വരുമാനം വർധിപ്പിക്കുന്നതിനായി കണിയാരം SWS-ൽ ആടു വിതരണം നടത്തി.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

**ജീവസ്സ് ഗവേർണിംഗ് ബോഡി**

ജീവസ്സിന്റെ 2025-26 വർഷത്തെ ഗവേർണിംഗ് ബോഡി യോഗം ചെയർമാൻ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ അച്ചന്റെ അധ്യക്ഷതയിൽ നടന്നു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ വാർഷിക റിപ്പോർട്ട്, കണക്ക് 2026-27 വർഷത്തേക്കുള്ള പദ്ധതികൾ അവതരിപ്പിച്ചു. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ ആമുഖ പ്രഭാഷണം നടത്തി. ജീവസ്സ് ട്രഷറും WSSS പ്രോഗ്രാം ഓഫീസറുമായ പി. എ. ജോസ് സ്വാഗതവും KLM രൂപതാ പ്രസിഡന്റ് ബിജു പോൾ നന്ദിയും പറഞ്ഞു. ഫാ. ജോസ് കൊച്ചറയ്ക്കൽ, ഫാ. ബിജു മാവറ എന്നിവർ ചർച്ചകളിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നല്കി.

**ജീവസ്സ് ഫാമിലി ഹെൽത്ത് കെയർ**

കഴിഞ്ഞ വർഷം ആരംഭിച്ച ഫാമിലി ഹെൽത്ത് കെയർ പദ്ധതി പ്രകാരം ആരോഗ്യ ഇൻഷൂറൻസ് എടുത്തവർ പുതുക്കുന്നതിനുള്ള സമയമാണ്. എല്ലാ അംഗങ്ങളേയും ഓഫീസിൽ നിന്നും വിളിച്ചിട്ടുണ്ട്. പാരീഷ് കോഡിനേറ്റർമാർ ഇടവകളിൽ നിന്നും ഈ പദ്ധതിയിൽ ചേർന്നവരെ ഇക്കാര്യം ഓർമ്മിപ്പിക്കുമല്ലോ. ഈ വർഷം പുതുതായി ചേരാൻ താല്പര്യമുള്ളവരുടെ വിവരങ്ങൾ കോഡിനേറ്റർമാർ ശേഖരിച്ച് തന്നാൽ പദ്ധതിയിൽ ഉൾപ്പെടുത്താനും ഭാഗീക സാമ്പത്തീക സഹായം നല്കാനും കഴിയും

**സംസ്ഥാന അസംബ്ലി**

കെ. എൽ. എം. സംസ്ഥാന വാർഷിക അസംബ്ലി ഫെബ്രുവരി 14, 15 തീയതികളിൽ എറണാകുളം POC യിൽ നടന്നു. രൂപതകളുടെ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും അവലോകനം നടത്തുകയും ചെയ്തു. ചെയർമാൻ ബിഷപ് സിൽവസ്റ്റർ പൊന്നുമുത്തൻ അസംബ്ലി ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപതയുടെ റിപ്പോർട്ട് കോഡിനേറ്റർ മിനിമോൾ അവതരിപ്പിച്ചു. ഡയറക്ടറെ കൂടാതെ ചെറുകിടതോട്ടം തൊഴിലാളി ഫോറം സംസ്ഥാന

സെക്രട്ടറി ജോബി തോമസ്, തയ്യൽ തൊഴിലാളി ഫോറം രൂപതാ കോഡിനേറ്റർ സവിത എന്നിവരും അസംബ്ലിയിൽ പങ്കെടുത്തു.

**കല്ലോടി ഫൊറോനാ വൈദീക സമ്മേളനം**

കല്ലോടി ഫൊറോനാ വൈദീകരുടെ മാസധ്യാനത്തിൽ ജീവസ്സ് & കെ എൽ എം പ്രവർത്തനങ്ങൾ രൂപതാ ഡയക്ടർ അവതരിപ്പിച്ചു. കോഡിനേറ്റർമാരെയും പാരിഷ് ടീമിനേയും ഒരുക്കി പ്രവർത്തനം കാര്യക്ഷമമാക്കാൻ ചർച്ചയിൽ തീരുമാനിച്ചു. ഇതിന് അവസരമൊരുക്കിയ ഫൊറോനാ വികാരി സജി കോട്ടായിൽ അച്ചനോടും മറ്റു വൈദികരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

**റബ്ബർ റോളർ നൽകി**

ചെറുകിട തോട്ടം തൊഴിലാളികൾക്കായി റബ്ബർ റോളർ വിതരണം ചെയ്തു കുറുമ്പാല ഇടവകാ കോഡിനേറ്റർ ജുബിന് സൗജന്യമായിട്ടാണ് മിഷൻ നല്കിയത്.

**പാരീഷ് കോഡിനേറ്റേർസ് മീറ്റിംഗ്**

ഈ വർഷത്തെ പാരീഷ് കോഡിനേറ്റർമാരുടെ യോഗം മാർച്ച് 28 -ന് ശനിയാഴ്ച WSSS ഓഡിറ്റോറിയത്തിൽ രാവിലെ 10 മണി മുതൽ ഉച്ചക്ക് ഒരുമണി വരെ നടക്കുന്നു. വിശദ വിവരങ്ങൾ അറിയിക്കുന്നതാണ്.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ



Scanned with OKEN Scanner

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. വനിതാദിനാചരണം**

ഈ വർഷത്തെ അന്തർദേശീയ വനിതാദിനാചരണം വ്യത്യസ്തങ്ങളായ പരിപാടികളോടെ വിവിധ യൂണിറ്റുകളുടെയും സ്വാശ്രയ സംഘങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ബോസ്പാറ യൂണിറ്റിന്റെ നേതൃത്വത്തിൽ വനിതാദിനാഘോഷവും ബോധവത്ക്കരണ സെമിനാറും നടത്തപ്പെട്ടു. NDS ഡറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ നിഷ്വിൻ തേൻപള്ളിയിൽ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. വിമലഗിരി യൂണിറ്റിന്റെ നേതൃത്വത്തിൽ വനിതാ സമ്മേളനവും സെമിനാറും നടത്തി. ഇടവകയിലെ മുഴുവൻ അമ്മമാരും പങ്കെടുത്തു.

**2. SAFP FDP പ്രോജക്ട് വിവരശേഖരണം**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായ ഫാമിലി ഡെവലപ്പ്മെന്റ് പ്രോജക്ട് NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുവാൻ അനുയോജ്യരായ ആളുകളെ കണ്ടെത്തുന്നതിനു വേണ്ടിയുള്ള ഫീൽഡ് വിസിറ്റും, വിവരശേഖരണവും SAFP ഫീൽഡ് കോഡിനേറ്റർ ശ്രീമതി റ്റിൻസിയുടെ നേതൃത്വത്തിൽ നടത്തി വരുന്നു. ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിലെ കൽപ്ര, നെല്ലിയാളം, പൊന്നാനി, നെല്ലാക്കോട്ട, പാടന്തുറ, ദേവർഷോല, ഓവാലി, നാടുകാണി പ്രദേശങ്ങളിലുള്ള യോഗ്യരായ കുടുംബങ്ങളെ കാണുകയും വിവരശേഖരണം നടത്തുകയും ചെയ്യുന്നു. നാളിതുവരെ ഈ പ്രോജക്ടിന് അർഹരായ 240 കുടുംബങ്ങളെ കണ്ടെത്തി അവരുടെ വിവരങ്ങൾ ശേഖരിക്കുകയും 142 പേരുടെ വിവരങ്ങൾ SAFP ഓഫീസിൽ സമർപ്പിക്കുകയും, അതിൽ 114 എണ്ണത്തിന് അംഗീകാരം നൽകുകയും ചെയ്തു.

**3. SAFP – Drinking Water Project**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായി NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരി ജില്ലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ശുദ്ധമായ കുടിവെള്ളം പദ്ധതിയുടെ ഭാഗമായി യോഗ്യരായവരെ

കണ്ടെത്തുന്നതിനുവേണ്ടിയുള്ള ഫീൽഡ് വിസിറ്റും വിവരശേഖരണവും ഫീൽഡ് കോഡിനേറ്റർ ശ്രുതി കെ മാർട്ടിന്റെ നേതൃത്വത്തിൽ നടത്തുകയും 480 ഗുണഭോക്താക്കളെ കണ്ടെത്തുകയും ചെയ്തു. അതിൽ 410 പേരുടെ വിവരങ്ങൾ SAFP ഓഫീസിലേക്ക് അയക്കുകയും 226 എണ്ണം SAFP ഓഫീസിൽ നിന്നും അംഗീകരിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യുന്ന 400 വാട്ടർ ഫ്യൂരിഫൈയറുകൾ മേടിക്കുകയും ചെയ്തു.

**3. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സർവ്വീസ്**

NDS ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പെയിൻ & പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾ 2026 മാർച്ച് മാസം 6-ാം തീയതി മുതൽ ആരംഭം കുറിച്ചു. ബിതർക്കാട്, പെരുമ്പള്ളി, കുന്നലാടി, ബെക്കി, പാട്ടവയൽ, കയ്യൂന്നി, പ്രദേശങ്ങളിലെ രോഗികൾക്കായി വിവിധ ശുശ്രൂഷകൾ ചെയ്തു.

**4. കരുണൈ ആംബുലൻസ് സർവ്വീസ്**

ഈ മാസം ആംബുലൻസ് പാട്ടവയൽ, ബത്തേരി, കൽപ്പറ്റ, ഗൂഡല്ലൂർ എന്നീ പ്രദേശങ്ങളിൽ രോഗികളുമായി പോകുകയും, നിർദ്ദനരായ രോഗികൾക്ക് ആംബുലൻസിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തു.

**5. TAS - Psychological Wellness and Training Centre**

**+2 പരീക്ഷാ ഒരുക്ക സെമിനാർ**

14.02.2026 ന് രാവിലെ 9.30 മുതൽ ഉച്ചക്ക് 12.30 വരെ മണിമൂളി സേക്രട്ട്ഹാർട്ട് സ്കൂളിലെ +2 പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും അർദ്ധദിന സെമിനാറും, പരീക്ഷ ഒരുക്ക ക്ലാസും നടത്തി. TAS ടീം അംഗമായ ജിതിൻ ക്ലാസുകൾക്ക് നേതൃത്വം കൊടുത്തു. 700 ഓളം കുട്ടികളും അവരുടെ മാതാപിതാക്കളും ക്ലാസിൽ പങ്കെടുത്തു. 21.02.2026 ന് ഫാ. ജി. കെ. എം. മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിൽ 10, +2 പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഏകദിന സെമിനാറും, പരീക്ഷ ഒരുക്ക ക്ലാസും നടത്തി. TAS ടീം അംഗമായ ജിതിൻ ക്ലാസുകൾക്ക് നേതൃത്വം കൊടുത്തു. 600 ഓളം കുട്ടികളും അവരുടെ മാതാപിതാക്കളും ക്ലാസിൽ പങ്കെടുത്തു.

**6. യൂണിറ്റ്തല പ്രവർത്തനങ്ങൾ**

**ബോസ്പാറ**

ബോസ്പാറ യൂണിറ്റിന്റെ എക്സിക്യൂട്ടീവ്, വിലയിരുത്തൽ

മീറ്റിംങ്ങുകൾ നടത്തി ഗ്രൂപ്പുകളുടെയും, യൂണിറ്റിന്റെയും പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിയന്റെ പിരിവും ലോൺ തിരിച്ചടവും കൃത്യമായി നടത്തിവരുന്നു. NDS നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയിലേക്ക് യോഗ്യരായ 51 പേരുടെ അപേക്ഷകൾ സ്വീകരിച്ച് മേഖലയിൽ ഏൽപ്പിച്ചു. NDS ബോസ്പാറ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വനിതാദിനാഘോഷം മാർച്ച് 06 വെള്ളിയാഴ്ച്ച നടത്തി. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ നിഷ്വിൻ തേൻപള്ളിയിൽ എന്നിവരെ ആദരിച്ചു. 2024-25 വർഷത്തിൽ SSLC, +2 പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ മെമന്റോ നല്കി ആദരിച്ചു. യൂണിറ്റ് അംഗം ശ്രീമതി ജിൻജു ജോണി സെമിനാറിന് നേതൃത്വം നല്കി. മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ച ഗ്രൂപ്പുകളെ ആദരിച്ചു. തുടർന്ന് യൂണിറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു. പുതിയ ഭാരവാഹികൾക്ക് സ്ഥാനങ്ങൾ കൈമാറി. യൂണിറ്റ് സെക്രട്ടറിയായി സേവനം ചെയ്ത രഞ്ചുവിന് യാത്രയയപ്പ് നല്കി.

**വിമലഗിരി**

വിമലഗിരി യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിയന്റെ പിരിവും ലോൺ തിരിച്ചടവും കൃത്യമായി നടത്തിവരുന്നു. ജൈവ പച്ചക്കറി വിളവെടുപ്പ് നടത്തിവരുന്നു. വിമലഗിരി യൂണിറ്റിന്റെ നേതൃത്വത്തിൽ രണ്ടാമത്തെ ചിട്ടിയുടെ പ്രവർത്തനം നടത്തിവരുന്നു. യൂണിറ്റിനുവേണ്ടി പുതിയ ഒരു ബാങ്ക് അക്കൗണ്ട് യൂണിയൻ ബാങ്കിൽ ആരംഭിക്കുവാൻ തീരുമാനിച്ചു. വനിതാദിനത്തിന് ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. NDS മേഖലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സൗജന്യ വാട്ടർ ഫിൽറ്ററിനുവേണ്ടി 61 അപേക്ഷകൾ മേഖലയ്ക്ക് സമർപ്പിച്ചു.

**കൽപ്ര**

കൽപ്ര യൂണിറ്റിന്റെ നേതൃത്വത്തിൽ യൂണിറ്റ് കമ്മിറ്റി മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തുകയും യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും, കണക്കും അവതരിപ്പിക്കുകയും ചെയ്തു. അകാലത്തിൽ പൊലിഞ്ഞപന്തക്കൽ മഞ്ചുവിന് വേദനയോടെ വിടചൊല്ലി. യൂണിറ്റിലെ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ഒരു ക്യാൻസർ രോഗിയെ സന്ദർശിക്കുകയും അവരുടെ ഭവന

നവീകരണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തു. NDS മേഖലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സൗജന്യ വാട്ടർ ഫിൽറ്ററിനുവേണ്ടി 71 അപേക്ഷകൾ മേഖലയ്ക്ക് സമർപ്പിച്ചു.

**ധർമ്മഗിരി**

06.02.2026 ന് യൂണിറ്റ് കർമ്മസമിതി നടത്തി. തുടർന്ന് ഗ്രൂപ്പുകളുടെ ഇവാലുവേഷൻ നടത്തി. എല്ലാ ഗ്രൂപ്പുകളും പങ്കെടുത്തു. ഈ മാസം മൂന്ന് യൂണിറ്റ ലോണുകൾ പാസാക്കി. എല്ലാ മാസവും മൂന്നാം തീയതി തന്നെ കമ്മിറ്റി കൂടുവാൻ തീരുമാനിച്ചു. അടുത്ത മാസം ഗ്രൂപ്പുകളുടെ ഓഡിറ്റിംഗ് നടത്തുവാൻ തീരുമാനിച്ചു. ഏപ്രിൽ 28 ന് യൂണിറ്റ് വാർഷികം നടത്താൻ തീരുമാനിച്ചു. NDS മേഖലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സൗജന്യ വാട്ടർ ഫിൽറ്ററിനുവേണ്ടി 75 അപേക്ഷകൾ മേഖലയ്ക്ക് സമർപ്പിച്ചു.

**കയ്യൂന്നി**

04.03.2026 ന് കയ്യൂന്നി യൂണിറ്റിന്റെ നേതൃത്വത്തിൽ കമ്മിറ്റി മീറ്റിംഗ്, ഇവാലുവേഷൻ മീറ്റിംഗ് എന്നിവ നടത്തപ്പെട്ടു. ഏപ്രിൽ മാസത്തിൽ ഗ്രൂപ്പുകളുടെ ഓഡിറ്റിംഗ് പൂർത്തിയാക്കണമെന്ന് തീരുമാനിച്ചു. യൂണിറ്റ് കമ്മിറ്റിയംഗങ്ങൾ മൂന്ന് SHG കളുടെ മീറ്റിംഗിൽ പങ്കെടുത്തു. NDS മേഖലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സൗജന്യ വാട്ടർ ഫിൽറ്ററിനുവേണ്ടി 69 അപേക്ഷകൾ മേഖലയ്ക്ക് സമർപ്പിച്ചു. ഗ്രൂപ്പംഗങ്ങൾ ഗ്രാമസഭ മീറ്റിംഗിൽ പങ്കെടുക്കുകയും നാടിന്റെ പൊതുവായ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ രോഗീസന്ദർശനം നടത്തുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു. കമ്മറ്റിയംഗങ്ങൾ പുലരി SHG നടപ്പിലാക്കുന്ന പച്ചക്കറിത്തോട്ടം സന്ദർശിച്ചു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ**

ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

# കത്തോലിക്കാ കോൺഗ്രസ്സ് AKCC




**സമുദായ ശക്തികരണ സംഗമവും മഹാറാലിയും**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ 2026 മാർച്ച് 13, 14 തീയതികളിൽ തലശ്ശേരി രൂപതയുടെ ആതിഥേയത്തിൽ കണ്ണൂരിൽ വച്ച് കത്തോലിക്ക കോൺഗ്രസ് 108-ാം ജന്മവാർഷികവും, സമുദായ ശക്തീകരണ സംഗമവും. മഹാറാലിയും നടന്നു. മാർച്ച് 13-ന് പതാക പ്രയാണത്തിന് സ്വീകരണം നൽകി. സമ്മേളന നഗരിയിൽ ഗ്ലോബൽ പ്രസിഡന്റ് പ്രൊഫ. രാജീവ് കൊച്ചുപറമ്പിൽ പതാക ഉയർത്തി. ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി യോഗം ചേർന്നു.14-ന് രാവിലെ ഗ്ലോബൽ പ്രതിനിധി സമ്മേളനം നടന്നു. തുടർന്ന് 2.30 pm-ന് കണ്ണൂർ പോലീസ് ഗ്രൗണ്ടിൽ നിന്ന് മഹാറാലി ആരംഭിച്ചു. ബിഷപ്പ് മാർ ജോർജ് വലിയമറ്റം റാലി ഫ്ളാഗ് ഓഫ് ചെയ്തു. ഗ്ലോബൽ സമിതി നേതാക്കന്മാരും ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ്, ഗ്ലോബൽ ബിഷപ്പ് ഡലഗേറ്റ് മാർ റെമീജീയൂസ് ഇഞ്ചനാനിയിൽ, എന്നിവർ മഹാറാലി നയിച്ചു. പതിനായിരങ്ങൾ പങ്കെടുത്ത റാലി പോലീസ് മൈതാനിയിൽ സമാപിച്ചു. 4 pm-ന് സമുദായശക്തീകരണ സംഗമം ആരംഭിച്ചു. ഗ്ലോബൽ പ്രസിഡന്റ് അധ്യക്ഷത വഹിച്ച യോഗത്തിൽ, മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു. ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് മുഖ്യപ്രഭാഷണം നടത്തി. മാർ റെമീജീയൂസ് ഇഞ്ചനാനിയിൽ അനുഗ്രഹപ്രഭാഷണം നടത്തി. ആർച്ച്ബിഷപ്പ് മാർ. ജോർജ്ജ് ഞെരളക്കാട്ട്, മാർ പീറ്റർ കൊച്ചുപുരയ്ക്കൽ എന്നിവരും ഗ്ലോബൽ നേതാക്കളും പങ്കെടുത്തു. കത്തോലിക്കാ കോൺഗ്രസ്സിന്റെ 108 വർഷത്തിലെ ഒളിമങ്ങാത്ത ചരിത്ര സംഭവമായി കണ്ണൂർ സമ്മേളനം മാറി.

**മാനന്തവാടി രൂപത ഗ്ലോബൽ സമ്മേളനത്തിൽ**

മാനന്തവാടി രൂപതയുടെ പങ്കാളിത്തം വലുതായിരുന്നു. രൂപത ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ, ഗ്ലോബൽ വൈസ് പ്രസിഡന്റ് സാജു കൊല്ലപ്പള്ളി, പ്രവർത്തകസമിതി അംഗം അഡ്വക്കേറ്റ് ഗ്ലാസീസ് ചെറിയാൻ എന്നിവർ പ്രവർത്തക സമിതി യോഗത്തിലും ജിൽസ് എം. മേയ്ക്കൽ പ്രതിനിധി സമ്മേളനത്തിലും പങ്കെടുത്തു. വിവിധ

ഫൊറോനകൾ വളരെ സജീവമായി റാലിയിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട ഫൊറോന ഡയറക്ടർന്മാരും പ്രസിഡണ്ടുമാരും സെക്രട്ടറിമാരും മറ്റു ഭാരവാഹികളും ശക്തമായ നേതൃത്വം നൽകി. രൂപതയിൽ നിന്ന് 312 പേർ റാലിയിൽ പങ്കാളികളായി. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ചുങ്കക്കുന്ന് ഫൊറോനാ ഡയറക്ടർ ഫാ. ടോമി പുത്തൻപുര, രൂപതാ പ്രസിഡന്റ് ജോൺസൻ തൊഴുത്തുങ്കൽ, സെബാസ്റ്റ്യൻ പുരക്കൽ, സജി ഫിലിപ്പ്, തോമസ് പട്ടമന, സാജു പുലിക്കോട്ടിൽ, റെനിൽ കഴുതാടിയിൽ, ബെന്നി പുത്തൻപറമ്പിൽ, സേവ്യർ കൊച്ചുകുളത്തിങ്കൽ, സജി ഇരട്ടമുണ്ടക്കൽ, വിൻസന്റ് ചാരുവേലിൽ, അന്നക്കുട്ടി ഉണ്ണിക്കുന്നേൽ അഡ്വ. ഗ്ലാഡിസ് ചെറിയാൻ, മാത്യു കൊച്ചുപുരയ്ക്കൽ, ജോൺസ് ചുങ്കക്കുന്ന്, സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

**രൂപതാ സമുദായ ശക്തീകരണ വർഷം**

സമുദായ ശക്തികരണ വർഷ കർമ്മപരിപാടികൾ വിജയിപ്പിക്കുന്നതിനായി കത്തോലിക്കാ കോൺഗ്രസ് ആത്മാർത്ഥമായി പരിശ്രമിക്കുന്നു. നേതൃ സമ്മേളനങ്ങളിൽ പങ്കെടുക്കുകയും, യൂണിറ്റ് ശാക്തീകരണം, ഫൊറോനാ കമ്മിറ്റി ശക്തീകരണം എന്നിവ ലക്ഷ്യമാക്കി മുഴുവൻ സീറോ മലബാർ സഭാംഗങ്ങളെയും ഒരു കുടക്കീഴിൽ ഒരുമിച്ചു നിർത്തുവാനുമുള്ള ശ്രമത്തിലാണ്.

**രൂപതാ പ്രവർത്തക സമിതി യോഗം**

2026 ഫെബ്രുവരി 22-ാം തീയതി രൂപതാ പ്രവർത്തക സമിതി യോഗം ചേർന്നു. രൂപതാ പ്രസിഡന്റ് അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരയ്ക്കൽ, ട്രഷറർ സജി ഫിലിപ്പ് എന്നിവർ നേതൃത്വം നൽകി. **തീരുമാനങ്ങൾ:** സമുദായശക്തീകരണ വർഷം സംഘടന പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക. എല്ലാ ഇടങ്ങളിലും യൂണിറ്റുകൾ രൂപീകരിക്കുക, ഫൊറോനാ സമിതികൾ ശക്തമാക്കുക, റിസോഴ്സ് ടീം ശക്തമാക്കുക, സമുദായദിനം സമുചിതമായി ആചരിക്കുക, ഹെൽപ്പ് ഡെസ്ക് ആരംഭിക്കുക എന്നീ തീരുമാനങ്ങൾ കൈക്കൊണ്ടു. കർഷക കമ്മീഷൻ രൂപീകരിക്കുക, കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കുക, നിയമസഭ റിസർവേഷൻ മണ്ഡലങ്ങൾ ഓരോ തെരഞ്ഞെടുപ്പിലും നറുക്കെടുപ്പിലൂടെ തീരുമാനിക്കുക, കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നവർക്ക് പിന്തുണ നൽകുക, വയനാട്ടിലെ നേതാക്കന്മാരെ തെരഞ്ഞെടുപ്പുകളിൽ മത്സരിപ്പിക്കുവാൻ മുന്നണികൾ തയ്യാറാക്കുക എന്നീ പ്രമേയങ്ങൾ അവതരിപ്പിച്ചു.



Scanned with OKEN Scanner

## ഫൊറോനാ വാർത്തകൾ

### മാനന്തവാടി

ഫൊറോന നേതൃ സമ്മേളനം മാനന്തവാടി കത്തീഡ്രൽ പള്ളിയിൽ വച്ച് 1/3/2026 -ന് നടന്നു. ഫൊറോന പ്രസിഡന്റ് റോബി താണിക്കുന്നേൽ അധ്യക്ഷത വഹിച്ചു. കത്തീഡ്രൽ വികാരി ഫാ. സോണി വാഴകാട്ട് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജെയിംസ് പുത്തൻപറമ്പിൽ ആമുഖ സന്ദേശം നൽകി. ഫാ. ബിജു തൊണ്ടിപറമ്പിൽ സന്ദേശം നൽകി. ഫൊറോനാ സെക്രട്ടറി സെബാസ്റ്റ്യൻ, പോൾ കാരക്കുന്നേൽ സണ്ണി തുള്ളംകുളം, ഗ്ലാഡീസ് ചെറിയാൻ, സാൽവി നിരപ്പിൽ എന്നിവർ പ്രസംഗിച്ചു. സമുദായ സമ്മേളനം വിജയിപ്പിക്കാനും ഫൊറോനയിലെ എല്ലാ ഇടവകകളിലും യൂണിറ്റ് സ്ഥാപിക്കാനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും തീരുമാനിച്ചു.

### ബത്തേരി

ബത്തേരി ഫൊറോന കൗൺസിൽ യോഗവും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് സ്വീകരണവും 1/3/2026 ഞായറാഴ്ച ബത്തേരി അസംപ്ഷൻ പള്ളി ഓഡിറ്റോറിയത്തിൽ നടന്നു. ഫൊറോന വികാരി ഫാ. തോമസ് മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. ജോസ് മേച്ചേരിൽ ആമുഖ സന്ദേശം നൽകി. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. ഫൊറോന വികാരി ഫാ. തോമസ് മണക്കുന്നേൽ ജനപ്രതിനിധികളെ ആദരിച്ചു. ഫൊറോനാ സെക്രട്ടറി ചാൾസ് വടാശേരിൽ, സാജു പുലിക്കൂട്ടിൽ, തോമസ് പട്ടമന, ജേക്കബ് ബത്തേരി, ചെറിയാൻ ആലുങ്കൽ, ജോസ് ചുണ്ടാട്ട്, ജോഷി കാരക്കുന്നേൽ സ്മിത, ജോയ് പുളിക്കൽ എന്നിവർ പ്രസംഗിച്ചു. കണ്ണൂരിൽ നടക്കുന്ന സമുദായ ശക്തികരണ സംഗമം വിജയിപ്പിക്കുവാൻ തീരുമാനിച്ചു

### ദ്വാരക

ദ്വാരക ഫൊറോനാ സമ്മേളനം 1/3/2026 ഞായറാഴ്ച ദ്വാരക മാറ്റൊലി ഓഫീസിൽ വച്ച് നടന്നു. സമുദായങ്ങൾ ആയ ജനപ്രതിനിധികൾക്ക് സ്വീകരണം നൽകി. ഫാ. ബിജോ കറുകപ്പള്ളി ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് ജീജോ മംഗലത്ത് അധ്യക്ഷനായിരുന്നു. കണ്ണൂരിൽ നടക്കുന്ന സമുദായ സംഗമം വിജയിപ്പിക്കാൻ തീരുമാനിച്ചു. ഫൊറോന പരിപാടികളും ശക്തമാക്കാൻ തീരുമാനിച്ചു.

**തരിയോട്**

തരിയോട് ഫൊറോന കൺവെൻഷനും ജനപ്രതിനിധികൾക്കുള്ള സ്വീകരണവും ചെന്നലോട് സെന്റ് സെബാസ്റ്റ്യൻ പരീഷ് ഹാളിൽ വച്ച് 1/3/2026 -ന് നടന്നു. രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികളെ ആദരിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ആമുഖപ്രഭാഷണം നടത്തി. തരിയോട് ഫൊറോനാ വികാരി ഫാ. തോമസ് പ്ലാശനാൽ അധ്യക്ഷത വഹിച്ചു. ഫാ. ജിമ്മി മൂലയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. രൂപതാ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ ക്ലാസ് നയിച്ചു. മാത്യു ചേമ്പാല ജോർജ് എന്നിവർ നേതൃത്വം നൽകി. തരിയോട് ഫൊറോന ഭാരവാഹികളെ തിരഞ്ഞെടുത്തു.

**ഭാരവാഹികൾ**

പ്രസിഡന്റ്: ബെന്നി പി. കെ. പുത്തൻപറമ്പിൽ - കുറുമണി
ജനറൽ സെക്രട്ടറി: ജോണി കോണായിൽ - മഞ്ഞൂറ
ട്രഷറർ: മാത്യു ടി. ഡി. - പുതുശ്ശേരികടവ്
എക്സിക്യൂട്ടീവ് അംഗങ്ങൾ: ശില്പ ആന്റണി പുതുക്കുളം, സിസിലി മേരി, ലിജോ മാക്കിയിൽ, ജിൻസി സണ്ണി കുവക്കൽ, ബെന്നി മാങ്കോട്ട്, തങ്കച്ചൻ തുരുത്തേൽ, കെ. പി. ജോർജ്, ജിഷാ സുധീഷ്, ജിഷ മോൻസി **കൽപ്പറ്റ ഫൊറോന**

കൽപ്പറ്റ ഫൊറോനാ നേതൃസമ്മേളനവും ജനപ്രതിനിധികൾക്ക് സ്വീകരണവും 8/1/2026 ഞായറാഴ്ച കൽപ്പറ്റ ഡി പോൾ പള്ളി ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. ഷിജു ഐക്കരക്കാന ആമുഖ പ്രഭാഷണം നടത്തി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോസ് മാത്യു പുഞ്ചയിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡണ്ട് സജി ഫിലിപ്പ് അധ്യക്ഷത വഹിച്ചു. ഫൊറോനാ സെക്രട്ടറി ജോൺസൺ കുറ്റിക്കാട്ടിൽ സ്വാഗതം പറഞ്ഞു. രാജൻ ബാബു, ബിനു ഏറനാട്, ഡിന്റോ, എന്നിവർ പ്രസംഗിച്ചു. ഫൊറോനയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് സ്വീകരണം നൽകി. കണ്ണൂർ സമ്മേളനം വിജയിപ്പിക്കുവാൻ തീരുമാനിച്ചു. സമുദായ ശക്തികരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും പ്രവർത്തനങ്ങൾ സജീവമാക്കാനും തീരുമാനിച്ചു.

**നിലമ്പൂർ**

നിലമ്പൂർ ഫെറോനാ കൗൺസിൽ യോഗവും ജനപ്രതിനിധികൾക്ക് സ്വീകരണവും നിലമ്പൂർ ലിറ്റിൽ ഫ്ളവർ പള്ളി ഓഡി

റ്റോറിയത്തിൽ നടന്നു. ഫൊറോനാ വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ജസ്റ്റിൻ മൂന്നനാൽ ആമുഖപ്രഭാഷണം നടത്തി. ഫൊറോനാ പ്രസിഡൻ്റ് ഫ്രാൻസീസ് അധ്യക്ഷൻ ആയിരുന്നു.

**സമുദായ ശക്തീകരണ സെമിനാറും യൂണിറ്റ് രൂപീകരണവും**

**പ്രശാന്തിഗിരി:** ഇടവകയിൽ സെമിനാറും യൂണിറ്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു. ശ്രീ. മാത്യു തറയിൽ സെമിനാറിന് നേതൃത്വം നൽകി.

**പോരൂർ:** ഇടവകയിൽ സെമിനാറും കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് രൂപീകരണവും നടന്നു. രൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ ക്ലാസ് നയിച്ചു.

**മുതിരേരി:** ഇടവകയിൽ സെമിനാറും കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് രൂപീകരണവും നടന്നു. അഡ്വ. ഗ്ലാസീസ് ചെറിയാൻ ക്ലാസ് നയിച്ചു.

**തവിഞ്ഞാൽ:** ഇടവകയിൽ യൂണിറ്റ് സെമിനാർ നടത്തി. രൂപതാ വൈസ് പ്രസിഡണ്ട് റെനിൽ കഴുതാടിയിൽ സെമിനാറിന് നേതൃത്വം നൽകി.

**പുതിയിടം**: ഇടവകയിൽ സെമിനാർ നടത്തി. യൂണിറ്റ് രൂപീകരിച്ചു. ശ്രീ. റെനിൽ കഴുതാടിയിൽ ക്ലാസ്സ് നയിച്ചു.

**വാളാട്:** ഇടവകയിൽ സെമിനാർ നടത്തി. കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് രൂപീകരിച്ചു. ശ്രീ. റോബി താണിക്കുന്നേൽക്ലാസ് നയിച്ചു.

**മാനന്തവാടി ടൗൺ:** ഇടവകയിൽ സെമിനാറും യൂണിറ്റ് രൂപീകരണവും നടന്നു. ശ്രീ. റോബി താണിക്കുന്നേൽ സെമിനാറിന് നേതൃത്വം നൽകി.

**വനിതാ ഫോറം കൺവീനർ:** മാനന്തവാടി രൂപതയിലെ അഡ്വ. ഗ്ലാഡിസ് ചെറിയാനെ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി വനിതാ ഫോറം കൺവീനറായി നിയമിച്ചു. എല്ലാവിധ വിജയാശംസകളും നേരുന്നു.

**യൂത്ത് കോഡിനേറ്റർ:** കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതയുടെ യൂത്ത് കോഡിനേറ്റർ ആയി കൽപ്പറ്റ ഇടവകയിലെ ഡിന്റോയെ രൂപതാ പ്രവർത്തക സമിതി തെരഞ്ഞെടുത്തു. എല്ലാവിധ ആശംസകളും.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസകീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർത്ഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നതിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal Control System) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICS ൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

കർഷകരുടെ അംഗത്വം പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുമായി സർട്ടിഫിക്കേഷൻ ഏജൻസികൾ നിയോഗിച്ച ഉദ്യോഗസ്ഥർ ഫാർമർ വെരിഫിക്കേഷൻ നടത്തിവരുന്നു.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

**ഫെയർട്രേഡ് ഓഡിറ്റ് പൂർത്തീകരിച്ചു**

WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ വൊഫയുടെയും ബയോവിൻ അഗ്രോ റിസേർച്ചിന്റെയും ഫെയർട്രേഡ് ഓഡിറ്റുകൾ പൂർത്തീകരിച്ചു. ഫ്ലോസെർട്ടിൽ നിന്നും ശ്രീമതി ഷെല്ലി ജോൺ പ്രവർത്തനങ്ങൾ വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**ബയോവിൻ പ്രോസസ്സിംഗ് യൂണിറ്റ് NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

ബയോവിൻ പ്രോസസ്സിംഗ് യൂണിറ്റിന്റെ 2025-26 വർഷത്തെ NPOP ഓഡിറ്റ് പൂർത്തീകരിച്ചു. ലാക്കോൺ ക്വാളിറ്റി സർട്ടിഫിക്കേഷനിൽ നിന്നും കുമാരി ആലോലം പണിക്കർ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, രേഖകൾ പരിശോധിക്കുകയും ചെയ്തു.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

വരുന്ന ഒരു വർഷത്തേക്കുള്ള NPOP സർട്ടിഫിക്കേഷൻ പുതുക്കുന്നതിനായി പടിഞ്ഞാറത്തറ, തൊണ്ടർനാട്, പൊഴുതന, നെന്മേനി, വെള്ളമുണ്ട, ഇടവക, പൂതാടി, പനമരം, ഓവാലി, നെല്ലാക്കോട്ട, ശ്രീമധുരാ എന്നിവിടങ്ങളിലായി 11 ICS കളിൽ ഓഡിറ്റ് പൂർത്തീകരിച്ചു. സർട്ടിഫിക്കേഷൻ ഏജൻസിയായ ഇസ്കോപ്പിൽ നിന്നും ശ്രീ. കൽക്കി രാജ്, ധനേഷ്, ശ്രീ. ലോയ്ഡ് ജോൺസൺ, ശ്രീ. ജ്ഞാനശേഖരൻ എന്നിവർ കൃഷിയിടങ്ങളും രേഖകളും പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**സംഭരണം**

ഫെബ്രുവരി മാസത്തിൽ പദ്ധതിയിലുൾപ്പെട്ട കർഷകരിൽ നിന്നും 110000 കിലോ കാപ്പി 240 രൂപ നിരക്കിൽ സംഭരിച്ചു.

**സിഗ്‌വി സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

മാനന്തവാടി പനമരം ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 വനിതകളെ ചേർത്തുകൊണ്ട് ബയോവിന്നിന്റെ നേതൃത്വത്തിൽ ആരംഭിച്ച സിഗ്‌വിയിലൂടെ (SIGWE - Sustainable Income Generation of Women Entrepreneurs) വനിതകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതോടൊപ്പം ഗുണമേന്മയുള്ള കാർഷികഉൽപ്പങ്ങൾ ഉപയോഗിച്ച് മായം കലരാത്ത ഉത്പ്പന്നങ്ങൾ വിപണിയിൽഎത്തിക്കുക എന്നതു കൂടിയാണ് ബയോവിന്നിന്റെ ലക്ഷ്യം. ബയോവിൻ സഹായത്തോടെ



Scanned with OKEN Scanner

ആരംഭിച്ച സ്വന്തം യൂണിറ്റുകളിൽ ഗുണമേന്മ ഉറപ്പുവരുത്തി സംസ്ക്കരണം നടത്തുന്ന ഉത്പന്നങ്ങൾ ബയോവിന്നിൽ എത്തിച്ച് ചേരുവകൾ കൃത്യമായി യോജിപ്പിച്ചതിനു ശേഷമാണ് വിപണിയിലേക്കെത്തിക്കുന്നതിനുള്ള പാക്കിങ് നടക്കുക. മുഴുവൻ പ്രവർത്തനങ്ങളിലും ക്വാളിറ്റി കൺട്രോൾ മാനേജരുടെ മേൽനോട്ടം ബയോവിൻ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കറി മസാലകളും, കാപ്പി, ചായ പൊടികളും ബ്രേയ്ക്ഫാസ്റ് പൗഡറുകളുമാണ് നിലവിൽ സിഗ്വി ബ്രാൻഡിൽ വിപണനമാരംഭിച്ചിരിക്കുന്നത്. ബയോവിൻ ഫാക്ടറി ഔട്ട്ലെറ്റിൽ ഇവ ലഭ്യമാണ്.

**സിഗ്വി ബസാർ**

സിഗ്വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. ഞായറാഴ്ചകളിൽ സിഗ്വി ബസാറിലൂടെയും, മറ്റുദിവസങ്ങളിൽ പഞ്ചായത്ത്തല വാർഡ് അടിസ്ഥാനത്തിൽ വീട് വീടാന്തരം നേരിട്ട് വിപണനം നടത്തുന്നതുമായിരിക്കും.

**സംസ്കരണം, വിപണനം**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി ജർമ്മനി, ഇറ്റലി, ഫ്രാൻസ്, ബെൽജിയം, പോളണ്ട്, UAE, USA, ന്യൂസിലാൻഡ്, കാനഡ, ഓസ്ട്രേലിയ, സ്പെയിൻ, UK, പോർട്ടുഗൽ, അയർലണ്ട്, ഒമാൻ, ഓസ്ട്രിയ, ടർക്കി, ഡെൻമാർക്ക്, സ്വീഡൻ, നെതർലൻഡ്സ് എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. റഷ്യ, ഉക്രൈൻ, ഈജിപ്ത്, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതുതായി വിപണി കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**പി. എൻ. പണിക്കരുടെ 117–ാം ജന്മദിനാഘോഷം**

പി.എൻ പണിക്കരുടെ 117–ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി മാർച്ച് 1 മുതൽ 7 വരെ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ആഘോഷ പരിപാടികളിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി മുഖ്യാതിഥിയായി പങ്കെടുത്തു. മാർച്ച് 01 സാമൂഹ്യപ്രവർത്തക ദിനമായി ആചരിച്ചു. ഇതിന്റെ ഭാഗമായി കമ്മ്യൂണിറ്റി റേഡിയോകൾക്കുവേണ്ടി നടത്തിയ ശില്പശാലയിലും ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്ത് സംസാരിച്ചു.

**സന്ദർശനം**

ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് മൾട്ടി ടാസ്ക്കിംഗ് സ്റ്റാഫ് ഫൈസൽ കെ. എം. ജനങ്ങൾക്കൊപ്പം എന്ന പ്രോഗ്രാം ചെയ്യുന്നതിനായി വന്നു.

പണിയഭാഷയിൽ തയ്യാറാക്കുന്ന ഡിക്ഷണറിയെക്കുറിച്ച് പ്രോഗ്രാം ചെയ്യുന്നതിന് പി.കെ കാളൻ മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസസിലെ അധ്യാപകൻ ഗിരീഷ് കുമാർ സി വന്നു. അഭിമുഖം റേഡിയോയിൽ പ്രക്ഷേപണം ചെയ്തു.

**ശില്പശാല**

മുട്ടിൽ ഡബ്ല്യൂ.എം.ഒ. ആർട്സ് ആന്റ് സയൻസ് കോളേജ് ജേർണലിസം വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി ഫെബ്രുവരി 25–ന് മാറ്റൊലിയിൽ വെച്ച് ശില്പശാല സംഘടിപ്പിച്ചു. റേഡിയോ പ്രോഗ്രാമുകളുടെ നിർമാണം, അവതരണം, തത്സമയ ഫോൺ ഇൻ പരിപാടികൾ, പൊതുതാല്പര്യ പരസ്യങ്ങൾ, റെക്കോർഡിംഗ്, എഡിറ്റിംഗ് തുടങ്ങിയ വിവിധ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീനം നൽകി. റേഡിയോ മാറ്റൊലി പ്രോഗ്രാം ഡയറക്ടർ ഫാ. ബിവാൾഡിൻ ശില്പശാലയ്ക്ക് നേതൃത്വം നൽകി.

**റംസാൻ മാറ്റൊലി**

ഇസ്ലാം മതവിശ്വാസികളുടെ പുണ്യമാസമായ റംസാനിൽ ഒരുമാസം റംസാൻ മാറ്റൊലി എന്ന പേരിൽ നോമ്പിന്റെ സന്ദേശം പ്രക്ഷേപണം ചെയ്തു.

**ഗ്രാമ മാറ്റൊലി**

പൂതാടിയിൽ ഫെബ്രുവരി 28-ന് ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. മണൽവയൽ ഗ്യാലക്സി ലൈബ്രറിയിൽ സംഘടിപ്പിച്ച പരിപാടിക്ക് റേഡിയോ മാറ്റൊലി പ്രോഗ്രാം ഡയറക്ടർ ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ, എക്സ്പെർട്ട് വൊളണ്ടിയർ കെ.കെ ചന്ദ്രശേഖരൻ എന്നിവർ നേതൃത്വം നൽകി. പ്രോഗ്രാം പ്രൊഡ്യൂസർമാരുടെ നേതൃത്വത്തിൽ വിവിധ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്തു.

**പഠന സന്ദർശനം**

അമ്പലവയൽ കൃഷി വിജ്ഞാനകേന്ദ്രത്തിലെ അഗ്രികൾച്ചറൽ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാർച്ച് 17 -ന് റേഡിയോ മാറ്റൊലി സന്ദർശിച്ചു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

## Mary Matha Arts & Science College

### College Excellence Day

The Excellence Day celebration for the academic year 2025–26 was organized on 3 March 2026. Mar. Jose Porunnedom, Patron of Mary Matha Arts and Science College, was the Chief Guest. He blessed and inaugurated the Mar. Jacob Thoomkuzhy Memorial AI Computer Lab (JTM Lab). **Ms. Nandana Chalil , (BSc Zoology 2022-25)** was awarded the Best Outgoing Student Award.

### KIRF Ranking

Mary Matha Arts and Science College secured the 79th position in the KIRF Ranking, making it the highest KIRF-ranked college in Wayanad District.

### State Award for Best Performance

The NSS Units of Mary Matha Arts and Science College received the State Award for Best Performance in the 2025–26 flagship project "Manasagramam", organized by the Higher Education Department of Kerala.

### PhD in Mathematics

Mr. Ashraf P.A. was awarded a PhD in Mathematics under the guidance of Dr. Sr. Bindhu K. Thomas from Kannur University.

### Certificate of Appreciation

Mary Matha Arts and Science College, Mananthavady, received a Certificate of Appreciation from District Collector R. Mekhshree of Wayanad District for its exemplary work in promoting voter awareness and democratic values through the ELC (Electoral Literacy Club) in the college.

### Inauguration of Model Parliament

Mary Matha College, in association with the Institute of Parliamentary Affairs, organized a Model Parliament Competition on 20 February 2026. Shri O. R. Kelu, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes and Devaswoms of Kerala, was the Chief Guest.

Fr. Francis Njallampuzha Memorial Award for Best College Magazine 2025



Scanned with OKEN Scanner

- First Prize was secured by "Jeernam" from Payyannur College, Payyannur.
- Second Prize was awarded to "........" from Government Medical College, Ernakulam.
- Third Prize was awarded to "Article 39: Isorropia" from Devagiri College, Kozhikode.

**Mary Matha Literature Fest and Management Fest**

- The Departments of Malayalam, English, Hindi, and the College Library organized the Mary Matha Literature Fest from 23 to 25 February 2026.
- The Department of Commerce organized the Management Fest – Kurukshetra 3.0 on 24 February 2026.

**Departments / Clubs Activities**

- Department of Janamaithiri Excise squad in association with Mary Matha Arts and Science College organized an Anti Drug Awareness Magic Show on 27 February 2026.
- Aavaz College Union in association with ED Club organized Food Fest on 16 February 2026.
- PG and Research Department of Computer Science organized a National Workshop on Python and DBMS Programming on 17 February 2026.
- Research Department of Mathematics organized Extension Programme – Each One Teach One on 17 February 2026.
- PG and Research Department of Computer Science organized a Alumni Sponsored programme - Tech Maestro Round 3 : Pattern Prime on 19 February 2026.
- Organized Rs0 to Rs10000 Thinking Challenge - Idea Presentation programme on 19 February 2026.
- Department of Social Science Economics organized a puzzle game – Built the Economy on 19 February 2026.
- NCC Celebrated world Justice Day on 20 February 2026.
- Women Cell in association with Haritha Keralam Mission and Aardram Mission organized a talk on Menstrual Hygiene and Menstrual Cup Usage and Menstrual Cup distribution Programme on 19 February 2026.
- PG and Research Department of Computer Science organized a Two-Day hand on Workshop on Foundations and Advances in AI-ML and NLP on 6 and 7 March 2026.
- PG and Research Department of Computer Science organized



Scanned with OKEN Scanner

a Alumni Sponsored programme - Tech Maestro Round 4 :L Reality Fun on 26 February 2026.

- NCC organized a National Science Day Seminar on 27 February 2026.
- Dance Club organized 'Legacy of Arts' a quiz competition of traditional art forms on 27 February 2026.
- Department of Mathematics organized Interdepartmental competitions Season 02: Event: 06 – Pyramid Puzzle on 27 February 2026.
- Poorva Vidhyarthi Association in association with Jeevas e-Net Janasevana Kendram Dwaraka organized a Pan Card Drive on 17 February 2026.
- NCC in connection with Science Day organized a Science Meme Video Creation Contest on 28 February 2026.
- NCC organized PSC Triumph Talk on 4 March 2026.
- Internal Complaints Committee and Skill Development Centre in association with ASAP and Kerala Police organized Strength in Safety a Self Defence Programme on 5,6 March 2026.
- PG and Research Department of Computer Science organized Communicative Hindi Workshop on 6 March 2026.
- IQAC and Women Cell Jointly organized Women's Day celebration on 8 March 2026. Quiz competition for women and staff and Cookery Show competition for women staff was organized as part of celebration.
- NCC organized farewell party – Ek Aur Bar Fall In on 14 March 2026.
- PG and Research Department of Computer Science organized a Alumni Sponsored programme - Tech Maestro Final Round: Maestro Meet on 14 March 2026.

**Social Outreach Programme**

- PG and Research Department of Computer Science visited Jeevandhara Rehabilitation centre on 27 February 2026.
- Department of Mathematics, Physics and Chemistry visted Emmavus Villa, Thonichal on 27 February 2026.

**Faculty Achievements**

- Mr. Regi Francis successfully defended his PhD thesis titled 'Sustainable Development of Kerala Through Responsible Tourism Mission' at the Department of Commerce, Alagappa University, Tamil Nadu.

- Dr. Rajitha Xavior has been approved as a Research Guide in Commerce at Kannur University.
- Dr. Sr. Elizabeth MJ has been approved as a Research Guide in Computer Science at Kannur University.
- Dr. Sijo AK, Department of Physics published an article titled 'Enhancing Solar Energy Efficiency : Optimising CTS/ZnO Hetero-Junction Solar Cells for Enhanced Energy conservation' in the journal Physica Scripta (IOP Publishing), indexed in Web of Science and Scopus with an impact factor of 2.6.
- Dr. Sijo AK, Department of Physics published an article titled 'Tailoring Magnetic Properties of CoNi-Ferrite/SiO2 Nanocomposite' in the journal Discover Electronics (Springer Nature), indexed in Web of Science and Scopus

**Student/Alumni Achievements**

- Ex. CQMS Sachin KS (NCC 2017-2020) got appointed as Fire and Rescue Officer.
- L/CPL Shyam Prasad successfully completed army attachment camp held at Madras Regiment Trivandrum , 9 to 19 February 2026.
- Ms. Shyama P, II BA Functional English has been selected as the First Recipient of the Mary Matha Alumni Excellence Award instituted by Poorva Vidhyarthi Association for outstanding performance in curricular and co-curricular activities during the years 2023-26.
- Ms. Namritha S, III BSc Mathematics secured Kalathilakam in Aaravam 2026- College Arts Festival of the year 2025-26.
- Ms,. Akhila PA, III BSc Mathematics Received Dr. Pamy Sebastian Endowment Scholarship instituted for the third year UG students of Department of Mathematics for perusing Higher Education.
- Ms. Nayana K and Ms. Anaswara Ramakrishnan (MSc CS batch: 2024-26) got placed at Mojgenie Solutions Private Limited.
- Ms. Devananda KS, III BSc Chemistry cleared Fortune IAS Talent Hunt Stage I Examination.
- L/CPL Surya KS and L/CPL Aein Rose Jobin has successfully completed army attachment camp held at 6 GARH RIF, Pangode Trivandrum from 3 to 12 March 2026.

**Prof. Thomas Monoth**
Principal

## ഫെഡാർ ഫൗണ്ടേഷൻ

**ജർമൻ പ്രോഗ്രാം**

കഴിഞ്ഞ ആഴ്ചകളിൽ വന്ന റിസൾട്ടുകളിൽ 12 നഴ്സുമാരും 6 മറ്റ് വിദ്യാർത്ഥികളും B2 ഫുൾ മൊഡ്യൂൾ പാസായി. നഴ്സിംഗ് ബാച്ചിലെ തന്നെ 9 വിദ്യാർത്ഥികൾ 3 മൊഡ്യുളുകളും പാസായി. പുതിയ ബാച്ചുകൾ കുഞ്ഞോം ക്യാമ്പസിൽ ഏപ്രിൽ 12-നും കാട്ടിക്കുളം ക്യാമ്പസിൽ ഏപ്രിൽ 19-നും ന്യൂമാൻസ് ക്യാമ്പസിൽ ഏപ്രിൽ അവസാനത്തോടെയും ആരംഭിക്കുന്നതാണ്. അഡ്മിഷ്നും അന്വേഷണങ്ങൾക്കുമായി വിളിക്കുക: ഫാ. റിൻസൺ നെല്ലിമലയിൽ 6238862380, 6235372134

**ഫെഡാർ കണക്ട്**

കർണാടകയിൽ നഴ്സിംഗ് പഠനം ആഗ്രഹിക്കുന്ന കുട്ടികൾക്ക് ഫെഡാർ ഫൗണ്ടേഷൻ നടത്തുന്ന പേഴ്സണൽ മെന്ററിംഗ് സംവിധാനത്തിൽ പഠിക്കുവാൻ അവസരം ഒരുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക 6238862380.

**റെസിഡൻഷ്യൽ സ്കൂൾ**

പ്ലസ് വൺ വിദ്യാർത്ഥികളുടെ വേനലവധി മാർച്ച് 28 മുതൽ ആരംഭിച്ചു. വരുന്ന അധ്യയന വർഷം മുതൽ സയൻസ് ബാച്ചിനു പുറമേ കമ്പ്യൂട്ടർ സയൻസ്, കൊമേഴ്സ് ബാച്ചുകളും ആരംഭിക്കുന്നു. അഡ്മിഷനും അന്വേഷണങ്ങൾക്കുമായി വിളിക്കുക ഫാ. അരുൺ മഠത്തിപറമ്പിൽ 8848729103, ഷിബു പി. യു. 9447922211

**TECLESIA**

**ടെക്ലേസിയ (Teclesia) ചർച്ച് മാനേജ്മെന്റ് സിസ്റ്റം: ഒരു വിശദീകരണം**

നമ്മുടെ രൂപതയിലെയും ഇടവകയിലെയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഡിജിറ്റലുമാക്കുന്നതിനായി 2021 മുതൽ പ്രവർത്തനം ആരംഭിച്ച സോഫ്റ്റ്വെയർ സംവിധാനമാണ് ടെക്ലേസിയ. ഇടവകാംഗങ്ങളുടെ വിവരങ്ങൾ കൃത്യമായി സൂക്ഷി

ക്കാനും, സർട്ടിഫിക്കറ്റുകൾ വേഗത്തിൽ വിതരണം ചെയ്യാനും, സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിക്കാനുമാണ് ഇത് വികസിപ്പിച്ചെടുത്തത്.

**പ്രധാന വിവരങ്ങൾ**

**സേവനങ്ങൾ:** 2023 മുതൽ തന്നെ ഈ സംവിധാനം നമ്മുടെ ഇടവകയിൽ ലഭ്യമാണ്. കുട്ടികളുടെ മതബോധന രജിസ്ട്രേഷൻ, പരീക്ഷകൾ, മിഷൻ ലീഗ്, KCYM തുടങ്ങിയ സംഘടനകളുടെ പ്രവർത്തനങ്ങൾ എന്നിവ ഇപ്പോൾ ടെക്ലേസിയ വഴിയാണ് നടന്നു വരുന്നത്.

**നിർമ്മാണ ചിലവ്:** ഏകദേശം 25 ലക്ഷം രൂപയോളം ചിലവാക്കി രൂപത വികസിപ്പിച്ചെടുത്ത ഈ പ്ലാറ്റ്ഫോമിന്റെ ചിലവ്, ഇടവകയിലെ കുടുംബങ്ങളുടെ എണ്ണം അനുസരിച്ചാണ് ഓരോ പള്ളിയും പങ്കിടുന്നത്.

**വാർഷിക പരിപാലന തുക (AMC):** സോഫ്റ്റ്വെയർ കൃത്യമായി പ്രവർത്തിപ്പിക്കുന്നതിനും അതിന് പിന്നിൽ പ്രവർത്തിക്കുന്ന സാങ്കേതിക പ്രവർത്തകർക്ക് ശമ്പളം നൽകുന്നതിനുമായി എല്ലാ വർഷവും ഒരു നിശ്ചിത തുക (AMC) ഓരോ ഇടവകയും നൽകേണ്ടതുണ്ട്. നമ്മുടെ ഇടവകയിൽ നിന്ന് ഈ ഇനത്തിൽ ആപ്ലിക്കേഷൻ ഫീസും, കഴിഞ്ഞ രണ്ട് വർഷങ്ങളിലെ (2024-25, 2025-26) മെയിന്റനൻസ് തുകയുമാണ് നൽകാനുള്ളത്. സഭയുടെ ആധുനികവൽക്കരണത്തിനും സുതാര്യമായ ഭരണക്രമത്തിനുമായി നടപ്പിലാക്കിയ ഈ സംവിധാനത്തെ സഹകരണത്തോടെ വിജയിപ്പിക്കാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

**ശ്രദ്ധിക്കുക:** ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് ടെക്ലേസിയ പ്രോഗ്രാം കോർഡിനേറ്ററുമായി (ഫാ. ലൂയിസ് തുരുത്തിയിൽ) 8289862550 ബന്ധപ്പെടാവുന്നതാണ്.

**ഫാ. അരുൺ മഠത്തിപ്പറമ്പിൽ**
ജി. എം. ഫെഡാർ ഫൗണ്ടേഷൻ

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

2025-26 അധ്യയനവർഷം സമാപിക്കുമ്പോൾ മാനന്തവാടി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങൾ അക്കാദമികവും അക്കാദമികേതരവുമായ നേട്ടങ്ങളാലും മികവുകളാലും മുന്നേറുകയാണ്. ഉപജില്ലാ ജില്ലാ സംസ്ഥാന തലങ്ങളിൽ മികവുകൾ സൃഷ്ടിക്കാൻ വിദ്യാർത്ഥികളെ പര്യാപ്തരാക്കിയ അധ്യാപകഗണത്തിന് അഭിനന്ദനങ്ങൾ.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എൽ പി സ്കൂൾ ആടിക്കൊല്ലി**

യു. കെ. ജി. വിദ്യാർത്ഥികളുടെ കോൺവൊക്കേഷനും സർട്ടിഫിക്കറ്റ് വിതരണവും സംഘടിപ്പിച്ചു.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

കുട്ടികളുടെ സമ്പാദ്യപദ്ധതി  സഞ്ചയിക ആരംഭിച്ചു. മലയാളമനോരമ  നല്ല പാഠംപ്രവർത്തനങ്ങൾക്ക് A ഗ്രേഡ് ലഭിച്ചു. സബ്ജില്ല കായിക മേളയിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥിയെ അനുമോദിച്ചു. പച്ചക്കറികൾ, വാഴ എന്നിവ നടാനായി സ്കൂൾ അടുക്കളതോട്ടം നവീകരിച്ചു. മാതൃഭൂമി പത്രത്തിന്റെ സീഡ് പ്രവർത്തനങ്ങൾക്കുള്ള ഹരിതമുകുളം പ്രോത്സാഹന സമ്മാനം ലഭിച്ചു.

**III സെന്റ്. മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

കോർണർ പി. ടി. എ. സംഘടിപ്പിച്ചു.

**IV സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

ഗോത്ര ഫെസ്റ്റ് സംഘടിപ്പിച്ചു. സ്കൂൾ വാർഷികം ആഘോഷിച്ചു. വിദ്യാർത്ഥികളുടെ ഭവന സന്ദർശനം നടന്നുവരുന്നു. LSS പരിശീലനം നൽകി കുട്ടികളെ പരീക്ഷയിൽ പങ്കെടുപ്പിച്ചു.

**V സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

ലോക മാതൃഭാഷാ ദിനം ആചരിച്ചു. ഈ അധ്യയന വർഷം പഠനമികവ് പുലർത്തിയ പ്രീപ്രൈമറി വിഭാഗം കുട്ടികളെ ആദരിച്ചു. സിദ്ധ മെഡിക്കൽ ഡിസ്പെൻസറിയുടെ നേതൃത്വത്തിൽ പ്രാണ പദ്ധതിക്ക് വിദ്യാലയത്തിൽ തുടക്കം കുറിച്ചു.

**VI സെന്റ് സെബാസ്ററ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

പി.റ്റി.എ എക്സിക്യൂട്ടീവ് നടന്നു. സ്കൂൾ പഠനോത്സവം നടത്തി.

**VII എ. എൽ. പി. സ്കൂൾ കണിയാരം**

സി. എം. കിഡ്സ് സ്കോളർഷിപ്പ് പരീക്ഷയിൽ 9 കുട്ടികൾ പങ്കെടുത്തു. പുത്തൻപുര, ഗോദാവരി, കുറ്റിമൂല, തുടങ്ങി സ്കൂളിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് പ്രാദേശിക പി ടി എ യോഗങ്ങൾ നടന്നു. രക്ഷിതാക്കളുടെയും കുട്ടികളുടെയും സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. ഫെബ്രുവരി മാസം പിറന്നാൾ ആഘോഷിച്ച കുട്ടികളെ ഒരുമിച്ച് ചേർത്ത് സ്കൂളിൽ പിറന്നാൾ ആഘോഷം നടത്തി.

**VIII സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി.

**IX നിർമല എൽ. പി. സ്കൂൾ ആലാറ്റിൽ**

സ്കൂൾ വാർഷികം ആഘോഷിച്ചു. 28 വർഷത്തെ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിക്കുന്ന ഹെഡ്മിസ്ട്രസ് ശ്രീമതി ഗ്രേസി വി. എസിനുള്ള യാത്രയയപ്പ് നൽകി. സ്കൂൾ പാർക്ക് ഉദ്ഘാടനം ചെയ്തു. വസ്ത്രശേഖരണം നടത്തി. പഞ്ചായത്തുതല ഗോത്ര ഫെസ്റ്റിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. സബ് ജില്ലാ കായികമേളയിൽ മികച്ച പ്രകടനം കാഴ്ചവച്ചു. പിറന്നാൾ ആഘോഷം സംഘടിപ്പിച്ചു.

**X സി. കെ. എൽ. പി. എസ്. മണിമൂളി**

വിദ്യാർത്ഥികൾക്കായി ഗണിത ക്യാമ്പ് നടത്തി.

**XI സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ**

സ്കൂൾ വാർഷികാഘോഷവും യാത്രയയപ്പ് പരിപാടികളും സംഘടിപ്പിച്ചു. നാലു സ്ഥലങ്ങളിലായി കോർണർ പി.ടി. എ. കൾ നടത്തി. ദേശജ്യോതി 2k26 മെഗാ ഫൈനൽ ക്വിസ് മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. ഉപജില്ലാതലത്തിൽ നടത്തപ്പെട്ട അധ്യാപകരുടെ മികവ് അവതരണത്തിൽ ഷെല്ലി മോൾ ടീച്ചർ ഒന്നാം സ്ഥാനവും ജില്ലാതലത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വിജയോത്സവം നടത്തി. നല്ലപാഠം പ്രവർത്തനങ്ങൾക്ക് എ പ്ലസ് ഗ്രേഡ് ലഭിച്ചു

**XII സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

ഒരുക്കം: വാർഷിക പരീക്ഷയോടനുബന്ധിച്ച് പാഠഭാഗങ്ങൾ റിവിഷൻ നടത്തിവരുന്നു. എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു എന്ന പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ



Scanned with OKEN Scanner

നടത്തി വരുന്നു. ഇതിന്റെ ഭാഗമായി ലഞ്ച് ബ്രേക്ക് സമയം കുട്ടികൾക്ക് ലൈബ്രറി പുസ്തകം നൽകി ഉറക്കെ വായിക്കാൻ പ്രോത്സാഹനം നൽകുന്നു.

**XIII സെന്റ് ജോർജ് എൽ. പി. സ്കൂൾ കൊളവയൽ**

സ്കൂളിന്റെ സുവർണ ജൂബിലി സമാപനത്തോടനുബന്ധിച്ചു സ്കൂൾ വാർഷികം നടത്തി.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. കൗമാരം വിജയകരമാക്കാം എന്ന പേരിൽ സെമിനാർ സംഘടിപ്പിച്ചു. ലോക മാതൃഭാഷാ ദിനം വിവിധ പരിപാടികളോടുകൂടി സംഘടിപ്പിച്ചു. സംസ്ഥാനതല ഉറുദു ടാലന്റ് മീറ്റിൽ വിജയം നേടി. ശ്രദ്ധ, എല്ലാവരും എഴുതുന്നു വായിക്കുന്നു എന്നീ പദ്ധതികളുടെ സമാപനം കുട്ടികൾക്കായി ശില്പശാലയിലൂടെ സംഘടിപ്പിച്ചു. സ്കൂൾതല പഠനോത്സവം നടത്തി. വയലിൻ കീബോർഡ് ശില്പശാല സംഘടിപ്പിച്ചു. JRC കുട്ടികളുടെ സ്കാർഫിംഗ് സെറിമണി നടത്തി. ഇൻസ്പെയർ അവാർഡ് ലഭിച്ചു.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

വയനാട് വിദ്യാഭ്യാസ ജില്ലയിൽ ഹരിത വിദ്യാലയം പുരസ്കാരം വിദ്യാലയത്തിന് ലഭിച്ചു.മലയാള മനോരമ നല്ലപാഠം പ്രവർത്തനങ്ങൾക്ക് A+ ലഭിച്ചു. സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയിൽ 100% വിജയം കൈവരിച്ചു. കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് നടത്തിയ ദേശജ്യോതി ക്വിസ് മത്സരത്തിൽ വിദ്യാലയത്തിന് രണ്ടാം സ്ഥാനം ലഭിച്ചു.

**III സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

ഗോത്ര ഫെസ്റ്റ് നടത്തി. ഇക്കോ സെൻസ് സ്കോളർഷിപ്പ് നേടുകയും പഞ്ചായത്ത്തലത്തിൽ സ്കൂളിന് രണ്ടാം സ്ഥാനം ലഭിക്കുകയും ചെയ്തു. നല്ലപാഠം പ്രവർത്തനങ്ങൾക്ക് എ ഗ്രേഡ് കരസ്ഥമാക്കി. സംസ്കൃതം സ്കോളർഷിപ്പിന് വിദ്യാർത്ഥികൾ അർഹരായി. സംസ്ഥാനതല ഉറുദു ടാലന്റ് മീറ്റിൽ സ്കോളർഷിപ്പ് നേടി.

**IV സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

അൽ മാഹിർ അറബിക് ടാലന്റ് ടെസ്റ്റിൽ വിജയം നേടി. അല്ലാമ ഇക്ബാൽ ഉറുദു ടാലന്റ് ടെസ്റ്റിൽ വിജയികളായി. വിദ്യാർഥികൾക്കായി പ്ലാനറ്റേറിയം VR ഷോ സംഘടിപ്പിച്ചു. ജലശുദ്ധീകരണ പ്ലാൻറ് സന്ദർശിച്ചു. നല്ലപാഠം പ്രവർത്തകരുടെ നേതൃത്വത്തിൽ സ്കൂളിലെ പാചക തൊഴിലാളികളെ ആദരിച്ചു.



Scanned with OKEN Scanner

**V എ. യു. പി. സ്കൂൾ ദ്വാരക**

വയനാട് ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ നേതൃത്വത്തിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ്സ് നടത്തി. ഇൻസ്പെയർ അവാർഡ് ലഭിച്ചു. സഞ്ചയിക പദ്ധതിയിൽ ഏറ്റവും കൂടുതൽ തുക നിക്ഷേപിച്ച് ജില്ലാതലത്തിൽ വിദ്യാലയം ഒന്നാം സ്ഥാനം നേടി.

**VI സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

2025-26 അധ്യയന വർഷത്തെ സംസ്കൃതം സ്കോളർഷിപ്പ് വിദ്യാലയത്തിലെ LP വിഭാഗത്തിൽ നിന്നും അഞ്ച് കുട്ടികൾ കര സ്ഥമാക്കി. അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ ഭാഗമായി എല്ലാ കുട്ടികളും ലോക പ്രശസ്തരായ രണ്ട് വനിതകളെ കുറിച്ച് കുറിപ്പ് തയ്യാറാക്കി. വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് ഇക്കോ സെൻസ് സ്കോളർഷിപ്പിൽ വിദ്യാലയത്തിൽ നിന്നും അഞ്ച് വിദ്യാർഥികൾ പങ്കെടുക്കുകയും 4 വിദ്യാർഥികൾ സർട്ടിഫിക്കറ്റും ക്യാഷ് പ്രൈസും കരസ്ഥമാക്കുകയും ചെയ്തു.

**VII സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

നിയമ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഫുട്ബോൾ ടൂർണമെന്റ് നടത്തി.അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**VIII സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

സ്കൂൾ വാർഷികാഘോഷവും ഭിന്നശേഷി ടോയ്ലറ്റ് വാഷ് ഏരിയ എന്നിവയുടെ ഉദ്ഘാടനവും നടന്നു. വിവിധ സ്കോളർ ഷിപ്പ് പരീക്ഷകൾക്ക് പരിശീലനം നൽകി കുട്ടികളെ പങ്കെടുപ്പിച്ചു.

**IX സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

സ്കൂൾ വാർഷികം സംഘടിപ്പിച്ചു. പേവിഷബാധക്കെതി രെയുള്ള ബോധവൽക്കരണ ക്ലാസ് നൽകി. എൽ. എസ്. എസ്. പരീക്ഷയെഴുതുന്ന കുട്ടികൾക്കായി സ്പെഷ്യൽ ക്ലാസുകൾ സംഘ ടിപ്പിച്ചു. അൽ മാഹിർ അറബി ടാലന്റ് ടെസ്റ്റിൽ വിദ്യാർഥികൾ മികച്ച വിജയം നേടി. അഖിലകേരള ബാലജനസഖ്യം സംഘ ടിപ്പിച്ച ജില്ലാ നഴ്സറി കലോത്സവത്തിൽ കുട്ടികൾ വിജയം കരസ്ഥ മാക്കി. ഉദയ വായനശാലയുടെ നേതൃത്വത്തിൽ നടന്ന അക്ഷര കരോൾ പരിപാടിയിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ നടന്ന ദേശ ജ്യോതി ക്വിസ് മെഗാ ഫൈനലിൽ യു. പി വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടി.

**X സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

ജൈവ വൈവിധ്യ പാർക്ക് നിർമിച്ചു. വിദ്യാർത്ഥികൾക്കായി

പഠന യാത്ര നടത്തി. യു.പി വിഭാഗം കുട്ടികൾ സംസ്കൃതം സ്കോളർഷിപ്പിൽ നൂറു ശതമാനം വിജയം കരസ്ഥമാക്കി.

**XI സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തുതലത്തിൽ നടത്തിയ ഹരിതസേന സ്കോളർഷിപ്പിൽ മൂന്നാം സ്ഥാനം ലഭിച്ചു.

**XII അമ്പായത്തോട് യു. പി. സ്കൂൾ**

പഞ്ചായത്തുതല ഹരിതസേന സ്കോളർഷിപ്പിന് വിദ്യാർത്ഥികൾ അർഹരായി. വായനശാലയുടെ നേതൃത്വത്തിൽ നടത്തിയ ക്വിസ് മത്സരത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടി.

**XIII സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയ സംസ്കൃതം സ്കോളർഷിപ്പിൽ വിദ്യാർത്ഥികൾ 100% വിജയം കൈവരിച്ചു. സംസ്ഥാനതലത്തിൽ നടത്തിയ ഉറുദു ടാലൻറ് സെർച്ച് എക്സാമിനേഷനിലും 100% വിജയം കൈവരിച്ചു. ഇന്റർ ക്ലാസ്സ് ഫുട്ബോൾ മത്സരം നടത്തി. ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്കായി ദ്വിദിന സഹവാസ ക്യാമ്പ് നടത്തി.

**XIV സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

സ്കൂൾ വാർഷികവും സുവർണ ജൂബിലി സമാപനവും അത്യുജ്ജ്വലമായി കൊണ്ടാടി. സ്കൂളിലെ നല്ല പാഠം യൂണിറ്റ് എ ഗ്രേഡ് കരസ്ഥമാക്കി. വിദ്യാർത്ഥി ഹരിതസേനാ സ്കോളർഷിപ്പ് നാലു വിദ്യാർത്ഥികൾ കരസ്ഥമാക്കി.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

ലിറ്റിൽ കൈറ്റ്സ് ജില്ല ക്യാമ്പിൽ നിന്നും സംസ്ഥാനതല ക്യാമ്പിലേക്ക് 8 വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനതല ഉറുദു ടാലന്റ് മീറ്റിൽ വിജയം നേടി. സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയിൽ മികച്ച വിജയം നേടി.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

എസ്. എസ്. എൽ. സി. പരീക്ഷ എഴുതുന്ന എസ്. ടി. വിഭാഗം കുട്ടികൾക്കായി സഹവാസക്യാമ്പ് ആരംഭിച്ചു. ദേശജ്യോതി ക്വിസ് മത്സരത്തിൽ എൽ.പി. വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ യു.പി. വിഭാഗത്തിൽ നിന്ന് മൂന്ന് വിദ്യാർത്ഥികളും ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് ആറ് കുട്ടികളും സ്കോളർഷിപ്പിന് അർഹത നേടി. STEPS പരീക്ഷയിൽ സംസ്ഥാനതലത്തിലേക്ക് അർഹത നേടി.

**III സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

SSLC പരീക്ഷക്ക് ഒരുക്കമായി സ്മൈൽ മോഡൽ പരീക്ഷ നടത്തി. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. പഞ്ചായത്തുതല ഹരിത സേനാ ഇക്കോ സെൻസ് സ്കോളർഷിപ്പിന് 7 കുട്ടികൾ അർഹരായി.

**IV അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

പരിസ്ഥിതി സഹവാസ ക്യാമ്പിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. സ്കൗട്ട് ആൻഡ് ഗൈഡ്സ് വിദ്യാർത്ഥികൾക്കായി ഇൻവെസ്റ്റീച്ചർ സെറിമണി സംഘടിപ്പിച്ചു. സ്കൗട്ട് പ്രസ്ഥാനത്തിന്റെ പരമോന്നത ബഹുമതിയായ ഹിമാലയൻ വുഡ് ബാഡ്ജ് അദ്ധ്യാപകന് ലഭിച്ചു. ആറ് വിദ്യാർഥികൾക്ക് മുൻസിപ്പാലിറ്റി ഹരിത സ്കോളർഷിപ്പ് പുരസ്കാരം ലഭിച്ചു. രക്ഷിതാക്കൾക്കായി ആർട്ടിഫിഷ്യൽ ഇൻറലിജൻസ് എന്ന വിഷയത്തിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. ജില്ലാതലത്തിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് മൂന്നാം സ്ഥാനം ലഭിച്ചു.

**V നിർമല ഹൈസ്കൂൾ കബനിഗിരി**

ഗോത്രവിഭാഗം വിദ്യാർത്ഥികൾക്കായി സഹവാസ ക്ലാസ് നടത്തി. പത്താം ക്ലാസിലെ എല്ലാ വിദ്യാർത്ഥികൾക്കും മോട്ടിവേഷൻ ക്ലാസ് നൽകി.

**VI സി. കെ. എച്ച്. എസ് മണിമൂളി**

മോഡൽ പരീക്ഷയുടെ അവലോകനാടിസ്ഥാനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക റെമഡിയൽ കോച്ചിംഗ് നൽകി. യു. പി. വിഭാഗത്തിന് പഠനോൽസവം, സൗഹൃദ ഫുട്ബോൾ മത്സരം എന്നിവ നടത്തി. അടുത്ത അധ്യയന വർഷത്തേക്കുള്ള അഡ്മിഷനുമായി ബന്ധപ്പെട്ട ഫീൽഡ് വർക്കുകൾക്ക് തുടക്കമിട്ടു.

**VII ഐ. ജെ. എം. എച്ച്. എസ്. കൊട്ടിയൂർ**

കണ്ണൂർ ജില്ല ആർച്ചറി ചാമ്പ്യൻഷിപ്പിൽ ഗോൾഡ് മെഡൽ, നാഷണൽ ഇൻസ്പെയർ അവാർഡ് എന്നിവ കരസ്ഥമാക്കി. ഇരിട്ടി സബ്ജില്ലയിലെ ഏറ്റവും നല്ല ലിറ്റിൽകൈറ്റ്സ് യൂണിറ്റായി തിരഞ്ഞെടുക്കപ്പെട്ടു. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ രക്ഷിതാക്കൾക്കായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ബോധവത്ക്കരണ ക്ലാസ്സ് നടത്തി. കൊട്ടിയൂർ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തിയ വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പിൽ പ്രശംസാപത്രവും സ്കോളർഷിപ്പും കരസ്ഥമാക്കി.

**VIII ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

നാഷണൽ സ്കൂൾ സ്പോർട്സിൽ റെസ്‌ലിംഗ് വെങ്കല മെഡൽ ജേതാവായ വിദ്യാർത്ഥിയെ ആദരിച്ചു.

**IX സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

സംസ്കൃത സ്കോളർഷിപ്പിൽ ആറു കുട്ടികൾ മികവ് തെളിയിച്ചു. സംസ്ഥാനതല അബാക്കസ് പരീക്ഷയിൽ വിദ്യാർത്ഥികൾ ഒന്നാം റാങ്ക് കരസ്ഥമാക്കി. ദേശജ്യോതി ക്വിസ് മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

പരീക്ഷ ഒരുക്കമായി പ്രത്യേകം ക്ലാസ്സുകളും ക്യാമ്പും നടത്തി. രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് സെന്റ് ഓഫ് നൽകി. ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്നവരെ ആദരിച്ചു.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

ദേശജ്യോതി ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. സ്കൂൾ ഹരിതസേന പ്രവർത്തനങ്ങളുടെ ഭാഗമായി കൊട്ടിയൂർ പഞ്ചായത്തിൽ ഹരിത സേന സ്കോളർഷിപ്പ് ഇക്കോ സെൻസ്, ശുചിത്വ പഠനോത്സവവും റിപ്പോർട്ട് അവതരണവും നടത്തി.

**III ഫാ. ജി. കെ. എം. ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

തദ്ദേശസ്വയംഭരണ വകുപ്പ് പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളിൽ വായന ഒരുസംസ്കാരമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ അക്ഷരോന്നതി എന്ന പേരിൽ സംഘടിപ്പിക്കുന്ന പുസ്തകശേഖരത്തിലേക്ക് നമ്മുടെ വിദ്യാലയത്തിൽ നിന്ന് NSS വോളന്റിയേഴ്സ് ശേഖരിച്ച നൂറോളം പുസ്തകങ്ങൾ കൈമാറി.

**IV സി. കെ. എച്ച്. എസ്. എസ് മണിമൂളി**

പരീക്ഷാ ഭീതി മാറാനും പഠന താത്പ്പര്യം വർദ്ധിക്കാനുമായി മോട്ടിവേഷൻ ക്ലാസ് നടത്തി. Badminton Court നിർമ്മിച്ചു. കുട്ടികളിൽ വായനശീലം വളർത്തുവാനായി Reading Corner നിർമിച്ചു.

**V സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

മോഡൽ പരീക്ഷ കാര്യക്ഷമമായി നടത്തി. അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള പൈലറ്റ് പ്ലാൻ തയ്യാറാക്കി.

സന്തോഷകരമായ വേനലവധിക്കാലം ഏവർക്കും ആശംസിക്കുന്നു.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ



Scanned with OKEN Scanner



## Bishop's Programme

***April 2026***

*02 Thursday: .................... Cathedral: Maundy Thursday*
*03 Friday: ......................... Cathedral: Good Friday*
*04 Saturday: Evening:....... Cathedral: Easter*
*05 Sunday: ........................ Out of Station*
*06 Mon- 07 Tue: ............... Kannur: North Malabar Bishop's Meet*
*08 Wednesday: ................. Mele Chovva: First Communion*
*09 Thursday: Morning:..... Voting*
*Afternoon:.... Valavayal: CMI Synaxis*
*11 Saturday: ..................... Engaged*
*12 Sunday: ........................ Out of Station*
*13 Monday: Morning: ...... Arulnilayam: First Communion*
*Evening: ........ Vimalagiri (Puthurvayal): First Communion & Blessing of Hall*
*18 Saturday: ..................... Thamarassery: Ruby Jubilee of Eparchy*
*19 Sun- 22 Wed: .............. Major Seminarians' Gathering*
*19 Sunday: .................... Bathery: First Communion*
*20 Monday: Morning: ...... Dwaraka: SABS Sisters' Golden Jubilee*
*Afternoon: ..... Engaged*
*23 Thu- May 03 Sun: ........ Kuwait*


***May 2026***

*06 Wednesday: ................. Ambalavayal: Blessing of church*
*07 Thursday: .................... Valad: First Communion*
*09 Saturday: ..................... Minor Seminary: Vestition of Major Seminarians*
*Dwaraka: Sadgamaya*
*12 Tuesday: ...................... Minor Seminary: Interview*
*13 Wednesday: ................. Nadavayal: Jubilee of CMC sisters*
*16 Saturday: ..................... Deepthi Bhavan: Jubilee of FCC Sisters*
*17 Sunday: ....................... Cathedral: First Communion*
*18 Monday: ...................... Marakkadavu: First Communion*
*19 Tuesday: ...................... Kozhikode: Jubilee of SKD Sisters*
*20 Wednesday: ................. Dwaraka: Marian Singles Meet*
*23 Saturday: ..................... Vincentgiri: First Profession and Jubilee of SCV Sisters*
*30 Saturday: ..................... Dwaraka: Religious Local Superiors' Meet*



Scanned with OKEN Scanner

# Auxiliary Bishop's Programme



***April 2026***

| | |
|---|---|
| *02 Thursday: ..................* | *Valad: Maundy Thursday* |
| *03 Friday: .......................* | *Kurumbala: Good Friday* |
| *04 Saturday: Morning: ...* | *Mangalassery: Holy Mass* |
| *Evening: .....* | *Pattanikoop: Easter* |
| *06 Mon-7 Tue: ..............* | *Kannur: North Malabar Bishops' Meet* |
| *08 Wednesday: .............* | *Kadalmadu: Ordination of Dn Christy James SDB* |
| *09 Thursday: ..................* | *Voting* |
| *11 Saturday: ...................* | *Nilambur: First Communion* |
| *12 Sunday: .....................* | *Kenichira: Pastoral Visit* |
| *13 Monday: ...................* | *Engaged* |
| *14 Tuesday: ....................* | *Hinkal: Silver Jubilee of the Parish* |
| *15 Wednesday: ...............* | *Dwaraka: Diocesan Mission League Annual Celebration* |
| *16 Thursday: ..................* | *Kunnoth: St. Jude's Shrine: Holy Mass* |
| *18 Saturday: ..................* | *Thamarassery: Ruby Jubilee of the Eparchy* |
| *19 Sun-22 Wed: .............* | *Major Seminarians Gathering* |
| *19 Sunday: .....................* | *Palankara: Pastoral Visit* |
| *20 Mon- May 2 Sat: .......* | *Auditing* |
| *25 Saturday: ..................* | *Dwaraka: Profession and Jubilee of SH Sisters* |
| *26 Sunday: .....................* | *Kalpetta: Pastoral Visit* |

***May 2026***

| | |
|---|---|
| *01Fri-03 Sun: ....................* | *Muringur: KCBC Charismatic Jubilee Conclusion* |
| *05 Tuesday: ..................* | *Nellikkutty: MSMI Jubilee Mass* |
| *07 Thursday: Afternoon:..* | *Engaged* |
| *09 Saturday: ..................* | *Dwaraka: Sadgamaya* |
| *10 Sunday: ......................* | *Arattuthara: Pastoral Visit* |
| *12 Tuesday: ....................* | *Minor Seminary: Interview* |
| *16 Saturday: Morning: ...* | *Kayyunni: First Communion and Inauguration of Parish Jubilee* |
| *Evening: ....* | *Ambalavayal: Festal Mass* |
| *19 Tuesday: ....................* | *Edappally: Diaconate and Minor Orders of Vincentians* |
| *24 Sunday: ......................* | *Kammana: Inauguration of Parish Golden Jubilee* |
| *30 Saturday: ...................* | *Dwaraka: Religious Local Superiors' Meet* |



Scanned with OKEN Scanner